Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 ഒക്ടോബർ 19—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് എറണാകുളം 1131 തുലാം 2 | ലക്കം 11

## മിഷ്യൻ സൺഡേ

[റവ. അബ്രാഹം പാലക്കുടി, മദ്രാസ്]

മിഷൻ സൺഡേ—പ്രേഷിതപ്രേമികളുടെ ഹൃദയങ്ങളിൽ കോരിത്തരിപ്പുളവാക്കുന്ന സുദിനം. മതചൈതന്യവും ത്യാഗസന്നദ്ധതയും നിറഞ്ഞ കത്തോലിക്കാ യുവതീയുവാക്കന്മാരുടെ പ്രവർത്തനരംഗങ്ങളിലും സമ്മേളനശാലകളിലും ഇന്നു തിരതല്ലുന്ന പ്രേഷിതപ്രകർഷം എത്രയെത്ര ഹൃദയങ്ങളെ ആദർശസമ്പൂർണ്ണങ്ങളാക്കും; കർമ്മനിരതമാക്കും. നാടും വീടും വിട്ട് വിദേശങ്ങളിലെത്തി ആത്മരക്ഷാർത്ഥം അത്യദ്ധ്വാനം ചെയ്യുന്ന ക്രിസ്തുവിൻെറ ധീരയോദ്ധാക്കളായ മിഷനറിമാരുടെ ക്ഷീണിച്ച ഹൃദയങ്ങളിൽ നവംനവങ്ങളായ പ്രതീക്ഷകൾ ഇന്നു ഉദിച്ചുയരും. അവക്കറിയാം മിഷൻസംരംഭങ്ങളിൽ ബദ്ധശ്രദ്ധരായ അനേകായിരം കൊച്ചു പ്രേഷിതരുടെ സ്നേഹവും ത്യാഗവും ഇന്നു സ്വർഗ്ഗം തുളച്ചുകയറുമെന്നും, കൃപാവരങ്ങളുടെ സമൃദ്ധമായ വർഷനിപാതം തങ്ങളുടേയും തങ്ങളുടെ പ്രവർത്തനങ്ങളുടേയും മേൽ ഉണ്ടാകുമെന്നും.

മിഷൻഞായറാഴ്ച, മിഷൻരംഗങ്ങളിലെ ആധുനികപ്രശ്നങ്ങളെ പഠിക്കുന്നതിനും, അവയെ അഭിമുഖീകരിക്കുന്നതിനുവേണ്ട പ്രായോഗികപദ്ധതികൾ രൂപീകരിക്കുന്നതിനുമുള്ള ഒരവസരംകൂടിയാണ്.

ഒരു വലിയ പരിവർത്തനഘട്ടത്തിൻെറ പടിയിലെത്തിയിരിക്കുന്ന ഭാരതമിഷനു് അഭിമുഖീകരിക്കേണ്ട വിഷമപ്രശ്നങ്ങളിൽ പ്രധാനമായതു് ഏതദ്ദേശീയ വൈദികരുടെ ദുർഭിക്ഷതയാണ്. മിഷൻപ്രവർത്തനങ്ങളുടെ പുരോഗമനം മിഷനറിമാരുടെ വർദ്ധനവിനെ ആശ്രയിച്ചിരിക്കുന്നു. പ്രത്യേകിച്ചും ഏതദ്ദേശീയവൈദികരുടെ വർദ്ധനവിനെ. അതിനാലാണ്, "ഒരു ദേശത്തു് സഭ സ്ഥാപിക്കുന്നതിനു്, അൻപതിനായിരം അനാഗതർക്കു ജ്ഞാനസ്നാനം നൽകുന്നതിനേക്കാൾ പ്രാധാന്യമേറിയതാണ് ഒരൊററ ഏതദ്ദേശീയവൈദികനെ അഭിഷേകം ചെയ്യുന്നതു്" എന്നു് പതിനൊന്നാം ഇന്നസെൻറു് മാർപ്പാപ്പാ പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടുതന്നെയാണ്, ഈ അടുത്തകാലങ്ങളിൽ മിഷൻപ്രവർത്തനങ്ങളെക്കുറിച്ചുള്ള തങ്ങളുടെ പ്രസിദ്ധമായ ചാക്രികലേഖനങ്ങളിൽ 15-ാം ബെനദിക്തോസ്, 11-ാം പീയൂസ്, 12-ാം പീയൂസ് എന്നീ മാർപ്പാപ്പാമാർ, മിഷൻരാജ്യങ്ങളിൽ മെത്രാന്മാരും, വൈദികരും, അൽമായരും ഒത്തൊരുമിച്ചു് ഏതദ്ദേശീയവൈദികരുടെ വർദ്ധനവിനായി ഉററുശ്രമിക്കണമെന്നു് ശക്തിയുക്തം ഉൽബോധിപ്പിച്ചിട്ടുള്ളതു്.

ഭാരതത്തെ സംബന്ധിച്ചിടത്തോളം ഇന്നു് ഏതദ്ദേശീയവൈദികരുടെ വർദ്ധനവു് അപരിത്യാജ്യമായ ഒരാവശ്യമായിത്തീർന്നിരിക്കയാണ്. വിശാലമായ നമ്മുടെ മിഷൻരംഗങ്ങളിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന മിഷനറിമാരിലധികവും വിദേശീയരാണ്. എന്നാൽ കത്തോലിക്കാസഭയുടെ സാർവ്വലൗകികതയും രാഷ്ട്രീയനിഷ്പക്ഷതയും യഥാവിധി ഗ്രഹിച്ചിട്ടില്ലാത്ത ചില നേതാക്കന്മാർ നിസ്സ്വാർത്ഥമതികളും സേവനതല്പരരുമായ വിദേശമിഷനറിമാരെ വിരുദ്ധമനോഭാവത്തോടെയാണ് ഇന്നു വീക്ഷിക്കുന്നതു്. വിദേശമിഷനറിമാർക്കു് ഇൻഡ്യയിൽ പ്രവേശനം സാമാന്യം നിഷേധിക്കപ്പെട്ടിരിക്കയാണ്. ഇവിടെ പ്രശസ്തമായവിധം സാധുജനസേവനവും പ്രേഷിതവൃത്തിയും നടത്തിക്കൊണ്ടിരിക്കുന്ന വിദേശമിഷനറിമാരുടെ പ്രവർത്തനങ്ങളെ വിഷമകരമാക്കുവാനും, തടയുവാനും, അവരെ നാട്ടിൽനിന്നും ബഹിഷ്കരിക്കുവാനുമുള്ള യത്നങ്ങൾ നടക്കുന്നുണ്ട്. വിശ്രമത്തിനും കൂടുതൽ സാമ്പത്തികസഹായം നേടുന്നതിനുമായി സ്വദേശത്തേക്കു പോയിരുന്ന ഏതാനും വിദേശീയമിഷനറിമാർക്കു തിരിച്ചുവരുവാനുള്ള അനുവാദം (വിസാ) നിഷേധിക്കയുണ്ടായി. അവർ വിപ്ലവകാരികളായിട്ടല്ല, അവരുടെ സേവനം ഇവിടെ ആവശ്യമില്ലാഞ്ഞിട്ടാണ്. ഈ പ്രശ്നത്തിനും, ഭാരതത്തിൽ പ്രേഷിതവൃത്തിയുടെ പുരോഗമനത്തിനു പ്രതിബന്ധമായി നില്ക്കുന്ന മററു പല പ്രശ്നങ്ങൾക്കും ഒരൊററ പ്രതിവിധിയേയുള്ളൂ—ദേശീയമിഷനറിമാരുടെ വർദ്ധനവു്. പതിനൊന്നാം പീയൂസ് മാർപ്പാപ്പാ പറഞ്ഞിട്ടുള്ളതുപോലെ, വിദേശമിഷനറിമാർക്കു് പ്രവേശനം നിഷേധിക്കപ്പെടുന്നിടത്തു് ഏതദ്ദേശീയവൈദികനു് നിഷ്പ്രയാസം കടന്നുചെല്ലാം.

ദൈവകൃപയാൽ കേരളക്കരയിൽ ഇന്നു ദൈവവിളിയുടെ ഒരു കൊയ്ത്തുകാലമാണ് ഉദയംചെയ്തിരിക്കുന്നതു്. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി ജീവൻപോലും ബലികഴിക്കാൻ സന്നദ്ധരായ പ്രേഷിതചൈതന്യം നിറഞ്ഞ ധാരാളം യുവാക്കന്മാർ നമ്മുടെ നാട്ടിൽനിന്നും ഈ അടുത്ത ഏതാനും വർഷങ്ങളായി ഭാരതത്തിലെ എല്ലാ മിഷൻരൂപതകളിലും ചേരുന്നുണ്ടു്. മഹത്തായ പ്രേഷിതവൃത്തിക്കായി ജീവാർപ്പണം ചെയ്യുവാൻ സന്നദ്ധരായി ഇനിയും ധാരാളം കത്തോലിക്കായുവാക്കന്മാർ കേരളക്കരയിൽനിന്നും ഭാരതമിഷൻരംഗങ്ങളിലേക്കു പുറപ്പെടുമെന്നും നമുക്കാശിക്കാം.

സുകൃതികളും വിജ്ഞാനികളുമായ ദേശീയമിഷനറിവൈദികരുടെ ഒരു വ്യൂഹംതന്നെ നമുക്കാവശ്യമാണ്. അതിനുവേണ്ട എല്ലാ സജ്ജീകരണങ്ങളും പദ്ധതികളും നമുക്കുണ്ടാകണം. വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുള്ള സെമിനാരികൾ ഉണ്ടാകണം. അവരുടെ ചെലവുകൾ വഹിക്കുവാൻ വേണ്ട മാർഗ്ഗങ്ങളുണ്ടാകണം. ഇക്കാര്യത്തിൽ വിദേശികളായ കത്തോലിക്കർ ചെയ്തുപോരുന്ന ത്യാഗങ്ങളെ നാം കണ്ടുപഠിക്കണം. ആ ഉപകാരികളിൽ അധികംപേരും സാമ്പത്തികമായി നമ്മെക്കാൾ മെച്ചമായ നിലയിലുള്ളവരല്ല. വീരോചിതമായ ത്യാഗം സഹിച്ചുകൊണ്ടാണ് അവരിലധികംപേരും സഹായം നൽകിപ്പോരുന്നതു്. കേരളത്തിലെ ഒരു മെത്രാപ്പോലീത്താ അടുത്തകാലത്തു അമേരിക്കാ സന്ദർശിച്ചപ്പോൾ തിരുമേനിക്കു് ഒരു വൈദികവിദ്യാർത്ഥിയുടെ പഠനച്ചെലവു് അയച്ചുകൊടുത്തു സഹായിച്ചിരുന്ന ഒരു സ്ത്രീയെ കാണുകയുണ്ടായി. കേവലം ഒരു വീട്ടുവേലക്കാരിയായ ആ സാധുസ്ത്രീ അത്താഴമുപേക്ഷിച്ചു് അതിനായി ലഭിച്ചിരുന്ന പണം സൂക്ഷിച്ചുവച്ചിരുന്നാണ് ഈ സഹായം ചെയ്തിരുന്നതെന്നു അപ്പോൾ മാത്രമാണ് മെത്രാപ്പോലീത്താ അറിയുന്നതു്. സ്നേഹവും ആഗ്രഹവു

## പ്രഥമ കേരളീയമിഷനറിമെത്രാൻ വിജയിപ്പൂതാക!



**റൈററ് റവ. ഡോക്ടർ ആൻറണി പടിയറ തിരുമനസ്സുകൊണ്ടു്**

(ഊട്ടക്കമണ്ടു രൂപതയുടെ ഒന്നാമത്തെ മെത്രാൻ)

ഒക്ടോബർ 16-ാംനു ഞായറാഴ്ച കാലത്തു എട്ടരമണിക്കു ഊട്ടക്കമണ്ടുദേവാലയത്തിൽവച്ചു് മൈസൂർ മെത്രാൻ റൈററു് റവ. ഡോക്ടർ ആർ. ഫ്യൂഗ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും കോയമ്പത്തൂർ മെത്രാൻ റൈററു് റവ. ഡോക്ടർ എം. അമ്പരിയപ്പർ തിരുമനസ്സിലേയും ചങ്ങനാശ്ശേരി മെത്രാൻ റൈററു് റവ. ഡോക്ടർ മാത്യു കാവുകാട്ടു തിരുമനസ്സിലേയും സഹകാർമ്മികത്വത്തിലും നിയുക്തമെത്രാൻ തിരുമേനി അത്യാഡംബരപൂർവ്വം അഭിഷേകം ചെയ്യപ്പെട്ടു.

മുള്ളവക്ക് അവർ ഏതു നിലയിലുള്ളവരായിരുന്നാലും മഹത്തായ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയും.

നിർദ്ധനയായ ഒരു അമേരിക്കൻ വനിത അവളുടെ ഒരു പുത്രനെങ്കിലും വൈദികനായി കാണുന്നതിനു വളരെ ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്തിരുന്നു. സ്വസന്താനങ്ങളിലാർക്കും ദൈവവിളിയില്ലെന്നു ഗ്രഹിച്ച നാൾമുതൽ അവൾ പുരോഹിതനായ ഒരു ആത്മപുത്രനെയെങ്കിലും ദൈവത്തിനും തിരുസഭയ്ക്കും നൽകുന്നതിനുള്ള ഭാഗ്യത്തിനായി പ്രാർത്ഥിച്ചും പ്രവർത്തിച്ചും തുടങ്ങി. മരണാസന്നയായി കിടക്കയിൽ മക്കളെ സമീപത്തു വിളിച്ചു അവളുടെ അവസാന ആഗ്രഹം വെളിപ്പെടുത്തിക്കൊണ്ടു പറഞ്ഞു, വളരെ ബുദ്ധിമുട്ടി അവൾ മിച്ചം വരുത്തി സൂക്ഷിച്ചിരുന്ന തുക ഒരു വൈദികവിദ്യാർത്ഥിയുടെ പഠനച്ചെലവു നിർവ്വഹിക്കുന്നതിനാണെന്നു. ആ പാവപ്പെട്ട സ്ത്രീയുടെ നിരന്തരത്യാഗത്തിന്റെ ഫലം അനുഭവിച്ചു വൈദികപഠനം നടത്തുവാൻ ഭാഗ്യമുണ്ടായതു സത്യത്തിനു സാക്ഷ്യം നൽകുന്നതിനു കഠിന യാതനകളെ തൃണവൽഗണിച്ചുകൊണ്ടു കമ്മ്യൂണിസ്റ്റു കാരാഗൃഹത്തിൽ അവശനായി കിടക്കുന്ന സുപ്രസിദ്ധനായ കാർഡിനൽ സ്റ്റെപ്പിനാക്കിനാണു.

കോളേജ് ജീവിതകാലത്തു ഹോസ്റ്റലിലെ തന്റെ സ്നേഹിതകളുടെ ഷൂസ് പോളീഷ്ചെയ്യുക മുതലായ ദാസ്യവൃത്തികൾ ചെയ്തുകൊണ്ടും അത്യാവശ്യമല്ലാത്ത ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ഒരു മിഷ്യനറിവൈദികവിദ്യാർത്ഥിയുടെ പഠനച്ചെലവുകൾ വഹിക്കാൻ സാധാരണക്കാരിയായ ഒരു യൂറോപ്യൻ യുവതിക്കു സാധിച്ചു.

ഫ്രഞ്ചുകാരനായ കാർഡിനൽ പൈ ഒരു ദിവസം പോയിറിയഴ്സ് കത്തീഡ്റലിൽ പ്രസംഗിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: "ഏതാനും വർഷങ്ങൾക്കു മുൻപു ഒരു പാവപ്പെട്ട അനാഥബാലൻ ഈ ദേവാലയത്തിൽനിന്നും പ്രാർത്ഥിച്ചശേഷം കരഞ്ഞുകൊണ്ടു ഇറങ്ങിപ്പോകുകയായിരുന്നു. പള്ളിമുററത്തു പുഷ്പങ്ങൾ വിററുകൊണ്ടിരുന്ന ഒരു പാവപ്പെട്ട സ്ത്രീ അവൻ കരയുന്നതിന്റെ കാരണം അന്വേഷിച്ചു. ഒരു വൈദികനാകുവാൻ അതിയായി ആഗ്രഹിക്കുന്നു എന്നും എന്നാൽ തന്റെ ആഗ്രഹം സഫലമാക്കുന്നതിനാവശ്യമായ വിദ്യാഭ്യാസച്ചെലവുകൾക്കു മാർഗ്ഗമൊന്നുമില്ലാത്തതിനാലുള്ള സങ്കടം ഉള്ളിലടക്കാൻ പാടില്ലാഞ്ഞിട്ടാണു കരയുന്നതെന്നുമായിരുന്നു മറുപടി. അവനെ ആശ്വസിപ്പിച്ചുകൊണ്ടു പഠനച്ചെലവുകൾക്കാവശ്യമുള്ള തുക ഉണ്ടാക്കിക്കൊടുക്കാമെന്നു ആ സ്ത്രീ വാഗ്ദാനംചെയ്തു. വിശ്രമരഹിതയായി ജോലിചെയ്തുകൊണ്ടു അവൾ ആ കുട്ടിയെ പഠിപ്പിച്ചു. ആ പാവപ്പെട്ട സ്ത്രീ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ആ അനാഥബാലൻ ഒരു വൈദികനായി, ഒരു മെത്രാനായി. അതു മാത്രമല്ലാ, ആ മെത്രാൻ കർദ്ദിനാൾസ്ഥാനത്തേക്കു ഉയർത്തപ്പെട്ടു." ആരാണു ആ കർദ്ദിനാൾ എന്നറിയാൻ ജിജ്ഞാസാപൂർവ്വം പ്രസംഗകന്റെ അധരങ്ങളിലേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്ന ശ്രോതാക്കൾ രോമാഞ്ചംകൊണ്ടുപോയി, "നിങ്ങളോടു സംസാരിക്കുന്ന ഞാൻ തന്നെയാണു ആ കർദ്ദിനാൾ" എന്നു പറഞ്ഞുകൊണ്ടു പ്രസംഗകൻ തന്റെ വാക്കുകൾ [illegible]പ്പോൾ.

എത്ര മഹത്തായ മാതൃകകൾ! പ്രേഷിതചൈതന്യവും നല്ല മനസ്സുമുള്ളവക്കു എന്തെന്തു സാദ്ധ്യതകളുണ്ടു!!

മിഷ്യൻ പ്രവർത്തനത്തിന്റെ ഏററം കാതലായ ഭാഗമാണു മിഷ്യനറിമാരെ രൂപീകരിക്കയെന്നുള്ളതു. കേരളത്തിന്റെ മിഷ്യൻ സാദ്ധ്യതകൾ അളവററവയാണു. അപ്പസ്തോലികകാലംവരെ പഴക്കമുള്ള ഒരു ക്രിസ്തീയപാരമ്പര്യം കേരളീയർക്കുണ്ടു. ഭൗതികസമ്പത്തിലും കേരളീയകത്തോലിക്കർ പിന്നണിയിലല്ല. ഏതാനും വർഷങ്ങളായി മിഷ്യൻ പ്രവർത്തനങ്ങളുടെ കാര്യത്തിൽ കേരളീയകത്തോലിക്കരുടെ ഇടയിൽ ഒരു വലിയ ഉണർവുണ്ടായിട്ടുണ്ടു. എന്നാൽ ഒരു ഭാരതത്തെ മുഴുവനാണു നമുക്കു ക്രിസ്തുവിനായി നേടുവാനുള്ളതു. അതിനാൽ കുറെയെല്ലാംമാത്രം ചെയ്തുകൊണ്ടു നമുക്കു തൃപ്തിയടയാൻ സാധിക്കയില്ല. നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന ദൈവവിളികൾ പരിപോഷിപ്പിച്ചു പരിപൂർണ്ണമാക്കുവാൻ കേരളീയ കത്തോലിക്കർ ഹൃദയപൂർവ്വം ശ്രമിക്കണം.

വൈദിക വിദ്യാർത്ഥികൾക്കു ശാശ്വതമായ സഹായം നൽകുവാൻ ബേഴ്സു (Burse) കൾ സ്ഥാപിക്കുന്നതിനു ശ്രമിക്കുന്നതു ബുദ്ധിപൂർവ്വമായിരിക്കും. ബേഴ്സ് എന്നു പറയുന്നതു പലിശകൊണ്ടു ഒരു വൈദികവിദ്യാർത്ഥിയുടെ വാർഷികച്ചെലവു നടക്കത്തക്ക ഒരു തുകയാണു. എണ്ണായിരം രൂപയിൽ കുറയാതെയും പതിനായിരം രൂപയിൽ കൂടാതെയുമുള്ള ഒരു തുകയുണ്ടാക്കുന്നപക്ഷം അതിന്റെ പലിശകൊണ്ടു എന്നും ഒരു വൈദികവിദ്യാർത്ഥിയെ പഠിപ്പിക്കാം. അമേരിക്കയിലും യൂറോപ്പിലും ഇത്തരം ബേഴ്സുകൾ സ്ഥാപിച്ചുകൊണ്ടു ഗണ്യമായവിധം മിഷ്യനെ സഹായിക്കുന്നതിനു കത്തോലിക്കർ ദത്തശ്രദ്ധരാണു. ധനികരായ ആളുകൾ വിൽപത്രമെഴുതുമ്പോൾ ഇത്തരം ബേഴ്സുകൾക്കായി നല്ല തുകകൾ മാററിവയ്ക്കുക അവിടെ സാധാരണയാണു. നമ്മുടെ നാട്ടിലും വളരെ ചുരുക്കം ചിലർ ബേഴ്സുകൾ സ്ഥാപിക്കുവാൻ ശ്രദ്ധിക്കുന്നുണ്ടു. എന്നാൽ നാം സംഘടിതമായ ശ്രമം നടത്തുന്നപക്ഷം വർഷംതോറും ഏതാനും ബേഴ്സുകൾവീതമെങ്കിലും സ്ഥാപിക്കുവാൻ പ്രയാസം കൂടാതെ സാധിക്കും. തനിച്ചു ബേഴ്സുകൾ സ്ഥാപിക്കാൻ സാദ്ധ്യതയുള്ള സമ്പന്നരായ അനേകം കത്തോലിക്കർ കേരളത്തിലുണ്ടു. നമ്മുടെ പല ഇടവകപള്ളികൾക്കും രണ്ടും മൂന്നും വർഷംകൊണ്ടെങ്കിലും ഓരോ ബേഴ്സുകൾ സ്ഥാപിക്കാൻ പ്രയാസംകൂടാതെ സാധിച്ചേക്കാം. അതുപോലെതന്നെ കോളേജുകൾ, സ്കൂളുകൾ മുതലായ സ്ഥാപനങ്ങൾക്കും, മിഷ്യൻലീഗു് സൊഡാലിററി മുതലായ സഖ്യങ്ങൾക്കും വളരെ സാദ്ധ്യതകളുണ്ടു. മിഷൻലീഗംഗങ്ങളും പ്രേഷിതവൃത്തിയിൽ തല്പരരായവ്യക്തികളും മഹത്തായ ഈ പ്രേഷിതവൃത്തിയിൽ കൂടുതൽ ശ്രദ്ധപതിക്കുവാൻ ഈ മിഷ്യൻ ഞായറാഴ്ച ഒരു ദൃഢവ്രതം ചെയ്യുന്നെങ്കിൽ അതു പ്രശംസനീയമായ ഒരു മിഷ്യൻഞായറാഴ്ച ആചരണമായിരിക്കും.

ഭാരതത്തെ ക്രിസ്തുവിനും ക്രിസ്തുവിനെ ഭാരതത്തിനും സമ്മാനിക്കുവാൻ നമ്മുടെ മഹത്തായ സാദ്ധ്യതകൾ വിനിയോഗിക്കാം.


പ്രഥമ

## ചരമവാർഷികം



മി. കുടിയിരിപ്പിൽ വക്കി മകൾ റോസിലി, മററൂർ

(Mrs· Kunjavira Mula-varikal, Narakal)

ജനനം 5—4—1929

മരണം 21-10—1954

"ദയാപരനായ ഈശോ, ഈ ആൽക്കു നിത്യാശ്വാസം കൊടുത്തരുളേണമെ."

R· I· P·

Inserted by her loving brother, Chacko


# പുനരൈക്യപ്രത്യവലോകനം

## 1930-ാമാണ്ടിനു മുമ്പ്

[കെ. എം. ഈശോ, ഓമല്ലൂർ]

(തുടർച്ച)

### മർദ്ദനം ഗുണവർദ്ധനം

പുനരൈക്യപ്പെട്ടവർ മററുള്ളവരിൽനിന്നു പലതരത്തിലുള്ള ആക്ഷേപശരങ്ങൾക്കും പീഡകൾക്കും ഭീഷണികൾക്കും വിധേയരായി. സുറിയാനിക്കാരിൽനിന്നും രക്തബന്ധത്തിൽനിന്നും അകററിനാക്കി. എന്തിനു, സംസ്കാരം മുടക്കുകയും വെള്ളവും തീയുംകൂടി നിരോധിക്കയും ചെയ്തു എന്നു പറഞ്ഞാൽ അതിന്റെ ശക്തി ഏതാണ്ടു ഊഹിക്കാമല്ലോ. ഇതുകൊണ്ടു ഫലമില്ലെന്നു കണ്ടപ്പോൾ ക്രമേണ അതിന്റെ ശക്തി താനേ കുറഞ്ഞു. ഈ അവസരത്തിൽ പുത്തൻപീടികയിൽ പുനരൈക്യപ്പെട്ടവരെ കാണുന്നതിനും ധൈര്യപ്പെടുത്തുന്നതിനും ആശ്വസിപ്പിക്കുന്നതിനുമായി വിദൂരസ്ഥലങ്ങളിൽനിന്നു ചില കത്തോലിക്കമഹത്തുക്കൾ വന്നുകൊണ്ടിരുന്നു. കോട്ടയം ബിഷപ്പായിരുന്ന അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനി, ഒരിക്കൽ രണ്ടു മൂന്നു വൈദികരോടുകൂടിയാദൃച്ഛികമായി വന്നു പുനരൈക്യപ്പെട്ട ഒരു വീട്ടിൽ കയറി, ഞാൻ കത്തോലിക്കാബിഷപ്പാണെന്നു പറഞ്ഞു, കുടുംബാംഗങ്ങളെ മുട്ടുകുത്തിച്ചു മോതിരം ചുംബിപ്പിച്ചു, ആശീർവ്വദിച്ച സംഭവം ആ വീട്ടുകാരോടൊപ്പം ഇടവകക്കാർ അഭിമാനത്തോടുകൂടി സ്മരിച്ചുകൊണ്ടിരിക്കുന്നു. തൃശ്ശിനാപ്പള്ളി ട്രെയിനിംഗു കോളേജിൽ എൽ. റി. കോഴ്സിലിരുന്ന ബ. റൊമയൂസച്ചനും ബ. കെ. സി. ചാണ്ടി അച്ചനും വർഷകാലത്തിന്റെ ഉഗ്രതയെ തൃണവൽഗണിച്ചുകൊണ്ടു കഷ്ടപ്പെട്ടു പുത്തൻപീടികയിൽ വന്നു രണ്ടു മൂന്നു ദിവസം പുനരൈക്യപ്പെട്ടവരോടുകൂടി കഴിച്ചുകൂട്ടിയതു മറവിക്കും മാക്കാൻ സാധിക്കുന്നതല്ല. ആ അവസരത്തിൽ അവരുടെ പ്രസംഗയോഗത്തിനു പുത്തൻപീടിക ഗ്രാൻറു സ്കൂൾ മാനേജർ രേഖാമൂലം അനുവദിച്ചുതന്നെങ്കിലും, സ്ഥലത്തുള്ള യാക്കോബായസഹോദരങ്ങൾ സംഘംചേർന്നു സ്കൂളിൽ പ്രവേശിച്ചു കെട്ടിടം വിട്ടുതരാതിരുന്നതിനാൽ ഒരു മാവിൻചുവട്ടിൽ യോഗം നടത്തി തൃപ്തിയടഞ്ഞ സംഭവം പ്രായമായവരുടെ ഹൃദയത്തെ ഇപ്പോൾ പുളകം കൊള്ളിക്കുന്നു. ഈ ഗ്രാൻറുസ്കൂൾ പിന്നീടു ഏതാനും കൊല്ലങ്ങൾ കഴിഞ്ഞു മാർ ഈവാനിയോസുതിരുമേനി വിലയ്ക്കു വാങ്ങി പുതുക്കിപ്പണിയിച്ചു. സീറിയൻ കത്തോലിക്കപള്ളിയുടെ അഭാവത്തിൽ ഇപ്പോൾ ചാപ്പലായി ഉപയോഗിക്കുന്നതു ഈ കെട്ടിടമാണു. ഒരിക്കൽ ചെത്തിപ്പുഴ പ്രിയോരായിരുന്ന പെ. ബ. ബർത്തലോമ്മാ അച്ചൻ, 20-ൽപരം ശെമ്മാശ്ശന്മാരോടുകൂടിവന്നു പുനരൈക്യപ്പെട്ടവരെ ആനന്ദിപ്പിച്ചതും ബ. ഹില്ലാരിയോസച്ചൻ ബ. ഗ്രിഗറി അച്ചൻ മുതലായവർ ഇവിടെ വന്നു താമസിച്ചു പുനരൈക്യവളർച്ചയ്ക്കു വെള്ളവും വളവും നൽകിക്കൊണ്ടിരുന്നതും മധുരസ്മരണയായി നിലകൊള്ളുന്നു. മാന്നാനം മുതലായ ആശ്രമങ്ങളിൽനിന്നും കർമ്മലീത്താവൈദികർ സാന്നിദ്ധ്യംകൊണ്ടും ലഘുലേഖകളും പ്രസിദ്ധീകരണങ്ങളും ഭക്തോപകരണങ്ങളും നിർല്ലോഭമായി വിതരണം ചെയ്തും മദ്ധ്യതിരുവിതാംകൂറിൽ കാലചംക്രമണത്തിൽപെട്ടു നഷ്ടപ്പെട്ടുപോയിരുന്ന കത്തോലിക്ക അന്തരീക്ഷം വീണ്ടെടുക്കുന്നതിനു ദത്തശ്രദ്ധരായി പ്രവർത്തിച്ചിരുന്നു. എറണാകുളം അതിരൂപതയിൽനിന്നും വിദഗ്ദ്ധനേതൃത്വത്തിൽ വേദപ്രചാരത്തെ ലാക്കാക്കി പ്രസിദ്ധീകരിച്ചുതുടങ്ങിയ "സത്യദീപം" പുനരൈക്യത്തിനു മഹദ്ദീപവും പുനരൈക്യപ്പെട്ടവർക്കു താങ്ങും തണലുമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. ആലപ്പുഴ, ചങ്ങനാശ്ശേരി, പൊൻകുന്നം മുതലായ വിദൂരസ്ഥലങ്ങളിൽനിന്നാണു അക്കാലത്തു കല്യാണങ്ങൾ നടത്താനിടയായതു. പുനരൈക്യപ്പെട്ടവരോടു, അകത്തോലിക്കസഹോദരങ്ങൾക്കുണ്ടായിരുന്നഎതിർമനോഭാവത്തേയും നിസ്സഹകരണത്തേയും കത്തോലിക്കരുടെ മനസ്സററ അനുഭാവവും സഹകരണവും ഗ്രസിച്ചുകളഞ്ഞു എന്നു പറയാം.

വിപരീതശക്തികളുടെ പ്രവർത്തനത്തിന്റെ പരിണതഫലം, പുനരൈക്യപ്പെട്ടവരെ ഏകമതീഭാവത്തിൽ ഉറപ്പിക്കുന്നതിനും സത്യാന്വേഷികളെ പുനരൈക്യത്തിനു പ്രേരിപ്പിക്കുന്നതിനും സഹായിച്ചു. പള്ളി, ശവക്കോട്ട മുതലായ പ്രാഥമികാവശ്യങ്ങളെല്ലാം പിതാവായ ദൈവത്തിലും മാതാവായ തിരുസഭയിലും സമർപ്പിച്ചുകൊണ്ടാണു പുത്തൻപീടികക്കാർ രംഗത്തിറങ്ങിയതു. 20 മൈലിനുള്ളിൽ കത്തോലിക്കരോ കത്തോലിക്കസ്ഥാപനങ്ങളോ ഒന്നുമുണ്ടായിരുന്നില്ല. ഉടനെതന്നെ ചാപ്പലിരുന്ന സ്ഥലം അധികമാരേയും അറിയിക്കാതെ എഴുതി വാങ്ങിച്ചു പള്ളിക്കു അപേക്ഷിക്കയും യഥാസമയം പള്ളിക്കു അനുവാദം ലഭിക്കയും ബെൻസിഗർ തിരുമേനി, മനോഹരമായ ഒരു കരിങ്കൽദേവാലയം പെട്ടെന്നു പണിയിക്കയും 1927 ഒക്ടോബർ മാസത്തിൽ തിരുമേനി എഴുന്നെള്ളി അതു വെഞ്ചരിച്ചു പുത്തൻപീടികയിലെ കത്തോലിക്കരെ അനുഗ്രഹിച്ചു കാവൽമാലാഖമാർക്കു ഭരമേല്പിക്കയും ചെയ്തു. കത്തോലിക്കവിശ്വാസവും ചൈതന്യവും പരിസരങ്ങളിൽ പ്രസരിപ്പിക്കുന്നതിനു ഈ ദേവാലയം മഹത്തായ ഒരു ദീപസ്തംഭമായി ലാലസിച്ചിരുന്നു. പുനരൈക്യത്തിനു പ്രേരിപ്പിച്ച വസ്തുതകളെ വേദന്യായങ്ങളും ചരിത്രരേഖകളുമുദ്ധരിച്ചുതെളിയിച്ചുകൊണ്ടു സത്യാന്വേഷികൾക്കു ഉപകാരപ്രദമായി "ക്രൈസ്തവസാമ്രാജ്യം" എന്നൊരു വിശിഷ്ടഗ്രന്ഥം, ഈ ലേഖകനും സഹോദരനുംകൂടി 1927-ൽ ഇവിടെനിന്നു പ്രസിദ്ധീകരിക്കയും ചെയ്തു.

ക്രമേണ സത്യാന്വേഷികളുടെ സംഖ്യ പലയിടത്തും വർദ്ധിച്ചുകൊണ്ടിരുന്നു അവരിൽ ചിലർ പുനരൈക്യത്തിനു മുതിർന്നു. ഒരുറച്ച ബാവാകക്ഷിയായിരുന്നു യാക്കോബായവിശ്വാസാചാരങ്ങളെ അഭേദ്യം പാലിച്ചിരുന്ന പവ്വത്തു കോരുളയും പുത്രന്മാരും കോന്നിയിൽനിന്നും അയ്യനത്തു പിലിപ്പോസ് ചന്ദനപ്പള്ളിൽനിന്നും വിരളുവേലിൽ കോശി കൈപ്പട്ടൂർനിന്നും പുതുശ്ശേരി തോമസ്സ് പത്തനംതിട്ട നിന്നും ഇങ്ങനെ സമീപസ്ഥലങ്ങളിൽനിന്നു ഒന്നും രണ്ടും വ്യക്തികളും കുടുംബങ്ങളും പുനരൈക്യപ്പെട്ടു പുത്തൻപീടിക ഇടവകയിൽ ചേർന്നു. ഇപ്പോൾ സ്വദേശമായ പത്തനംതിട്ടയ്ക്കു സമീപം പ്രമാടം നേതാജി ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരിക്കുന്ന സി. ഫീലിപ്പ് ബി. എ. എൽ. ററി. തൃശ്ശിനാപ്പള്ളി കോളേജിൽ വച്ചു ബ. റോമയോസ് അച്ചൻ മൂലം അന്നു കുടുംബത്തിൽനിന്നു ഏകനായി പുനരൈക്യപ്പെട്ട ഒരാളാണു. അയിരൂർ ലൂർദ്ദ് ആശ്രമത്തിന്റേയും പുതുപ്പള്ളി ആശ്രമത്തിന്റേയും സ്ഥാപനം ദീപസ്തംഭമായി ചുററുമുള്ള അകത്തോലിക്കപ്രദേശങ്ങൾക്കു വെളിച്ചം നൽകിക്കൊണ്ടിരുന്നു. സുപ്രസിദ്ധകോൺഫറൻസ് പ്രാസംഗികനും വശ്യവചസ്സുമായ നയിനാൻ വറുഗീസ് വില്ലോത്തും മലയാളം ചുരുക്കെഴുത്തുനിർമ്മാതാവും സാഹിത്യരസികനുമായിരുന്ന പന്തോളിൽ പി. സി. ചാക്കോയും മററും അയിരൂർനിന്നുദിച്ചുയന്ന താരങ്ങളാണു. കാടഞ്ചിറ, റയിഞ്ചർ പുതുപ്പള്ളിക്കു സമീപത്തുനിന്നു നേരത്തെ പുനരൈക്യവേദിയിൽ പ്രവേശിച്ചുകഴിഞ്ഞു. മാർത്തോമ്മാസഭാംഗങ്ങളായിരുന്ന ചെങ്ങന്നൂർ കണ്ണന്താനത്തു വറുഗീസും പുന്നയ്ക്കാട്ടു ഞായല്ലൂർ ററി. വി. ജോണും കത്തോലിക്കസഭയെ ആശ്ലേഷിച്ചു. കല്ലൂപ്പാറ മാരാട്ടു ബ. അബ്രാഹം അച്ചനും, മാരാമൺ ബ. റാവൂർ


FAMOUS FOR

All kinds of Leather goods

Handbags, Shoes, Chapals Etc.

Leather Works

M. O. ROAD, TRICHUR

# വേദപ്രചാരണഞായർ സംബന്ധിച്ചുള്ള പ്രേഷിതാഹ്വാനം

(റൈററ് റവ. ഡോക്ടർ പീററർ സിഗ്ഗിസ് മോണ്ടി, പോണ്ടിഫിക്കൽ മിഷൻ സൊസൈററി പ്രസിഡണ്ട്)

യേശുക്രിസ്തുവിനേയും അദ്ദേഹത്തിൻെറ പഠനങ്ങളേയും സംബന്ധിച്ച യാതൊരറിവുമില്ലാത്തവരുടെയിടയിൽ സത്യസ്സഭ സ്ഥാപിച്ച് പ്രചരിപ്പിക്കുന്നതിൽ നമുക്കുള്ള ചുമതല വേദപ്രചാരണഞായർ വീണ്ടും നമ്മെ ഓമ്മപ്പെടുത്തുന്നു. ഭൂപടത്തിൽ നോക്കിയാൽ പല രാജ്യങ്ങളിലും പലേ തോതിലും, ആഫ്രിക്ക, ഏഷ്യാ, ഓഷ്യാനിയ എന്നീ ഖണ്ഡങ്ങളിൽ ഒരു പ്രത്യേകരീതിയിലും, വേദപ്രചാരണരംഗങ്ങൾ നമുക്കു കാണാൻ കഴിയും. ഈ മൂന്നു ഭൂഖണ്ഡങ്ങളിലുമുള്ള ജനസംഖ്യയിൽ ഭൂരിഭാഗമായ ഏതാണ്ട് നൂററമ്പതു കോടിയും (150,00,00,000) അക്രൈസ്തവരാണ്. കത്തോലിക്കരോ തുലോം കുറവും. ലോകത്തിലെ ജനസംഖ്യയിൽ 53% ജനങ്ങളുള്ള ഏഷ്യയിൽ 2. 3% മാത്രമാണ് കത്തോലിക്കർ. ലോകത്തിലുള്ളതിൽ 8% ജനങ്ങളുള്ള ആഫ്രിക്കയിലെ 8. 5% മാത്രമാണ കത്തോലിക്കർ. ഇനിയും ലോകത്തിലുള്ള ജനസംഖ്യയിൽ 5% മാണ് ഓഷ്യാന്യായിലുള്ളത്. അതിൽ ഫിലിപ്പൈൻസിലുള്ളവരെക്കൂടെ ചേർത്താൽപോലും അവിടത്തെ കത്തോലിക്കരുടെ എണ്ണം 20% മാകുന്നില്ല.

ശേഷം ഭൂഖണ്ഡങ്ങളെ അപേക്ഷിച്ച് ഈ മൂന്നു ഭൂഖണ്ഡങ്ങളിലും ജനസംഖ്യ വർദ്ധമാനമായിക്കൊണ്ടിരിക്കുന്നുവെന്നുകാണാം. കൂടാതെ പ്രകൃത്യാതന്നെ ഉൽപന്നസമ്പന്നങ്ങളാണ് ഇദ്ദേശങ്ങൾ. അങ്ങനെ തങ്ങളുടെ കഴിവുകളെപ്പററിയുള്ള ദൃഢമായ ബോദ്ധ്യം അവരിൽ വളന്നുകൊണ്ടിരിക്കുന്നു. വിഭവസമ്പന്നമായ ഒരടിസ്ഥാനത്തിന്മേൽ തങ്ങളുടെ പ്രാബല്യം സർവരാഷ്ട്രസമ്പക്കങ്ങളിൽ കൂടുതൽ കൂടുതൽ അവക്കനുഭവപ്പെട്ടു വരുന്നു. ഇപ്രകാരം ലൗകികശക്തികളിൽക്കൂടിയുള്ള അവരുടെ അക്രൈസ്തവാദശം പ്രബലപ്പെട്ടുനില്ക്കുന്നതിനാൽ സത്യവേദപ്രചാരണത്തിന് അവർ ഒരു വലിയ പ്രതിബന്ധംതന്നെ ആയിതീന്നേക്കാം.

ഇതിനും പുറമേ, ചൈനയിലും, വിയററ്നാമിലും നടക്കുന്ന മതമദ്ദനങ്ങൾ കത്തോലിക്കരെ ചിതറിക്കുകയും തിരുസ്സഭാസംഘടനകളെ ശിഥിലീകരിക്കയും ചെയ്യുന്നു. അലൗകികമായ ഒരു ലക്ഷ്യത്തെ ലാക്കാക്കികൊണ്ടുള്ള പ്രേഷിതപ്രവത്തനങ്ങളിൽ സഭയെ പഴിക്കുന്നതിനോ, അക്രമങ്ങൾകൊണ്ട് നേരിട്ടു തടയുന്നതിനോ ഉള്ള പരിപാടികൾ മററു രാജ്യങ്ങളിൽ ദുർലഭമല്ല.

ചുരുക്കത്തിൽ ഇതാണ് മിഷ്യൻരംഗങ്ങളുടെ നില. ഏഷ്യയിൽ പ്രവേശിച്ചിരിക്കുന്ന സത്യസൂര്യൻെറ ചുരുങ്ങിയ കിരണങ്ങൾക്കു അബദ്ധത്തിൻെറ കനത്ത കൂരിരുൾക്കോട്ടകളെ പാടേബഹിഷ്കരിക്കുവാൻ സാധിച്ചിട്ടില്ല. ജനങ്ങളുടെയിടയിൽ ക്രിസ്തുവിൻെറ വിജയത്തിനുവേണ്ടി ധീരസമരം നടത്തുന്ന സുവിശേഷപ്രചാരകന്മാരെ പ്രാത്ഥനകൊണ്ടു സഹായിക്കേണ്ടതു് തൻെറ ചുമതലയാണെന്ന ബോധ്യത്തോടുകൂടി ഓരോ കത്തോലിക്കനും പ്രവത്തിക്കട്ടെ! ലോകമാസകലവുമുള്ള കത്തോലിക്കരേവരും ഊജ്ജസ്വലരായി വത്തിക്കട്ടെ! യഥാത്ഥപ്രേഷിതചൈതന്യമുള്ളവരുടെ സംഖ്യ വളരെ ചുരുക്കമാണെന്നുള്ള വാസ്തവം വ്യസനസമേതം സമ്മതിക്കേണ്ടിയിരിക്കുന്നു

ചൈനയിൽ ഇന്നു ശേഷിച്ചിട്ടുള്ള അൻപതോളം മിഷ്യനറിമാർ കാരാഗൃഹത്തിലോ അഥവാ ഗൃഹതടങ്കലിലോ കഴിഞ്ഞുകൂടുകയാണ്. വേദപ്രചരണതിരുസംഘത്തിൻെറ സീമയിൽ പെട്ട സ്ഥലങ്ങളിൽ സ്വദേശികളും വിദേശികളുമായുള്ള പ്രേഷിതരുടെസംഖ്യ 25000 മാത്രമാണ്. ഈ സംഖ്യ കത്തോലിക്കരുടെ ആത്മീയാവശ്യങ്ങൾ നിറവേററുന്നതിനുപോലും മതിയാകാതെയിരിക്കുന്ന സ്ഥിതിക്ക് അക്രൈസ്തവരുടെ മാനസാന്തരവേലയ്ക്ക് എത്ര പോരാത്തതാണ്!

അനേകനൂററാണ്ടുകളായി ക്രിസ്തുവിൻെറ രക്ഷണീയകമ്മത്തിൻെറ അനന്തഫലങ്ങൾ അനുഭവിക്കുന്നതിന് ഭാഗ്യം ലഭിച്ചിരിക്കുന്ന കത്തോലിക്കർ, തങ്ങളുടെ അനുപേക്ഷണീയമായ പ്രേഷിതചുമതലകളെ മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലങ്ങളിൽ, ക്രിസ്തുവിൻെറ മുന്തിരിത്തോട്ടത്തിലേക്ക് പ്രേഷിതരെ അയക്കേണ്ടതിൻെറ ആവശ്യകതയെപ്പററി ഗാഢമായി പരിചിന്തനം ചെയ്യണം. യൂറോ




Thanksgiving

For favours received

C. C. Thomakutty, Choondal

പ്പ് 14151-ം അമേരിക്ക 1824 ംവൈദികരെ വേദപ്രചാരണപ്രവത്തനത്തിനുവേണ്ടി അയച്ചിട്ടുണ്ട്. യൂറോപ്പിലെയും അമേരിക്കയിലെയും കത്തോലിക്കരുടെ ഉദാരസംഭാവനകളേയും തീക്ഷ്ണതയേറിയ പ്രവത്തനങ്ങളേയും അനുമോദിക്കുന്നതിനോടൊപ്പം ഒരു കാര്യംകൂടി അവരെ ഓമ്മിപ്പിക്കട്ടെ. അതായതു വേദപ്രചാരണവേലയുടെ വിജയം വിശ്വാസപ്രചാരണസംഘത്തിൻെറ ശോഭനമായ ഭാവിയെയാണ് ആശ്രയിച്ചിരിക്കുന്നതു്.

പ്രസ്തുതസംഘത്തിൻെറ ശ്രേയസ്സിനും മൂലധനത്തിൻെറയും പ്രേഷിതരുടെയും വർദ്ധനവിനുമായി വിശ്വാസികളേവരും വൈദികരോടും മെത്രാന്മാരോടും ആത്മാത്ഥമായി സഹകരിക്കണമെന്ന ഭ്യത്ഥിക്കുന്നു. അക്രൈസ്തവരെ ക്രിസ്തുവിൻെറ പതാകക്കീഴിൽ കൊണ്ടുവരുന്നതിനായി വീടും നാടും രൂപതയും വിട്ട് പ്രേഷിതരംഗങ്ങളിലേക്ക് വൈദികർ പോകട്ടെ! കുചേല കുബേര പണ്ഡിത പാമര ഭേദമെന്യേ കത്തോലിക്കരേവരും പ്രേഷിതവൃത്തിക്ക് നിയുക്തരാണെന്നുള്ള ബോദ്ധ്യത്തോടുകൂടി തദനുസരണം പ്രവത്തിക്കട്ടെ!

വേദപ്രചാരണഞായറാഴ്ചയ്ക്കുവേണ്ട ഒരുക്കങ്ങൾ നടത്തുന്ന ഈ അവസരത്തിൽ നാം ബ. വൈദികരോട്, ലേഖനങ്ങൾ വഴിയും, പ്രസംഗങ്ങൾ മൂലവും പ്രേഷിതചൈതന്യവും ചുമതലയും ഓരോ കത്തോലിക്കൻെറയും ഹൃദയത്തിൽ രൂഢമൂലമാകത്തക്കവിധത്തിൽ പ്രചാരണം നടത്തണമെന്നു് ഉത്ബോധിപ്പിച്ചുകൊള്ളുന്നു. ഇക്കാര്യങ്ങളെപ്പററി കഴിഞ്ഞ വർഷങ്ങളിൽ ജനങ്ങൾ ജാഗ്രതയുള്ളവരായിരുന്നുവെങ്കിൽഭാവിയിൽ കൂടുതൽ തീക്ഷ്ണതയുള്ളവരായിരിക്കുന്നതിനു ശ്രമിക്കണം. മിഷ്യൻ രംഗങ്ങളുടെ ആവശ്യം അനുക്രമം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്.

മിഷ്യൻരംഗങ്ങളുടെ വിജയത്തിനായി ഓരോരുത്തരും തീക്ഷ്ണതയോടെ പ്രാത്ഥിക്കണം. പ്രേഷിതവൃത്തിക്കുള്ള ദൈവവിളികൾ വർദ്ധിക്കുന്നതിനും കൂടുതൽ പ്രേഷിതസംഭാവനകൾ ലഭിക്കുന്നതിനും മിഷ്യനറിമാരുടെ പ്രാത്ഥനകളും ത്യാഗങ്ങളും ഫലസംപൂണ്ണങ്ങളായിത്തീരുന്നതിനുവേണ്ടിയും പ്രാർത്ഥിക്കണം.

ഇങ്ങനെ ക്രിസ്തുവിലേക്ക് ജനങ്ങളെ ആനയിക്കുന്നതിനുള്ള ആത്മീയസമരം നടത്തുന്നതിന് തയ്യാറുള്ളവരെ പ്രേഷിതരംഗങ്ങളിലേക്കയച്ചുകൊണ്ട് യൂറോപ്പിലും അമേരിക്കയിലുമുള്ള പൂവ്വകത്തോലിക്കർ പ്രേഷിതവേലയുടെ മാഹാത്മ്യം വ്യക്തമാക്കട്ടെ!

---

അച്ചനും, ഇപ്പോൾ ചെങ്ങന്നൂർ ബഥനി ആശ്രമശ്രേഷ്ഠനായിരിക്കുന്ന റവ. ഫാദർ ഗീവറുഗീസ് ഒ. ഐ. സി. യും, പുനലൂർ അഞ്ചലിൽ ബ. മത്തായി അച്ചനും കൊട്ടാരക്കര തെക്കേടത്തു ബ. സക്കറിയാസച്ചനും, മാവേലിക്കര ബ. വി. ററി. തോമസച്ചനും, ശൂരനാട്ടു കോശി ശമ്മാശ്ശൻ ബി. എ. യും മററും പുനരൈക്യരംഗത്തു കാലൂന്നി. ഇപ്പോൾ സുപ്രസിദ്ധ പ്രാസംഗികനായും കിടയററ വാഗ്മിയായും വാദഗതികൾകൊണ്ടു അകത്തോലിക്ക ക്രിസ്ത്യാനികളെ വേട്ടയാടിക്കൊണ്ടിരിക്കുന്ന ചരിത്രപട്ടവായും പേരെടുത്തിരിക്കുന്ന, അന്ത്യോക്യൻ ഹയരാക്കിയിലെ ഒരു വൈദികസത്തമനായി വിരാജിക്കുന്ന റവ. ഫാദർ തോമസ് ഇഞ്ചക്കലോടി, യുവത്വത്തിൻെറ ചോരത്തിളപ്പിൽ ജന്മസഭയായ മാർത്തോമ്മാസഭയെ "പ്രത്യക്ഷപത്രം" മൂലം വെല്ലുവിളിച്ചുകൊണ്ടു കൂട്ടുകാരോടുകൂടി പുനരൈക്യവലയിൽ പെട്ടതും അക്കാലത്തായിരുന്നു. വിദൂരസ്ഥലങ്ങളിലാണെങ്കിലും ഇവരെല്ലാവരും ഗാഢാനുബദ്ധരായി പരസ്പരം സഹകരിച്ചുകൊണ്ടു തങ്ങൾക്കു ലഭിച്ച ജ്ഞാനവെളിച്ചം വെളിംപ്രസംഗങ്ങളും വാദപ്രതിവാദങ്ങളും ജ്ഞാനോപദേശങ്ങളും മൂലം മററുള്ളവരുടെയിടയിൽ പ്രചരിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബദ്ധശ്രദ്ധരായി ത്യാഗസേവനമനുഷ്ഠിച്ചിരുന്നു.

(തുടരും)

(N. B. ഈ ലേഖനത്തെ സംബന്ധിച്ചു പല കത്തുകളും എനിക്കു കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അവയോരോന്നിനും മറുപടി അയക്കാൻ സാധിക്കാത്തതിൽ മനസ്താപമുണ്ട്. പ്രതിപാദ്യവിഷയങ്ങളെ സംബന്ധിച്ചു എന്തെങ്കിലും വിശദീകരണങ്ങൾ ആവശ്യമുണ്ടെന്നു കണ്ടാൽ അതു ലേഖനാവസാനത്തിൽ ചേക്കുന്നതായിരിക്കും. എൻെറ മേൽവിലാസം ലേഖനത്തിൽ കൊടുത്തിരിക്കുന്നതുതന്നെയാണ്. Via പത്തനംതിട്ട എന്നുകൂടി ചേത്താൽ എളുപ്പം കിട്ടും. ലേഖകൻ)

# അവശക്രൈസ്തവർക്കു നീതി ലഭിക്കുമോ?

പട്ടികജാതി ഹിന്ദുക്കളിൽനിന്നും മതപരിവത്തനംചെയ്ത് അവരുടേതുപോലുള്ള സാമ്പത്തിക സാമൂഹികസാഹചര്യങ്ങളിൽ കഴിഞ്ഞുകൂടുന്ന പാവപ്പെട്ട ജനങ്ങൾക്ക് പട്ടികജാതി ഹിന്ദുക്കൾക്കു ലഭിക്കുന്ന അവകാശാനുകൂല്യങ്ങൾ നൽകേണ്ടതാണെന്ന വാദത്തിൻെറ ന്യായത അപ്രതിരോധ്യമാംവിധം ബോദ്ധ്യമായ മുഖ്യമന്ത്രി, ശ്രീ പി ജെ. സെബാസ്റ്റ്യൻെറ നേതൃത്വത്തിൽ അദ്ദേഹത്തേയും മന്ത്രിസഭാംഗങ്ങളേയും സന്ദർശിച്ചു നടത്തിയ നിവേദനത്തിനു മറുപടിയായി നൽകിയ ഉറപ്പനുസരിച്ച് ഇനിയും പ്രവത്തിച്ചുകാണാത്തതു് വ്യഥാകരമായിരിക്കുന്നു. എല്ലാ പത്രങ്ങളിലും ഏതാണ്ട് ഒരേ രൂപത്തിൽ കണ്ട റിപ്പോർട്ടുകൾ വിശ്വസിക്കാമെങ്കിൽ ഡൽഹിയിൽനിന്നും മടങ്ങിവന്നാലുടനെ ഇതിനെപ്പററി അവസാനതീരുമാനം ചെയ്യാമെന്നു് മന്ത്രിസഭാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി അവർകൾ ഖണ്ഡിതമായി ഉറപ്പുനൽകിയിരുന്നതായിട്ടാണ് ഞങ്ങൾ മനസ്സിലാക്കിയിരുന്നിരുന്നതു്. എന്നാൽ ഉറപ്പുകൾ പാലിക്കുവാനുള്ള സന്നദ്ധത അധികാരികൾക്കു ഉണ്ടോയെന്നു ബലമായി സംശയിക്കത്തക്കവിധമാണ്, ഇക്കാര്യം ഒരു നീക്കുപോക്കുമില്ലാതെയിട്ടു നീട്ടിക്കൊണ്ടുപോകുന്നതു്. ഇക്കഴിഞ്ഞദിവസം അസംബ്ളിയിൽ ഇതേപ്പററിയുണ്ടായ ചോദ്യോത്തരങ്ങൾ ജനങ്ങളുടെ സംശയം വർദ്ധിപ്പിക്കയാണു ചെയ്തിരിക്കുന്നതെന്ന വസ്തുത അധികൃതരുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. അസംബ്ളിയിൽ തൽസംബന്ധമായുണ്ടായ ചോദ്യോത്തരങ്ങളുടെ പത്രറിപ്പോർട്ടു താഴെ ചേക്കുന്നു.

പി. കെ. കുഞ്ഞച്ചൻ:- ക്രിസ്തുമതം സ്വീകരിച്ച പിന്നോക്കസമുദായക്കാർക്ക് ഹിന്ദുമതത്തിൽതന്നെ നില്ക്കുന്ന പിന്നോക്കസമുദായക്കാക്കിന്നു നൽകിവരുന്ന അത്രയും വിദ്യാഭ്യാസസഹായങ്ങൾ നൽകാൻ ഗവമ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ? വിവേചനം തുടരണമെന്നു ഉദ്ദേശമുണ്ടോ? ഈ വിവേചനം അവസാനിപ്പിക്കുവാൻ തയ്യാറാകുമോ?

മന്ത്രി:- ഗവമ്മെൻറ് ഇതേപ്പററി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ടി. കെ. ദിവാകരൻ:- മുഖ്യമന്ത്രി ഡൽഹിയിൽനിന്നും വന്നാലുടൻ ഇതു സംബന്ധിച്ച് ഉത്തരവു പാസ്സാക്കാമെന്നു് പറഞ്ഞിരുന്നില്ലേ?

മന്ത്രി:- അതേപ്പററി ആലോചിക്കാമെന്നു പറഞ്ഞിരുന്നു.

ദിവാകരൻ:- വന്നശേഷം ആലോചിച്ചോ?

മുഖ്യമന്ത്രി:- വന്നശേഷം ആലോചിക്കാൻ സമയം കിട്ടിയില്ല.

പി. എം. മക്കോസ്:- ആലോചന തുടങ്ങിയിട്ട് എത്ര കാലമായി?

മന്ത്രി:- കുറച്ചുകാലമായി.

മക്കോസ്:- എന്നത്തേക്കു ആലോചന പൂത്തിയാകും?

മന്ത്രി:- ആലോചന തീരുമ്പോൾ.


എം. എം. മത്തായി:- ഇന്ത്യൻ പ്രധാനമന്ത്രിയിൽനിന്നും വല്ല നിദ്ദേശവും ലഭിച്ചിട്ടുണ്ടോ?

മന്ത്രി:- ഇല്ല.

കുഞ്ഞച്ചൻ:- ക്രിസ്തുമതം സ്വീകരിച്ച പിന്നോക്കസമുദായക്കാരെ എങ്ങനെ തിരിച്ചറിയും?

മന്ത്രി:- അതൊക്കെയാണു ആലോചിക്കുന്നതു്.

ഡെപ്യൂട്ടേഷനു നൽകിയ ഉറപ്പിൽനിന്നും തെററിയൊഴിയാനുള്ള ഒരു വ്യഗ്രതയല്ലേ നേരെ ചൊവ്വെ അല്ലാതെയുള്ള മേലുദ്ധരിച്ച ഉത്തരങ്ങൾ സൂചിപ്പിക്കുന്നതു്. കഴിഞ്ഞ ആറുവർഷമായി ഈ പാവപ്പെട്ട ജനവിഭാഗത്തിനു ന്യായപൂവ്വം ചെല്ലേണ്ടുന്ന അവകാശാനുകൂല്യങ്ങൾ നിഷേധിച്ചുകഴിഞ്ഞിരിക്കുന്ന ജനകീയഗവമ്മെൻറ്, ഭരണഘടനയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ



# പുരോഗമനക്കാരി

(എ ജോയിച്ചൻ)

“നീനക്കെവിടെ കിട്ടിയെടി ഈ വൃത്തികെട്ട നോവലുകൾ?” തൻെറ ഓമൽക്കുമാരിയോട് മദ്ധ്യവയസ്കയായ മാതാവു ചോദിച്ചു.

“അമ്മച്ചിക്കു് അറിയാൻ പാടില്ല, അല്ലേ? അമ്മച്ചി നോവലുകൾ വായിച്ചുതള്ളുന്നതു് ആരും കാണുന്നില്ലെന്നാണോ വിചാരം?” ആ നോവൽപ്രിയയായ മകൾ വിട്ടില്ല. ഈ നോവൽപ്രിയ ആരാണെന്നോ?

* * *

ആവിലാപ്പട്ടണം. പ്രകൃതിയുടെ ആ കൊച്ചുകുമാരി പച്ചവില്ലുസുട്ടു് ആഭരണവിഭൂഷിതയായി വിലസുകയാണു്. നിറപ്പകിട്ടോടെ ആകാശത്തേക്കു തല ഉയർത്തിനില്ക്കുന്ന പ്രാസാദങ്ങൾ, മഞ്ഞണിഞ്ഞു് മലർചൂടിയ കൊച്ചുകൊച്ചു “പാർക്കു”കൾ, കളകളാരവം പൊഴിച്ചു് വിഹായസ്സിൻെറ വിശാലതയിലൂടെ വിഹരിക്കുന്ന വിഹംഗങ്ങൾ, കിലുകിലെ പൊട്ടിച്ചിരിച്ചുകൊണ്ടൊഴുകുന്ന കൈത്തോടുകൾ ഇവ ആ കൊച്ചുനഗരഗാത്രത്തിൽ സൗന്ദര്യത്തിൻെറ അലച്ചാർത്തുകൾ അണിയിക്കുവാൻ പോരുന്നവയായിരുന്നു. അല്ലോൻസും ബിയാട്രീസും! അവരുടെ വൈവാഹികവാടിയിൽ വിടർന്നുവന്ന വാടാമല്ലിയായിരുന്നു തെരേസാ. വിശുദ്ധരുടെ പട്ടികയിലേക്കു ചെപ്പാദോകുടുംബത്തിൻെറ കൈത്തുന്ന സംഭാവന! മധുമധുരിമനിറഞ്ഞ ആ വസന്തകാലം മധുരമായങ്ങനെ കഴിഞ്ഞുപോയി. ആവിലായിലെ ആ സുന്ദരസൂനം പൊട്ടിവിരിയുവാനാരംഭിച്ചു.

ബാല്യത്തിൻെറ അബലതകളും ചാപലതകളും തെരേസായിൽ മുളച്ചുപൊങ്ങി. കേവലം ഒരു ബാലികയായിരുന്നപ്പോൾതന്നെ “വലിയ പുള്ളി” ചമയുവാനവൾ വെമ്പൽകൊണ്ടു. അന്നൊരിക്കൽ അവൾ സ്വസഹോദരനോടു ചോദിച്ചു: “നമുക്കു മഠം പണുതു കളിക്കാ?”

“ഉം. ഞാനും കൂടാം. എന്നെ കപ്ലോനാക്കണം” അവനു സന്തോഷമായി.

അവരിരുവരുംകൂടി മഠം ഒന്നു തീർത്തു!

പക്ഷെ കുസൃതിക്കാററു് ബാലലീലകൾ വകവച്ചുകൊടുത്തില്ല. മഠത്തിലെ കപ്ലോനും ശ്രേഷ്ഠത്തിയും പമ്പകടന്നു. അന്നത്തെ മഠംപണിയും തീർന്നു. കളിയും കരച്ചിലും കലർന്ന കുട്ടിക്കാലം കഴിഞ്ഞു് അവൾ ഭാവിയിലേക്കു നീങ്ങിക്കൊണ്ടിരുന്നു.

യൗവ്വനം! ആ മഹാവനത്തിൽ വച്ചു് അവളുടെ പാദങ്ങൾ അല്പമൊന്നു ഇടറാനും സ്വല്പമൊന്നു പതറാനും തുടങ്ങി. ബാല്യകാലത്തിലെ സച്ചിന്തകളെല്ലാം ഓടിയൊളിച്ചു. അവയുടെ സ്ഥാനത്തു് ദൂഷിച്ച ആശയങ്ങൾ കയറിപ്പററി. പരിശുദ്ധിയുടെ പരമകോടിയിലിരിക്കുന്നവരെപ്പോലും പിന്തിരിപ്പിക്കുന്നവയാണു് അശ്ലീലഗ്രന്ഥങ്ങൾ. പിന്നെ ഇടറുന്ന കാൽവെപ്പുകളോടെ യൗവ്വനദശയിലേക്കു കയറിയ തെരേസായുടെ കാര്യം പറയണമോ? അമ്മച്ചിയുടെ കസ്റ്റഡിയിൽ കാത്തുവച്ചിരുന്ന ചില പുസ്തകങ്ങളിൽ ആ കന്യകയുടെ കണ്ണുകൾ പതിഞ്ഞു. ആ പുസ്തകപ്രിയ ആർത്തിയോടെ വായിച്ചുതീർത്തു ആ പുസ്തകങ്ങൾ! അവ ആ ലോലമാനസയെ ആദർശത്തിൽനിന്നും പിടിച്ചുമാററി. ആടിപ്പാടി സെൻറും പൗഡറും പൂശി പരിലസിക്കുവാൻ അവൾ ഇഷ്ടപ്പെട്ടു. ആരുമാരുമറിയാതെ തൻെറ ആഗ്രഹങ്ങൾക്കവൾ നിവൃത്തിവരുത്തി.

അല്ലോൻസ് അവളുടെ വഴിപിഴച്ച പോക്കിനെ കടിഞ്ഞാണിട്ടു നിറുത്തി. സുഖലോലുപകളായ സഖികളിൽനിന്നും തൻെറ മകളെ അദ്ദേഹം പിടിച്ചുമാററി. ദൂഷിച്ച കൃതികൾ അവളെ കണികാണിച്ചില്ല. പിതാവു തെരേസായെ ലൗകികരംഗത്തുനിന്നും ആദ്ധ്യാത്മികരംഗത്തേക്കു പിടിച്ചുകൊണ്ടുവന്നു് ഏകാന്തജീവിതത്തിലേക്കാനയിച്ചു

സ്നേഹനിധിയായ ആ പിതാവു് തൻെറ പ്രിയപുത്രിയെ വിദ്യാഭ്യാസാർത്ഥം മഠംവക സ്കൂളിലയച്ചു. ക്രിസ്തുവിൻെറ മണവാട്ടികളുടെ നേതൃത്വത്തിൽ തെരേസാ ജീവിതത്തെ വേറൊരു പഥത്തിലൂടെ തിരിച്ചുവിട്ടു. അവൾ നിയന്ത്രിതയായി. അതെ, “അടിച്ചുകെട്ടും ഇടയനും” അവൾക്കുണ്ടായി. പഴയ കെട്ടും മട്ടുമൊക്കെ ആ പരിഷ്കാരിപ്പെണ്ണു് ഉപേക്ഷിച്ചു. അല്ല, അതിനു നിർബന്ധിതയായി. സാഹചര്യങ്ങൾ അവളെ അനാഡംബരപ്രിയയാക്കി.

ഇക്കാലത്തു് ആ തരുണിയുടെ അന്തരംഗത്തിൽ ദിവ്യാഹ്വാനത്തിൻെറ ഇരടികൾ മുഴങ്ങിക്കൊണ്ടിരുന്നു. അവളതിനു ചെവികൊടുത്തു. നാലുഭാഗത്തുനിന്നും തലഉയർത്തിയ പ്രതിബന്ധങ്ങളും പരിഹാസങ്ങളും പരിഗണിക്കാതെ തെരേസാ, ആവിലായിൽ അവിരതം വിളങ്ങിയിരുന്ന തിരുവവതാരമഠത്തിൽ ചേർന്നു് “നൊവിഷ്യേററു്” കഴിച്ചു തൻെറ നിലയും വിലയും അനുചിതമായതെല്ലാം ഉപേക്ഷിച്ചു് അവൾ ഒരു കാര്യംമാത്രം സ്വന്തമായി സ്വീകരിച്ചു; സ്നേഹപൂർണ്ണമായ സേവനവും സേവനപൂർണ്ണമായ സ്നേഹവും. അന്യർക്കായി എത്ര താഴ്ന്ന ജോലി ചെയ്യുന്നതിനും തെരേസാ തയ്യാറായി. താരുണ്യവും ലാവണ്യവും ഒത്തിണങ്ങിയ, ദിവ്യനാഥൻെറ ആ വധു അനാരോഗ്യംനിമിത്തം മരണത്തിൻെറ മാറാലകൾക്കുള്ളിൽ പോയി തിരിച്ചുവന്നു. അവളുടെ മുമ്പിൽ മരണത്തിൻെറ കറുത്തയവനിക എന്നന്നേക്കുമായി വീണുവെന്നു് എല്ലാവരും വിചാരിച്ചു. എന്നാൽ ദൈവഹിതം മറിച്ചായിരുന്നു.

വാസരങ്ങളും വസന്തങ്ങളും വത്സരങ്ങളും നാളെകളെ നോക്കിനോക്കി കടന്നുപോയി. “ഇന്നു”കൾ ഇന്നലെകളായും “നാളെ”കൾ ഇന്നുകളായും മാറി. ആവിലായിലെ അഭിമാനഭാജനം, പലരുടേയും അഭിപ്രായങ്ങളെ ആദരിച്ചു്, പലരുടേയും സഹായഹസ്തങ്ങളിലാശ്രയിച്ചു്, കർമ്മലമഠങ്ങളിലെ ജീവിതപരിപാടികൾ ഉടച്ചുവാർക്കുന്നതിനു് അരമനസ്സു വച്ചു. ആയിടയ്ക്കുണ്ടായ ദിവ്യദർശനം ആ അരമനസ്സിനെ മുഴുവനാക്കിത്തീർത്തു. അധികാരികളുടെ അനുവാദസമേതം, അംഗീകാരസമന്വിതം തെരേസാ ഒരു മുന്നണിമുന്നേററത്തിനു കോപ്പുകൂട്ടി. കർമ്മലാരാമത്തിനു് ഒരു നവചൈതന്യം പകർന്നുകൊടുക്കുന്നതിനും അങ്ങനെ കരിയാർന്നുതുടങ്ങുന്ന കർമ്മലവാടിയെ പൂർവ്വാധികം പച്ചപിടിപ്പിക്കുന്നതിനും അവൾ നിശ്ചയിച്ചിറങ്ങി.

എമ്പാടും ഉയർന്നുവന്ന നിശിതനിരൂപണങ്ങളുടേയും നിഷ്പക്ഷതയുടേയും നിസ്സഹകരണത്തിൻെറയും നേരെ ഒരു തിരിച്ചടിയെന്നവണ്ണം തെരേസായുടെ പദ്ധതി മുന്നോട്ടുതന്നെ നീങ്ങി. പ്രതിബന്ധങ്ങളുടെ നടുക്കടലിൽ ആവിലായിൽ വേറൊരു കന്യകാലയംകൂടി ഉടലെടുത്തു. അങ്ങനെ നവീകരണപ്രസ്ഥാനത്തിൻെറ തള്ളത്തറവാടു് തലയെടുപ്പോടെ ഉയർന്നുവന്നു.

ആ സന്യാസിനി ആവിലായിലെ കുടുസ്സായ അന്തരീക്ഷത്തിൽനിന്നു് വിശാലമായ ലോകത്തിലേക്കു കാലെടുത്തുവച്ചു. ആവിലായിൽ മുളയെടുത്ത “കടുകുമണി” ശാഖകൾ വിരിക്കുവാൻ തിടുക്കം കൂട്ടി. ആവിലായിലതു് പടർന്നു് പന്തലിച്ചു. ശാഖകൾ വിരിനിന്ന ആ വൻവൃക്ഷത്തിൻെറ ഒരു ശിഖരം തെരേസാ മെഡിനായുടെ ഹൃദയത്തിൽ വെട്ടിക്കുത്തി. അവിടത്തെ മണ്ണു് വളക്കൂറുള്ളതായിരുന്നതിനാൽ വെട്ടിക്കുത്തപ്പെട്ട ശാഖ വാട്ടമൊന്നും കൂടാതെ പുതിയ മണ്ണിൽ വേരോച്ചു് വളർന്നു. അവിടെ വച്ചാണു് ആ കർമ്മലീത്താക്കാരി കർമ്മലാരാമത്തിലെ ഒരു പ്രോജ്വലസൂനമായ ജോൺ ഓഫ് ദി ക്രോസുമായി പരിചയപ്പെട്ടതു്. അദ്ദേഹത്തിൻെറ സഹകരണത്തിൽ അൽക്കാലായിലും മൽഗോനിയിലും വാലഡോലിയിലും നവീകരണത്തൈകൾ പാകിച്ചുനട്ടു. പാസ്ട്രാനായിലെ രാജ്ഞിയുടെ ഇംഗിതാനുസരണം അവിടെയും ഒരു സന്യാസഭവനം പടുത്തുയർത്തി.

സ്നേഹത്തിൻെറ മലർക്കാവിലൂടെ ത്യാഗമാകുന്ന ടോർച്ചടിച്ചു് അവൾ വീരോടെ മുന്നേറി. റൊറാലാഡോ, സലമാങ്കാ, ആൽബാ, സെജൊനാവ്യ, ആദിയായ സ്ഥലങ്ങളിൽ അത്യദ്ധ്വാനം ചെയ്തു ശാഖാശ്രമങ്ങൾ സ്ഥാപിച്ചു.

അങ്ങനെ മഠത്തിലെ അംഗമായിരുന്നുകൊണ്ടു് മഠത്തിനു പുറത്തിറങ്ങി അനേകം ശാഖകൾ സ്ഥാപിച്ച ഒരു കർമ്മധീരയാണവൾ. ജീവിതസായാഹ്നത്തിൽ ആ ധീരമാനസ എത്തിച്ചേർന്നു. ആ അറുപത്തിയേഴുകാരിയെ മരണം തുറിച്ചുനോക്കി. വി. ഫ്രാൻസിസിൻെറ തിരുനാൾദിനത്തിൽ സ്വർഗ്ഗത്തിൽ മംഗളഗീതികളാലപിക്കുന്നതിനായി അവളുടെ ആത്മാവു് പറന്നുപോയി. അധികം താമസിയാതെ അൾത്താരയിലെ ആദരവിനായി അവൾ ഉയർത്തപ്പെട്ടു. അവളുടെ പാവനദേഹം ആൽബായിൽ അക്ഷയമായി ഇന്നും വിശ്രമംകൊള്ളുകയാണു്!

x x x

തെരേസായുടെ തൂവലിലൂടെ പുറത്തു വന്നിട്ടുള്ള സാഹിത്യഗ്ര

## ഒല്ലൂർ

## വി. റപ്പായേൽ മാലാഖായുടെ തിരുനാൾ

ഒല്ലൂർ ഫൊറോനാപള്ളിയിൽ കൊല്ലംതോറും നടത്തിവരാറുള്ള അത്ഭുതപ്രവർത്തകനായ വി. റപ്പായേൽ മാലാഖയുടെ തിരുനാൾ ഈ ഒക്ടോബർമാസം 23, 24 (ഞായർ, തിങ്കൾ) എന്നീ തിയതികളിൽ ആയിരിക്കുന്നതാണു്. തീർത്ഥകർക്കു പതിവുപോലെ എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കുന്നതാണു്.


ഒല്ലൂർ,
13-10-1955

എന്നു്,
ഒല്ലൂർ ഫൊറോ. പള്ളിവികാരി.

---

ത്തുവർഷകാലാവധിയിൽ ശേഷിച്ച നാലുവർഷത്തേക്കുകൂടി അതു് അവരിൽനിന്നും അപഹരിച്ചെടുക്കുന്നതിനു പ്രയോഗിക്കുന്ന തടസ്സതന്ത്രമല്ലെങ്കിൽ പിന്നെന്താണിതു്? കോൺഗ്രസ് പാർട്ടിയിലെ 46 മെമ്പറന്മാർചേർന്നു് ഈയിടെ സമർപ്പിച്ച മെമ്മോറാണ്ഡത്തിലും ഡെപ്യൂട്ടേഷൻ നേതാവായ മി. പി. ജെ. സെബാസ്റ്റ്യൻ മുഖ്യമന്ത്രിക്കയച്ച കത്തിലും ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ ഇന്ത്യൻ പ്രസിഡൻറിൻേറയും ഇന്ത്യൻ പ്രധാനമന്ത്രിയുടേയും ഖണ്ഡിതമായ ഡയറക്ടിവിൻെറ വെളിച്ചത്തിൽ ഉടനെ അനുവദിച്ചുകൊടുക്കുന്നതിനുപകരം ഇങ്ങനെ വച്ചുതാമസിപ്പിക്കുന്നതിൻെറ പൊരുൾ എന്താണു്? ഇന്നു പട്ടികജാതി ഹിന്ദുക്കളെ അവർ പട്ടികജാതിക്കാരാണെന്നറിയുവാൻ എന്തു മാനദണ്ഡമാണുപയോഗിക്കുന്നതു്. അതേമാനദണ്ഡംതന്നെ ഉപയോഗിച്ചാൽ മതിയാകുമല്ലോ പട്ടികജാതി ഹിന്ദുക്കളിൽനിന്നും മതപരിവർത്തനം ചെയ്തവർ ആരെന്നു കണ്ടുപിടിക്കാൻ. പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർ വീണ്ടും ഹിന്ദുമതത്തിൽ ചേർന്നാൽ അവർക്കു തൽക്ഷണം ഈ ആനുകൂല്യാവകാശങ്ങൾ കിട്ടുകയായി. മതംനോക്കിയുള്ള, ഭരണഘടനാവിരുദ്ധമായ ഈ പക്ഷപാതനയം അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നു മുഖ്യമന്ത്രിയോടും സഹമന്ത്രിമാരോടും ഞങ്ങൾ സഗൗരവം ചോദിച്ചുകൊള്ളുന്നു. സന്മനസ്സുണ്ടെങ്കിൽ ഒരു നിമിഷംകൊണ്ടു് നിർവ്വഹിക്കപ്പെടാവുന്നതേയുള്ളു ഇക്കാര്യം. കുറേപ്പേരെ എല്ലാക്കാലത്തേക്കും എല്ലാവരേയും കുറേക്കാലത്തേക്കും കബളിപ്പിക്കാൻ സാധിച്ചേക്കും. എന്നാൽ എല്ലാവരേയും എല്ലാക്കാലത്തേക്കും കബളിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നുള്ളതു് അറിയേണ്ടവർ മനസ്സിലാക്കി പ്രവർത്തിക്കുന്നതു നന്നു്.

(മലബാർമെയിൽ മുഖപ്രസംഗം)



PC. 302

## നോക്കൂ—ഇപ്പോൾ നമുക്ക് ഒരു റേഡിയോ വാങ്ങിക്കുവാൻ സാധിക്കും

ഇതു് വെറും ഊഹംമാത്രമല്ല—അവർ കണക്കുകൂട്ടി തിട്ടപ്പെടുത്തിയതാണു്. അവർക്കു വളരെ നാളുകളായി വാങ്ങിക്കുവാൻ ആഗ്രഹമുണ്ടായിരുന്ന ആ റേഡിയോ ഈ മാസത്തിൽതന്നെ അവർക്ക് വാങ്ങിക്കുവാൻ കഴിയും. അവരുടെ ഈ മാസത്തെ ചിലവുകൾ അല്പം ചുരുക്കേണ്ടിവരുമെന്നുള്ളതു് വാസ്തവമാണ്. അതുപോലെ സേവിംഗ്സ് കണക്കിൽ നിന്നും ഒരു ചെറിയ സംഖ്യ പിൻവലിക്കേണ്ടിവരികയും ചെയ്യും. എന്നാൽ അതു് അവരുടെ ഈ ആഗ്രഹപ്രാപ്തിക്കുവേണ്ടിയാണല്ലോ. ഫാമിലി ബഡ്ജററ ബുക്ക് പാലാ ബാങ്കിൽനിന്നും വാങ്ങിയതു മുതൽ ശങ്കറിനും കമലയ്ക്കും മുടങ്ങാതെ സമ്പാദിക്കാൻ സാധിച്ചു.

### നിങ്ങൾക്കും സമ്പാദിക്കുവാൻ കഴിയും

ഓരോ മാസത്തിൻേറയും ആരംഭത്തിൽ ആ മാസത്തിൽ പ്രതീക്ഷിക്കുന്ന വരവ് ഫാമിലി ബഡ്ജററ ബുക്കിൽ കുറിക്കുക. എന്നിട്ട് നിങ്ങൾക്കു ഉണ്ടാകാൻ ഇടയുള്ള ചിലവുകൾ ആ ബുക്കിലുള്ള 35 ഇനങ്ങളിൽ ഉദ്ദേശമായി എഴുതുക. അങ്ങിനെ നിങ്ങളുടെ സേവിംഗ്സ് കണക്കിലേക്ക് എത്ര മിച്ചം ഉണ്ടാക്കുവാൻ സാധിക്കുമെന്നും. മററിനങ്ങൾക്ക് എന്തുണ്ടെന്നും നിങ്ങൾക്കു കണിശമായി അറിയാം.

പാലാ ബാങ്കിൽനിന്നും കിട്ടുന്ന ഫാമിലി ബഡ്ജററ ബുക്ക് നിങ്ങളുടെ സമ്പാദ്യങ്ങളുടെ ഒരു ശരിയായ വിവരണം എഴുതുന്നതിനും ഉപകരിക്കും. അതു് നിങ്ങൾ കൊടുത്തു തീർക്കേണ്ടതായ കരം, ഇൻഷ്വറൻസ് തവണകൾ മുതലായ കാര്യങ്ങളെപ്പററി നിങ്ങളെ അനുസ്മരിപ്പിക്കും. ഈ ചെറിയ ബുക്ക് നിങ്ങൾക്ക് ഒരനുഗ്രഹമായിരിക്കും. ഇതു് നിങ്ങളുടെ ധനപരമായ പല മനക്ലേശങ്ങളേയും ദൂരീകരിക്കുന്നതിനു് സഹായിക്കും.





പാലാ സെൻട്രൽ ബാങ്കിൽ കണക്കുള്ളവർക്കെല്ലാം സൌജന്യമായി ലഭിക്കുന്നതാണ് ഉപകാരപ്രദമായ ഈ ഫാമിലി ബഡ്ജററ ബുക്കിൻെറ ഒരു പ്രതി. നിങ്ങൾക്കു കണക്കില്ലെങ്കിലും ബുക്കിൻെറ ഒരു പ്രതി ആവശ്യമുണ്ടെങ്കിൽ, അടുത്തുള്ള ബ്രാഞ്ചിലേക്ക് 1-ണ3 മണിഓർഡർ അയക്കുക. ഇന്നുതന്നെ ഒരു പ്രതി കരസ്ഥമാക്കുക.

## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ESTD. 1927

ഹെഡ് ആഫീസ്: പാലാ, തിരുവിതാംകൂർ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

# ക്രിസ്തുമതം സ്വീകരിക്കുന്നതുകൊണ്ട് യാതൊരവകാശവും നഷ്ടപ്പെടുന്നില്ല

### മദ്ധ്യഭാരത് ഗവർമ്മെൻറിൻെറ ഉത്തരവ്

ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യുന്ന ആദിവാസികൾക്കു ഭരണഘടനയനുസരിച്ചുള്ള എല്ലാ അവകാശങ്ങളും ലഭിക്കുന്നതാണെന്നും, മതം മാറുന്നതുകൊണ്ട് ആദിവാസികൾ ആദിവാസികളല്ലാതായി തീരുന്നില്ലെന്നും, മതം മാറിയവരും അല്ലാത്തവരും തമ്മിൽ പ്രസ്തുത അവകാശങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു വിവേചനത്തിനും വകയില്ലെന്നും, പട്ടികജാതിക്കാർ വസിക്കുന്ന പ്രദേശങ്ങളിൽ ക്രിസ്ത്യാനികൾക്കു അവരുടെ പള്ളികളോ, വിദ്യാലയങ്ങളോ, ധർമ്മസ്ഥാപനങ്ങളോ സ്ഥാപിക്കുന്നതിനു മററു സമുദായങ്ങൾക്കുള്ളതുപോലെ എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കുന്നതാണെന്നും കാണിച്ച് മദ്ധ്യഭാരത് ഗവമ്മെൻറ് ഒരുത്തരവു പുറപ്പെടുവിച്ചിരിക്കുന്നു. ഉത്തരവിൻെറ പകപ്പുകൾ സംസ്ഥാനാതിർത്തിക്കകത്തുള്ള ഇൻഡോർ ബിഷപ്പ് തിരുമേനിക്കും, കേന്ദ്രപട്ടികജാതി കമ്മീഷണർക്കും, നാഗപ്പൂർ റീജനൽ അസിസ്റ്റൻറ് കമ്മീഷണർക്കും റവന്യൂബോർഡ് സീനിയർ മെമ്പർ, മദ്ധ്യഭാരത് ഹരിജൻ ആൻറ് ട്രൈബൽ വെൽഫയർ ഡിപ്പാർട്ടുമെൻറ് ഡയറക്ടർ, സിക്രട്ടറിയേററിലെ വിവിധ വകുപ്പധികാരികൾ ഇവർക്കെല്ലാം നടപടിക്കായി അയച്ചുകൊടുത്തിട്ടുണ്ട്. തിരുകൊച്ചി ഗവമ്മെൻറ് ഇവിടത്തെ അവശക്രൈസ്തവരെ സംബന്ധിച്ച് സ്വീകരിച്ചുപോരുന്ന ഭരണഘടനാവിരുദ്ധമായ വിവേചനനയത്തിൽനിന്നു പിന്മാറുന്നതിനും അവശക്രിസ്ത്യൻ വിഭാഗത്തിൻെറ നീതിക്കുവേണ്ടിയുള്ള ദയനീയരോദനം അല്പമൊരനുകമ്പാപൂർവ്വം ശ്രവിക്കുന്നതിനും ഈ മാതൃക പ്രേരകമാകുമോ?

#### ഗവമ്മെൻറ് ഓർഡർ

മദ്ധ്യഭാരത് ഗവമ്മെൻറ്—വനവും വനവാസിസംരക്ഷണവും ഡിപ്പാർട്ടുമെൻറ്, ഇൻഡോർ.

നമ്പർ 2391/XTW/Ind·220 (55)

10 സെപ്റ്റംബർ, 1955.

എല്ലാ കളക്ടറന്മാർക്കും,

ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെടുന്ന ആദിവാസികൾ ആദിവാസികളല്ലാതാകുന്നുവെന്നും, അവർക്കു അനുവദിക്കപ്പെട്ടിട്ടുള്ള അവകാശങ്ങൾക്കും സൗജന്യങ്ങൾക്കും അനർഹരായിത്തീരുന്നുവെന്നും ഒരു തെററിദ്ധാരണ ചില വിഭാഗങ്ങളിൽ പ്രാബല്യത്തിലിരിക്കുന്നതായി ഗവമ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികൾക്കു അവരുടെ ധർമ്മസ്ഥാപനങ്ങൾക്കും വിദ്യാലയങ്ങൾക്കും മതസ്ഥാപനങ്ങൾക്കുംവേണ്ടി — പട്ടികജാതിക്കാരുടെ വാസസ്ഥലങ്ങളിൽ പ്രത്യേകിച്ചും—സ്ഥലം വാങ്ങുന്നതിനു പല ബുദ്ധിമുട്ടുകളും നേരിടുന്നതായും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഈ റിപ്പോർട്ടുകൾക്കു കാര്യമായ അടിസ്ഥാനമുണ്ടെന്നു ഗവമ്മെൻറ് വിശ്വസിക്കുന്നില്ല എങ്കിലും, ഇക്കാര്യത്തിൽ ഏതെങ്കിലും തെററിദ്ധാരണയ്ക്കുള്ള സാദ്ധ്യതകളെപ്പോലും ദൂരീകരിക്കുന്നതു അഭിലഷണീയമായിരിക്കുമെന്നു ഗവമ്മെൻറു കരുതുന്നു. അതുകൊണ്ട്, ആദിവാസികൾക്കനുവദിക്കപ്പെട്ടിട്ടുള്ള ഭരണഘടനാപരമായ എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും അവരുടെ ജാതീയമായ പിന്നോക്കാവസ്ഥയെ ആധാരമാക്കിയുള്ളതാണെന്നും മതപരമായ ബോദ്ധ്യതകളെ കണക്കാക്കിയുള്ളതല്ലെന്നും, തന്മൂലം ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ആദിവാസികളും ആദിവാസികളെന്ന നിലയിലുള്ള അവരുടെ എല്ലാ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും അർഹരാണെന്നും, അതുകൊണ്ട് ഇക്കാര്യത്തിൽ മററുള്ള ആദിവാസികളും അവരും തമ്മിൽ യാതൊരുവിധ വിവേചനയും കാണിക്കരുതെന്നും പ്രസ്താവിക്കുന്നതിനു ഞാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

2. ക്രിസ്ത്യാനികൾക്കു അവരുടെ ധർമ്മസ്ഥാപനങ്ങൾക്കും വിദ്യാഭ്യാസപരവും മതപരവുമായ സ്ഥാപനങ്ങൾക്കും വേണ്ട സ്ഥലം സമ്പാദിക്കുന്ന കാര്യത്തിൽ ഉള്ളതായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ള വിഷമതകളെ സംബന്ധിച്ച്, ഇക്കാര്യങ്ങളിൽ മററു സമുദായങ്ങൾക്കു നൽകപ്പെടുന്ന എല്ലാ ആനുകൂല്യങ്ങളും ക്രിസ്ത്യാനികൾക്കും നൽകപ്പെടുന്നതാണെന്നും യാതൊരു വിവേചനയും ഉണ്ടാകുന്നതല്ലെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. (ഒപ്പ്)

എസ്. പി. മിത്രാ
ഗവമ്മെൻറ് സിക്രട്ടറി

---

ണം തികഞ്ഞ കൃതികൾ പലതുണ്ട്. "ഓടിപ്പാഞ്ഞു" നടന്നു് പണിയെടുത്തിരുന്നതിനിടയിൽ എത്ര നല്ല കൃതികളാണു് വിശുദ്ധ, വിശ്വസാഹിത്യത്തിനു് സംഭാവന ചെയ്തിട്ടുള്ളതു്! സ്വയം കൃതചരിത്രവും ആത്മാവിൻെറ ആന്തരികപ്രാസാദവും (Interior Castle of the Soul) സുകൃതസരണിയും (Way of Perfection) ദൈവസ്നേഹചിന്തകളും (Concepts of Divine Love) വിശുദ്ധയുടെ എഴുത്തുകളും (Letters of St· Theresa of Jesus) വിശുദ്ധയുടെ കവനങ്ങളും (Poems of St· Theresa) അടിത്തറകളും (Foundations) അധികാരികളോടും (To Authorities) ആ വിശുദ്ധയുടെ തൂവൽത്തുമ്പിൽനിന്നും നിർഗ്ഗളിച്ചിട്ടുള്ള കൃതികളാണു്.

x x x

ആ യശശ്ശരീരിണി നമുക്കൊരു സുസന്ദേശം നൽകുന്നുണ്ട്. "ഒന്നുകിൽ സഹിക്കുക; അല്ലെങ്കിൽ മരിക്കുക" ഇതായിരുന്നു വിശുദ്ധയുടെ ആദർശം. പീഡകളുടെ മദ്ധ്യത്തിൽ, പ്രതിബന്ധങ്ങളുടെ വേലിയേററത്തിൽ സന്തോഷചിത്തനായിരിക്കുവാൻ പഠിക്കണം. കുരിശുകളും ദുഃഖങ്ങളും സമോദം നേരിടണം. അതാണു സെൻറ് തെരേസാ നമുക്കു തരുന്ന ഇരുപതാം സന്ദേശം.



For favours received
Excuse delay
Mrs· Rosy Jos

# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പായുടെ സന്ദർശനങ്ങൾ

### 1. കായികാഭ്യാസികളുടെ സന്ദർശനം

ഇററലിയുടെ നാനാഭാഗങ്ങളിൽനിന്നുമായി ഒരു ലക്ഷം വരുന്ന കായികാഭ്യാസികൾ ഈ മാസം 8-ം 9-ം തീയതികളിൽ റോമിൽ സമ്മേളിച്ചു. കത്തോലിക്കാപ്രവർത്തനസംഘത്തിൻെറ ആഭിമുഖ്യത്തിലുള്ള "ഇററലിയൻ സ്പോർട്ട്സ് സെൻററിൻെറ പത്താം വാർഷികാഘോഷാവസരമായിരുന്നു അതു്. ദേശീയ ചാമ്പിയൻ തിരഞ്ഞെടുപ്പിനുവേണ്ടി വിവിധമത്സരങ്ങൾ പരിപാടിയിൽ കൊള്ളിച്ചിരുന്നു. കൂടാതെ സാർവ്വദേശീയമായ ഒരു സൈക്കിൾമത്സരവും നടത്തുകയുണ്ടായി. ഫ്രാൻസ്, ഇററലി, ബൽജിയം, സ്പെയിൻ, നെതർലണ്ട്സ്, സ്വിററ്സർലണ്ട് മുതലായ രാജ്യങ്ങളിൽനിന്നുള്ള വിദഗ്ദ്ധന്മാർ അതിൽ പങ്കെടുത്തു. ചരിത്രപ്രസിദ്ധമായ കൊളോസിയത്തിൻെറ ഭാഗങ്ങൾ തന്നെയായിരുന്നു മത്സരരംഗം. ശനിയാഴ്ച അവർക്കുവേണ്ടി കൊളോസിയത്തിൽ പാതിരാക്കുർബാനയും പന്തപ്രദക്ഷിണവും ഉണ്ടായിരുന്നു. ഞായറാഴ്ച കായികാഭ്യാസികളെല്ലാം അവരുടെ അഭ്യാസവേഷത്തിൽ പട്ടണപ്രദക്ഷിണം നടത്തി സെൻറു പീറ്റേഴ്സ് അങ്കണത്തിൽ വന്നുചേർന്നു. പരിശുദ്ധപിതാവു് അവർക്കു സന്ദർശനം നൽകുന്നതിനു കാസ്റ്റൽഗണ്ഡോൾഫോയിൽനിന്നു വത്തിക്കാനിലേക്കെഴുന്നെള്ളി. ഉത്സാഹഭരിതരായ ആ ഗണം പരിശുദ്ധപിതാവിൻെറ നേർക്കുള്ള അവരുടെ ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുകയും അഭ്യാസങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. "നമ്മെ അഭ്യാസികളുടെ പാപ്പാ എന്നു വിളിക്കുന്നതിൽ നാം അഭിമാനം കൊള്ളുന്നു" എന്നാണു് മാർപ്പാപ്പാ അവരെ അഭിനന്ദിച്ചുകൊണ്ടു ചെയ്ത പ്രസംഗത്തിൽ കല്പിച്ചു പ്രസ്താവിച്ചതു്.

### 2. സിവിക്ക് നേതാക്കന്മാരുടെ സന്ദർശനം

ഒക്ടോബർ 7-ാംനു- വെള്ളിയാഴ്ച പരിശുദ്ധ മാർപ്പാപ്പാ റോമിൽ സമ്മേളിച്ച 1000ത്തിൽപരം സിവിക്ക് നേതാക്കന്മാർക്ക് സന്ദർശനമനുവദിക്കുന്നതിനു വത്തിക്കാനിലേക്കെഴുന്നെള്ളി. വിവിധരാജ്യങ്ങളിൽനിന്നും "ഇൻറർനാഷനൽ യൂണിയൻ ഓഫ് സിററീസ് ആൻറു ലോക്കൽ അതോറിട്ടീസ്" എന്ന സംഘടനയുടെ കോൺഗ്രസ്സിൽ പങ്കെടുക്കുന്നതിനു വന്നവരായിരുന്നു അവർ. പരിശുദ്ധ പിതാവു് ഈ നേതൃസംഘത്തെ അഭിസംബോധന ചെയ്തുകൊണ്ട്, ലോകത്തിൻെറ വിവിധഭാഗങ്ങളിലുമുള്ള നഗരങ്ങളും പട്ടണങ്ങളും തമ്മിൽ തമ്മിൽ സൗഹൃദമായ സമ്മേളനങ്ങളും സാങ്കേതികമായ ചർച്ചകളും നടത്തുന്നതു വളരെ പ്രശംസാർഹമാണെന്നു പ്രസ്താവിച്ചു തുടന്നു അവിടുന്നു പറഞ്ഞു:-"ഈ ദശസമ്പർക്കങ്ങൾ ഓരോ നഗരത്തിൻേറയും സ്വന്തമായ പാരമ്പര്യങ്ങളിൽ അതതിനുള്ള ന്യായമായ അഭിമാനബോധത്തെ ഉത്തേജിപ്പിക്കുകയും പല പല തെററിദ്ധാരണകളുടേയും ദൂരീകരണത്തിനു സഹായിക്കുകയും ചെയ്യുന്നു. യൂറോപ്പിൻേറതായ ഒരു ചൈതന്യം സൃഷ്ടിക്കുന്നതിനു നാമഭിലഷിക്കുന്നുണ്ടെങ്കിൽ, സർവ്വോപരി നാം ശ്രദ്ധിക്കേണ്ടതു് നഗരങ്ങളും പട്ടണങ്ങളും തമ്മിലുള്ള സൗഹൃദബന്ധങ്ങളിലാണു്. ഈ ബന്ധങ്ങൾ യൂറോപ്യൻ അന്തരീക്ഷത്തിൽ മാത്രം ഒതുങ്ങിനിന്നുകൊള്ളണമെന്നുമില്ല. ആത്മാർത്ഥമായ സ്നേഹത്തിൻെറ വികാരങ്ങൾ രാഷ്ട്രീയമായ രാജ്യാതിർത്തികളേയോ, വർഗ്ഗീയമോ സാംസ്കാരികമോ ആയ വ്യത്യാസങ്ങളേയോ പരിഗണിക്കുന്നില്ല."

### 3. കത്തോലിക്കാപ്രവർത്തകരായ യുവതികൾക്കു സന്ദർശനം

ഞായറാഴ്ച സെൻറു പീറ്റേഴ്സിൽവച്ചു പരിശുദ്ധ മാർപ്പാപ്പാ നടത്തിയ ഒരു സന്ദർശനം 15000 കത്തോലിക്കാപ്രവർത്തനാംഗങ്ങളായ പെൺകുട്ടികളെ ഉദ്ദേശിച്ചുള്ളതായിരുന്നു. നിർമ്മലകളായ ഇത്രയധികം ബാലികമാരേയും യുവതികളേയും ഒന്നിച്ചു കണ്ടതിൽ സന്തുഷ്ടി പ്രകടിപ്പിച്ചുകൊണ്ടു് തിരുമേനി പ്രസ്താവിച്ചു: "ദൈവത്തിൻെറ നിദ്ദേശങ്ങളെ പ്രതീക്ഷിച്ചുകൊണ്ടു വാനവഗണങ്ങൾ നിലകൊള്ളുന്ന സ്വർലോകത്തിൻെറ ഒരു പ്രതീതിയാണു് നിങ്ങളുടെ മദ്ധ്യത്തിൽ നില്ക്കുമ്പോൾ നമുക്കുണ്ടാകുന്നതു്. ദയയും, ആർദ്രതയും, ഐക്യവും, നിഷ്കന്മഷതയും പ്രതിഫലിക്കുന്ന നിങ്ങളുടെ ഈ സമ്മേളനത്തിൻെറ അത്ഭുതകരമായ ദർശനം നമ്മെ സൗഭാഗ്യവാനും, വികാരഭരിതനും, ഉറച്ച പ്രതീക്ഷകൾ നിറഞ്ഞവനുമാക്കിത്തീർക്കുകയാണു്.

"പ്രിയപ്പെട്ട മക്കളേ, നാം ജീവിക്കുന്ന ലോകത്തെ നിങ്ങളൊന്നു നോക്കുക. ക്രിസ്തുമതത്തിൻെറ ചരിത്രത്തിൽ ഏററം വിധിനിർണ്ണായകമായ ഒന്നാണതെന്നു നിരവധി ലക്ഷണങ്ങൾകൊണ്ടു സൂചിപ്പിക്കപ്പെടുന്ന ഇക്കാലത്തെപ്പററി നിങ്ങൾ പരിചിന്തിക്കുക. മാനവവർഗ്ഗത്തിനു മുഴുവനു യഥാർത്ഥത്തിൽ അസാധാരണമായ ഏതോ ഒന്നു സർവ്വശക്തനായ ദൈവം സജ്ജമാക്കുന്നതുപോലെ കാണപ്പെടുന്നു— ഉദാഹരണമായി, ഏററം അധുനാതനമായ ശാസ്ത്രീയ കണ്ടുപിടുത്തങ്ങളുടെ സമാധാനാത്മകമുള്ള പ്രയോഗംകൊണ്ടു മാനവജീവിതത്തിൽ ഒരു വ്യതിയാനം സംസൃഷ്ടമാക്കാൻ പോകുന്നു എന്നുള്ളതു ശരിയാണെങ്കിൽ അതു ഏതാനും വർഷങ്ങൾക്കു മുമ്പു് ജീവിച്ചിരുന്നവർക്കു വിശ്വസിക്കുന്നതിനോ വിഭാവനം ചെയ്യുന്നതിനുപോലുമോ സാധിക്കുമായിരുന്നുവോ? ക്രിസ്തുവിനെ കൂടുതൽ വ്യക്തമായും വ്യഗ്രതയോടുകൂടിയും ആരായുന്നതിനും, അവിടുത്തോടു ഉപരിതീക്ഷ്ണമായി പ്രാർത്ഥിക്കുന്നതിനും മനുഷ്യരെ ഉത്തേജിപ്പിക്കുന്നതിനു സർവ്വശക്തനായ ദൈവം ഒരുപക്ഷേ ഉദ്ദേശിക്കുന്നുണ്ടാവാം. പണ്ടെന്നത്തെക്കാളും കൂടുതലായി തിരുസഭയിൽനിന്നു രക്ഷയ്ക്കുള്ള മാർഗ്ഗങ്ങളെ ആരായുന്നതിനു ലോകം പക്ഷേ പ്രേരിതമായെന്നും വരാം. അങ്ങിനെയെങ്കിൽ ക്രിസ്തുവിൻെറ മണവാട്ടിയായ തിരുസഭയ്ക്കു എത്ര വലിയ ഉത്തരവാദിത്വമാണു് വന്നുചേരുന്നതെന്നു നിങ്ങൾ മനസ്സിലാക്കുകയും, കത്തോലിക്കാപ്രവർത്തനം വഴി നിങ്ങൾ ഏറെറടുക്കേണ്ട കടമകൾ എത്ര വിപുലവും ഗുരുതരവുമാണെന്നു ബോദ്ധ്യപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു.

"ഇപ്പോൾ ദൈവത്തിൽനിന്നകന്നു നടക്കുന്നവർ സുവിശേഷവെളിച്ചത്തിലേക്കുടുത്തുവരുന്നു എന്നും, തിരുസഭയുടെ കവാടത്തിൽ പ്രകാശത്തെ അന്വേഷിച്ചും വിശ്വാസത്തിനുവേണ്ടി ദാഹിച്ചും വന്നണയുകയും ചെയ്യുന്നു എന്നു വിചാരിക്കുക. അപ്പോൾ ക്രിസ്ത്യാനികളുടെ ഭൂരിപക്ഷംതന്നെ അന്ധകാരത്തിൽ തപ്പിത്തടയുന്നതായി അവർ കണ്ടുമുട്ടുന്നതിനിടയായാലോ? നിങ്ങളുടെ കൂട്ടത്തിൽ തന്നെ ഉത്തമവിശ്വാസമില്ലാത്തവരും ചഞ്ചലമാനസരുമായവരെ അവർ കാണുന്നതായാലോ? അനന്തരഗതിയെപ്പററി നിങ്ങൾ ചിന്തിക്കുവിൻ." ഇപ്രകാരമാണു് കത്തോലിക്കാപ്രവർത്തനാംഗങ്ങളായ യുവതികളുടെ ആ വമ്പിച്ച സമ്മേളനത്തോടു് അവരുടെ അടിയന്തിരവും അതിവിശിഷ്ടവുമായ കർത്തവ്യങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു പരിശുദ്ധ പിതാവു് ആവേശപൂർവ്വം പ്രഖ്യാപിച്ചതു്.

## മോസ്കോമേയർ ദിവ്യബലിയിൽ സംബന്ധിച്ചു

ഈയിടെ ഇററലിയിൽ ഫ്ളോറൻസ് നഗരത്തിൽവച്ചു ഫ്ളോറൻസ് മേയർ സിഞ്ഞോർ ലാ പിറായുടെ ക്ഷണമനുസരിച്ചു മേയർമാരുടെ ഒരു സാർവ്വദേശീയ കോൺഫറൻസ് നടത്തപ്പെട്ടു. മോസ്കോമേയർ മി. മിക്കേയിൻ യാസ്നോവു് കോൺഫറൻസിൽ സംബന്ധിച്ചു. വാർസോ, പ്രേഗ്, ബുഡാപ്പെസ്റ്റ്, ബുക്കാറെസ്റ്റ് മുതലായ നഗരങ്ങളിലെ മേയർമാരും അതിൽ സംബന്ധിച്ചിരുന്നു. അവരെല്ലാവരും കോൺഫറൻസിൻെറ വിജയത്തിനുവേണ്ടി ഫ്ളോറൻസിലെ ഹോളിക്രാസ് ദേവാലയത്തിൽ കർദ്ദിനാൾ ഡെല്ലാകോസ്റ്റാ തിരുമേനി അർപ്പിച്ച ദിവ്യബലിയിൽ സംബന്ധിക്കുകയുണ്ടായി. ഇററലിയിലെ സോവ്യററു അമ്പാസിഡർ മി. അലക്സാണ്ടർ ബൊഗോമൊളോവും കുടുംബവുമൊരുമിച്ചാണു് മോസ്കോമേയർ പ്രസ്തുതകർമ്മത്തിൽ പങ്കെടുത്തതു്. ദിവ്യബലിക്കുശേഷം മേയർമാരെല്ലാവരും കർദ്ദിനാൾ തിരുമേനിയെ പരിചയപ്പെടുത്തപ്പെട്ടു. കോൺഫറൻസിൻെറ ചർച്ചാവിഷയം "സമാധാനവും ഐക്യവും" എന്നുള്ളതായിരുന്നു. കഴിഞ്ഞ പ്രാവശ്യം റഷ്യൻ അമ്പാസഡർ പള്ളിയിൽ പോയതു 1954 ഫെബ്രുവരിയിലായിരുന്നു എന്നറിയുന്നു.

## 8 കൊല്ലത്തിനുശേഷം വൈദികൻ പുറത്തുവരുന്നു

1947ൽ മഞ്ചൂറിയായിലെ കാർബിൻപട്ടണം റഷ്യൻപട്ടാളം ആക്രമിച്ചപ്പോൾ അവിടെ കോളേജുപ്രഫസറായിരുന്ന ഫാദർ പോൾ ചാലിൻ എന്ന ഫ്രഞ്ചുമിഷനറി അവരുടെ കൈയിൽ പെട്ടു. പിന്നീടു അദ്ദേഹത്തെപ്പററി ഒന്നും അറിയാൻ കഴിഞ്ഞിരുന്നില്ല. രണ്ടാഴ്ചമുമ്പ് അദ്ദേഹം പൂർവ്വജർമ്മൻ അതിർത്തി കടന്നു ബർലിനിലെത്തുകയും ഇപ്പോൾ സ്വരാജ്യത്തു വന്നുചേരുകയും ചെയ്തിരിക്കുന്നു. അദ്ദേഹം ബന്ധനസ്ഥനാക്കപ്പെട്ടശേഷം റഷ്യയിലേക്കു കൊണ്ടുപോകപ്പെട്ടു. സൈബീരിയായിൽ ഏകാന്തതടവിൽ വളരെനാൾ ജീവിച്ചു. യാതൊരു വിസ്താരവും കൂടാതെ അനന്തരം വിദേശബൂർഷ്വാകളെ സഹായിച്ചെന്നും വത്തിക്കാനുവേണ്ടി ചാരവൃത്തിനടത്തിയെന്നും കുററമാരോപിച്ചു 25 കൊല്ലത്തെ നിർബ്ബന്ധവേലയ്ക്കു വിധിക്കപ്പെടുകയുണ്ടായി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, OCTOBER 19 || No. 11


## പ്രഥമ കേരളീയമിഷനറിമെത്രാൻ

ഇക്കൊല്ലം ഒക്ടോബർ 23-ാം തീയതിയാണല്ലോ "മിഷൻ സണ്ടേ" അഥവാ വേദപ്രചാരണഞായർ ആചരിക്കുന്നതു്. കേരളീയ കത്തോലിക്കരെ പുളകംകൊള്ളിക്കുന്ന ഒരു മഹാസംഭവത്തിൻെറ മധുരസ്മരണയുടെ പുതുമയോടെയാണു് ഈ വത്സരത്തിൽ ഈ മഹാമഹം നാം കൊണ്ടാടുന്നതു്. അപ്പസ്തോലിക പാരമ്പര്യമുള്ള കേരളകത്തോലിക്കാസഭയ്ക്കു ഭാരത മിഷ്യൻപ്രവർത്തനങ്ങളിൽ വ്യാപൃതമാകുന്നതിനു അടുത്തകാലത്തു മാത്രമാണു് ഭാഗധേയം കൈവന്നതു്. മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹികാവേശവും പരമ്പരാഗതമായ അടിയുറച്ച വിശ്വാസചൈതന്യവും ജീവരക്തത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള കേരളീയ യുവതീടമ്പുകൾ ഭാരതത്തിൻെറ നാനാഭാഗങ്ങളിലേക്കും ക്രിസ്തുവിൻെറ ദൗത്യവും വഹിച്ചുകൊണ്ടു സഹോദരലക്ഷങ്ങൾക്കു രക്ഷയുടെ മാർഗ്ഗം കാണിച്ചുകൊടുക്കുന്നതിനായി ഇറങ്ങിത്തിരിച്ചുകഴിഞ്ഞു. നമ്മുടെ മാതൃരാജ്യമായ ഭാരതത്തിനു ക്രിസ്തുവിനെ പ്രദാനം ചെയ്യേണ്ട കടമ ഭാരതാംബയുടെ മക്കളായ നമ്മളിൽതന്നെയാണു് സർവ്വോപരി നിലകൊള്ളുന്നതെന്നു ഇന്നു ഓരോ ഭാരതീയകത്തോലിക്കനും ബോദ്ധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. തിരുസഭാമാതാവു് അതിനുവേണ്ട സഹായസഹകരണങ്ങളും, സംവിധാനസജ്ജീകരണങ്ങളും, പ്രബോധനപ്രോത്സാഹനങ്ങളും ഇടതടവില്ലാതെ നൽകി കൊണ്ടിരിക്കുകയാണു്. ഏതദ്ദേശീയവൈദികരെ വർദ്ധിപ്പിക്കുന്നതിനും, സഭാഭരണം നാട്ടുമെത്രാന്മാരെ ഏല്പിച്ചുകൊടുക്കുന്നതിനും, ഭാരതീയമിഷ്യനറിപ്രസ്ഥാനങ്ങളെ പരിപോഷിപ്പിക്കുന്നതിനും പററുന്ന യാതൊരവസരവും പരിശുദ്ധസിംഹാസനം വിട്ടുകളയുന്നില്ല. ഇക്കൂട്ടത്തിൽ കേരളത്തിൻെറ മിഷൻപ്രസ്ഥാനത്തിനു പരിശുദ്ധപിതാവു നൽകിയിട്ടുള്ള അഭിനവവും അതിപ്രധാനവുമായ ഒരു പ്രോത്സാഹനമാണു് ഒരു കേരളീയമിഷനറിയെ ഒരു മിഷൻരൂപതയുടെ മെത്രാനായി നിയമിച്ചു എന്നുള്ളതു്. പുതുതായി രൂപവൽക്കരിക്കപ്പെട്ട ഉട്ടക്കമണ്ടു് രൂപതയുടെ മെത്രാനായി റൈററു് റവ. ഡോക്ടർ ആൻറണി പടിയറ തിരുമനസ്സുകൊണ്ടു നിയമിതനായിരിക്കുന്നു. കഴിഞ്ഞ ഞായറാഴ്ച— ഒക്ടോബർ 16-ാംനു—അദ്ദേഹത്തിൻെറ മെത്രാഭിഷേകകർമ്മം സമംഗളം നിർവ്വഹിക്കപ്പെട്ടു. വേദപ്രചാരപരമായ പ്രവർത്തനങ്ങളിൽ രാഷ്ട്രീയവും വർഗ്ഗീയവുമായ സങ്കുചിതപരിഗണനകൾ മൂലം ഭാരതത്തിൻെറ മഹത്തായ ഭരണഘടനയിലെ അവകാശസ്വാതന്ത്ര്യങ്ങൾക്കെതിരായി നിരവധി പ്രതിബന്ധങ്ങൾ അനുദിനമെന്നവണ്ണം വന്നണഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലസന്ധിയിൽ ക്രിസ്തുവിൻെറ സനാതനവും ദൈവികവുമായ ദൗത്യം ഫലപ്രദമായി ഭാരതത്തിൽ പുരോഗമിപ്പിക്കുന്നതിനുള്ള പ്രായോഗികമായ ഒരു മാർഗ്ഗം നാം[illegible] മിഷൻപ്രവർത്തനങ്ങൾ ഏറെറടുക്കുക എന്നതാണു്. മിഷൻസണ്ടേ പ്രമാണിച്ചു് പോണ്ടിഫിക്കൽ മിഷൻ സൊസയററിയുടെ പ്രസിഡണ്ടും "പ്രൊപ്പഗാണ്ട ഫീഡെ" തിരുസംഘത്തിൻെറ സിക്രട്ടറിയുമായ റൈററു് റവ. ഡോക്ടർ പീററർ സിഗിസ്മോണ്ടി തിരുമനസ്സുകൊണ്ടു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ഞങ്ങൾ അന്യത്രചേർത്തിട്ടുള്ളതുമായ സന്ദേശത്തിൽ ഈ വസ്തുത വിശദീകരിച്ചിട്ടുണ്ടു്. അതുകൊണ്ടു സുസ്മരണാർഹമായ ഈ അവസരം വേദപ്രചാരതീക്ഷ്ണത നമ്മിൽ ഉത്തേജിതമാകുന്നതിനു സഹായിക്കട്ടെ.

അഭിനവാഭിഷിക്തനായ പ്രഥമ കേരളീയമിഷനറിമെത്രാൻ റൈററു് റവ. ഡോ. ആൻറണി പടിയറ തിരുമേനിയെ പ്രശ്രയപൂർവ്വം അനുമോദിക്കുന്നതിനും, അവിടുത്തെ രൂപതാഭരണം വിജയശ്രീലാളിതമായിത്തീരുന്നതിനു വേണ്ട അനുഗ്രഹങ്ങൾ ധാരാളമായി ദൈവം അവിടുത്തെമേൽ വർഷിക്കട്ടെ എന്നു ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നതിനും ഈ അവസരം ഞങ്ങൾ വിനിയോഗിച്ചുകൊള്ളുന്നു. തിരുമേനി നീണാൾ വിരാജിക്കട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### ക്രിസ്ത്യാനികളുടെ രാജ്യഭക്തി

ബോംബെയിലെ "നാഷനൽ ഹിന്ദുസ്ഥാനി ചർച്ചി"ൻെറ ആർച്ചുപ്രീസ്റ്റ് ഡോക്ടർ ജെ. എസ്. വില്യംസ് ക്രിസ്ത്യൻ മിഷനറിപ്രവർത്തനങ്ങളെ സംബന്ധിച്ച അന്വേഷണക്കമ്മററി മുമ്പാകെ ഇന്ത്യയിലെ മിഷനറിപ്രവർത്തനത്തെപ്പററി അവാസ്തവവും അത്ഭുതകരവുമായമൊഴി കൊടുത്തിരിക്കുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. "ചുരുക്കം ചില അപവാദങ്ങളൊഴിച്ചാൽ, ഇന്ത്യയിൽ ക്രിസ്ത്യാനികൾ അവരുടെ ആദർശങ്ങളിൽ ദേശീയതാബോധമുള്ളവരായിരുന്നില്ല. അവരുടെ വിശ്വസ്തത ഒരു വിദേശസഭയോടായിരുന്നു; ഇതിൻെറ അർത്ഥം അവരുടെ രാജ്യഭക്തി ആ സഭ ഏതു രാജ്യത്തിൻേറതായിരുന്നുവോ ആ രാജ്യത്തോടായിരുന്നു എന്നാണു്." ഡോക്ടർ വില്യംസിൻെറ ഈ പ്രസ്താവം ഏതുസഭയെ സംബന്ധിച്ചാണെന്നു വിശദമാകുന്നില്ല. കത്തോലിക്കാസഭയെപ്പററി അതു പരമാബദ്ധമാണു്. ഇന്ത്യയിലുള്ള പല അകത്തോലിക്കാസഭകളെ സംബന്ധിച്ചും ഇതു അബദ്ധം തന്നെയാണു്. അതുകൊണ്ടു ഡോക്ടർ വില്യംസിൻെറ അബദ്ധജടിലമായ ഈ പ്രസ്താവത്തെ ഇന്ത്യൻക്രിസ്ത്യാനികളിൽ ബഹുഭൂരിപക്ഷത്തിനും ശക്തിയായി പ്രതിഷേധിക്കാതെ ഗത്യന്തരമില്ല. ബ്രിട്ടീഷ് മേധാവിത്വത്തിൽ ആ അധീനശക്തിയുടെ തണലിൽ പാറിക്കൂടിയിരുന്ന ചുരുക്കം ചില രാഷ്ട്രീയസഭകൾക്കു കാലത്തിൻെറ വ്യതിയാനത്തിൽ വന്ന കഴിവുകേടുകളുടെ ഒരു മാററൊലിയാണു് ഇതിൽ പ്രതിധ്വനിക്കുന്നതെന്നു വിചാരിക്കാനേ തരമുള്ളു. ചർച്ചു് ഓഫ് ഇംഗ്ലണ്ടു് ആംഗ്ലേയരാഷ്ട്രത്തിൻെറ ഒരു വകുപ്പാണെന്നു പറയാം. അതിൻെറ പരമാധികാരി ബ്രിട്ടീഷ്‌രാജാവോ രാജ്ഞിയോ ആണു്. വൈദികമായ ആ സഭയുടെ നിയമനങ്ങളെല്ലാം ഗവമ്മേണ്ടാണു് നടത്തുന്നതു് അതു ഭരണാധികാരിയായ രാജാവോ രാജ്ഞിയോ അംഗീകരിച്ചുറപ്പിക്കുകയും വേണം. ഈ വിധത്തിലുള്ള ഒരു സഭയെ സംബന്ധിച്ച ഡോക്ടർ വില്യംസിൻെറ പ്രസ്താവം ശരിയായിരിക്കാമെന്നു സമ്മതിക്കണം. പക്ഷെ ബഹുഭൂരിപക്ഷം ക്രിസ്ത്യാനികളും വിശ്വസിക്കുന്ന ക്രിസ്തുമതം ഇപ്രകാരം ഒരു രാഷ്ട്ര സ്ഥാപനമല്ല. അതു രാഷ്ട്രപരിധികളെ അതിശയിച്ചു് ആദ്ധ്യാത്മികാധികാരത്തോടെ ആദ്ധ്യാത്മികമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ഒരു മതസ്ഥാപനമാണു്. അതുകൊണ്ടു ഏതു രാജ്യത്തും ഏതു ഭരണവ്യവസ്ഥിതിയോടൊത്തുചേർന്നും അതിനു പ്രവർത്തിക്കാവുന്നതാണു്. മതബോധമോ ക്രിസ്തീയതത്വമോ യാതൊരുത്തൻേറയും രാജ്യഭക്തിയെ തടസ്സപ്പെടുത്തുകയില്ല, പ്രത്യുത ഉത്തമപൗരബോധത്തെ അതുൽപാദിപ്പിക്കുകയായിരിക്കും ചെയ്യുക. കത്തോലിക്കാസഭയെ പരിശോധിച്ചാൽ ഇതു സ്പഷ്ടമായി കാണാൻ ആർക്കും സാധിക്കും. ലോകമാസകലവും വ്യാപിച്ചു്, ലോകത്തിലുള്ള എല്ലാ രാജ്യങ്ങളുടെയും പൗരാവലികൾ അംഗങ്ങളായിട്ടുള്ള കത്തോലിക്കാസഭ മതപരമായി ഏക വിശ്വാസവും, ഒരേവിധത്തിലുള്ള മതകർമ്മങ്ങളും, ഒരേ ആത്മീയപരമാധികാരിയുടെ ഭരണവും അംഗീകരിക്കുന്നുവെങ്കിലും അവർ ഓരോ രാജ്യത്തും ആ രാജ്യത്തിലെ നൂറുശതമാനം പൗരബോധവും രാജ്യസ്നേഹവുമുള്ളവരാണു്. ഒരിന്ത്യൻ കത്തോലിക്കൻ ക്രിസ്തുവിൻെറ സഹൈക്യകമതമാകുന്ന തിരുസഭയിൽ വിശ്വസിക്കുകയും തിരുസ്സഭയുടെ തിരുകർമ്മങ്ങൾ അനുഷ്ഠിക്കുകയും തിരുസഭാതലവനായ പരിശുദ്ധ മാർപ്പാപ്പാ—ക്രിസ്തുവിൻെറ പ്രതിപുരുഷനായ ആദ്ധ്യാത്മികാധികാരിപ്രമുഖനു —കീഴ്പെട്ടിരിക്കുകയും ചെയ്യുന്നു. എങ്കിലും അവൻ നൂറുശതമാനവും ഇന്ത്യൻ പൗരനാണു്. ഇന്ത്യ അവൻെറ മാതൃരാജ്യമാണു്. ഇന്ത്യയുടെ സ്വാതന്ത്ര്യം അവൻെറ സ്വാതന്ത്ര്യമാണു്. ഇന്ത്യയുടെ ഐശ്വര്യം അവൻെറയും ഐശ്വര്യമാണു്. മാതൃരാജ്യത്തിൻെറ രക്ഷയ്ക്കുവേണ്ടി അവൻെറ ജീവരക്തംപോലും ബലിയപ്പിക്കുന്നതിനു സന്നദ്ധതയുള്ള ഒരുത്തമപൗരനാണു്. അവൻെറ മതവിശ്വാസത്തിനു് ജന്മസിദ്ധവും ന്യായയുക്തവുമായ ഈ അവകാശസ്വാതന്ത്ര്യങ്ങളിൽ അനുകൂലമായും പ്രചോദനാത്മകമായും വർത്തിക്കുന്നതിനാണു സാദ്ധ്യതയുള്ളതു്; പൗരബോധത്തെ പ്രതിരോധിക്കുന്നതിനല്ല. അതുകൊണ്ടാണു് ഇന്ത്യയുടെ അത്യുന്നതകർദ്ദിനാൾ വലേര്യൻ ഗ്രേഷ്യസ് തിരുമേനി ബോംബെയിൽ നിർവ്വഹിച്ച ഒരു പ്രസംഗപരമ്പരയിൽ ക്രിസ്ത്യാനികളുടെ രാഷ്ട്രീയബോധത്തെക്കുറിച്ചു പ്രതിപാദിക്കുകയിൽ ഈയിടെ പറഞ്ഞതു്, "ഒരാൾ ഒരുത്തമപൗരനാകണമെങ്കിൽ അയാൾ ഒരുത്തമകത്തോലിക്കനും ഉത്തമമായ വിധത്തിൽ കത്തോലിക്കാജീവിതം നയിക്കുന്നവനും ആയിരിക്കണ"മെന്നു്. കമ്മ്യൂണിസ്റ്റുകളെപ്പോലെ തത്വപരമായി മതത്തെ വെറുക്കുന്നവരും, മതബോധത്തെ രാഷ്ട്രത്തിന്നടിയറവച്ചു് മതത്തെ രാഷ്ട്രത്തിൻെറ ഒരു ഘടകമാക്കുന്നവരും, മതത്തേയും രാഷ്ട്രത്തേയും അതതിൻെറ മണ്ഡലത്തിൽ മനസ്സിലാക്കുന്നതിനു് കഴിവില്ലാതെയോ സന്മനസ്സില്ലാതെയോ കഴിയുന്നവരും കൂടി സൃഷ്ടിച്ചുണ്ടാക്കുന്ന കുഴപ്പങ്ങളാണു് ഈ വിധ പ്രശ്നങ്ങളോരോന്നും. അക്കൂട്ടർ ഈയിടെയായി കണ്ടുപിടിച്ചിട്ടുള്ള ഒരു മിഥ്യാഭാവനയാണു് "നാഷനൽ ചർച്ചു്" പ്രസ്ഥാനം. ഒരു യഥാർത്ഥക്രിസ്ത്യാനിക്കു യഥാർത്ഥക്രിസ്ത്യാനിയായിത്തന്നെ നിന്നുകൊണ്ടു ഉത്തമ രാജ്യഭക്തനും മാതൃകാപൗരനുമായി പരിലസിക്കുവാൻ കഴിയും.

x x x

### കുട്ടികളെ വിദ്യ അഭ്യസിപ്പിക്കേണ്ട വിധം

#### പ്രഗത്ഭ ഇന്ത്യൻ നേതാക്കന്മാർ വിശദീകരിക്കുന്നു

ഈ മാസം 10-ാംനു അഹമ്മദബാദിൽ ഒരു "ചൈൽഡ് ഗൈഡൻസ് ക്ലിനിക്ക്" ഉൽഘാടനം ചെയ്യപ്പെട്ടു. ഇന്ത്യൻ വൈസ്പ്രസിഡൻറു് ഡോക്ടർ രാധാകൃഷ്ണൻ അവർകളായിരുന്നു ഉൽഘാടകൻ. ഉൽഘാടനകർമ്മത്തിനു ഡോക്ടർ രാധാകൃഷ്ണനെ സ്വാഗതം ചെയ്തതു ലോക്സഭാ സ്പീക്കർ മി. ജി. വി. മവലങ്കർ അവർകളായിരുന്നു. സ്വാഗതപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു:- ശരിയായ വിദ്യാഭ്യാസം സിദ്ധിക്കാത്തതാണു് മിക്കയാളുകളെ സംബന്ധിച്ചുമുള്ള കുഴപ്പങ്ങൾക്കു കാരണം. ഉന്നതവിദ്യാഭ്യാസം നൽകുന്ന കുറെ പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതുകൊണ്ടു് കാര്യമായില്ല. പ്രൈമറിവിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. ഇന്നു കുട്ടികൾക്കു ലഭിക്കുന്ന പ്രൈമറിവിദ്യാഭ്യാസം ഒരു ചിട്ടയില്ലാത്തതാണു്. വിദ്യാഭ്യാസം എന്തെന്നറിഞ്ഞുകൂടാത്തവരുടെ കൈയിലാണു് പ്രൈമറിവിദ്യാഭ്യാസം ഏല്പിക്കപ്പെട്ടിരിക്കുന്നതു്. കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം നൽകിയാലല്ലാതെ സമുദായത്തെ നന്നാക്കാൻ സാദ്ധ്യമല്ല.

ക്ലിനിക്കിൻെറ ഉൽഘാടനകർമ്മം നിർവ്വഹിച്ചുകൊണ്ടു് ഡോക്ടർ രാധാകൃഷ്ണൻ പ്രസ്താവിച്ചു:- ശിശുക്കളുടെ വളർച്ചയ്ക്കു സ്വാതന്ത്ര്യവും, സ്നേഹവും, വിശ്വാസവുമുള്ള ഒരന്തരീക്ഷം സൃഷ്ടിക്കേണ്ടതാണു്. ഒരു കുട്ടിയെ നാം എത്രത്തോളം നിർബന്ധിക്കുമോ, അത്രത്തോളം അതു പ്രകോപനഹേതുവാണു്. അതുകൊണ്ടു് കുട്ടികളെ പ്രഹരിക്കുന്ന ഏർപ്പാടു നിർത്തുകയും അവരെ സ്വയം വളരാനനുവദിക്കുകയുമാണു വേണ്ടതു്. രാജ്യത്തുള്ള മിക്കവരും ദുഷിച്ച സാഹചര്യങ്ങൾമൂലം തകരാറിലാക്കപ്പെട്ടിരിക്കുകയാണു്. അതുകൊണ്ടു് കുഞ്ഞുങ്ങൾ വളരേണ്ട ചുററുപാടുകളെപ്പററി നമുക്കു വളരെ ശ്രദ്ധ വേണ്ടിയിരിക്കുന്നു.

കുട്ടികളുടെ പരിശീലനവും വിദ്യാഭ്യാസവും സംബന്ധിച്ചു് മാതാപിതാക്കന്മാർക്കും ഉത്തരവാദിത്വപ്പെട്ടവർക്കും വളരെ ശ്രദ്ധയുണ്ടാകണമെന്നും, കുട്ടികളുടെ ഉത്തമമായ വളർച്ചയ്ക്കുതകുന്ന സാഹചര്യം അഥവാ അന്തരീക്ഷം വീടുകളിലും വിദ്യാലയങ്ങളിലും മററും സൃഷ്ടിക്കണമെന്നും എല്ലാവരേയും അനുസ്മരിപ്പിക്കുന്നതിനു ഇന്ത്യയുടെ പ്രഗത്ഭനേതാക്കന്മാരുടെ ഈ ഉൽബോധനം സഹായകമാകുമെന്നു വിശ്വസിക്കുന്നു. വിദ്യാഭ്യാസത്തെ സംബന്ധിച്ചും വിദ്യാലയങ്ങളെ സംബന്ധിച്ചും കത്തോലിക്കാസഭയും, മതാദ്ധ്യക്ഷന്മാരും, ക്രിസ്ത്യാനികളും ശക്തിയായി വാദിക്കുന്നതു് അത്യുന്നതമായ ഈ വിദ്യാഭ്യാസലക്ഷ്യം സാധിക്കുന്നതിനാണു്. അവയെ വർഗ്ഗീയതയായും രാജ്യദൂഷണമായും മററും കരിതേച്ചുകാണിക്കുവാൻ സാഹസപ്പെടുന്നവരും, വേണ്ട പ്രോത്സാഹനങ്ങൾ നൽകുന്നതിനു വൈമുഖ്യം പ്രദർശിപ്പിക്കുന്ന ഗവമ്മെൻറുകളും വസ്തുതകളെ അതിൻെറ ശരിയായ വെളിച്ചത്തിലും ഗൗരവത്തിനനുസരിച്ചും വീക്ഷിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

x x x

### "കുടുംബസംവിധാന"ത്തിനു് ആറുകോടി ക.

ന്യൂഡൽഹിയിൽനിന്നു പുറത്തുവന്നിട്ടുള്ള റിപ്പോർട്ടനുസരിച്ചു് ഇന്ത്യാഗവമ്മെൻറു് 6 കോടി രൂപായാണു് കുടുംബസംവിധാനത്തിനായി ചിലവിടുവാൻ നിശ്ചയിച്ചിരിക്കുന്നതു്. ഈ കുടുംബസംവിധാനപദ്ധതി യഥാർത്ഥത്തിൽ ഒരു കുടുംബസംഹാരപദ്ധതിയാണെന്നു്, ഈ നശീകരപദ്ധതിയുടെ ദുരന്തങ്ങളായ ദാരുണഫലങ്ങൾ അനുഭവിച്ചുപോരുന്ന നിരവധി യൂറോപ്യൻ രാജ്യങ്ങൾ സാക്ഷ്യംവഹിക്കുന്നുണ്ടു്. എങ്കിലും ഇന്ത്യ അതൊന്നു പരീക്ഷിച്ചിട്ടേയുള്ളു എന്നാണു് നേതൃമണ്ഡലത്തിൻെറ നിലപാടു്. തല്ക്കാലം 73 നഗരങ്ങളിലും, 485 പ്രധാനപട്ടണങ്ങളിലും, 50,500 വില്ലേജുകളിലും അതു നടപ്പിലാക്കാനാണു പ്ലാൻ. മദ്രാസിൽനിന്നു പുറപ്പെടുന്ന "ഡെമോക്രസി" എന്ന പത്രം ഈ പ്രശ്നത്തെപ്പററി പ്രസ്താവിച്ചിരുന്നതു ശ്രദ്ധേയമാണു്:- "കുടുംബസംവിധാനം സംബന്ധിച്ച നമ്മുടെ പദ്ധതി ആത്മനിയന്ത്രണത്തിലാണടിയുറപ്പിച്ചിട്ടുള്ളതു്. നമുക്കു പോററുവാൻ കഴിയാത്തത്ര സന്താനങ്ങളെ ആവശ്യമില്ലെങ്കിൽ സന്താനോല്പാദനപരമായ പ്രവർത്തനങ്ങളിൽനിന്നു നാം വിരമിക്കണം. ഈ മാർഗ്ഗമാണു് മഹാത്മഗാന്ധി നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. ഇന്ത്യയുടെ ശ്രേഷ്ഠമായ മതതത്വങ്ങൾ ഇതാണു് നമ്മെ ഉപദേശിക്കുന്ന മാർഗ്ഗം."

ഇക്കാര്യത്തിൽ മററു വിഭാഗക്കാർ എന്തു നില സ്വീകരിച്ചാലും കത്തോലിക്കർ അവരുടെ കർത്തവ്യം ശരിയായി മനസ്സിലാക്കണം. സന്താനോല്പാദനം അസാദ്ധ്യമാക്കുന്നതിനുള്ള ശസ്ത്രക്രിയകളോ മററു മാർഗ്ഗങ്ങളോ കൃത്രിമോപകരണങ്ങളോ ഉപയോഗപ്പെടുത്തരുതെന്നുള്ള എല്ലാ മനുഷ്യരേയും ബാധിക്കുന്ന പ്രകൃതിപരവും ധാർമ്മികവുമായ നിയമത്തെ മുറുകെ പിടിക്കുന്നതിനും അതിനുവേണ്ടി ദൃഢമായും ധൈര്യമായും സ്വരമുയർത്തുന്നതിനും കത്തോലിക്കാസഭ ദൃഢവ്രതയാണു്. കത്തോലിക്കാ ഡോക്ടറന്മാരും നേഴ്സുമാരും അവരുടെ കർത്തവ്യത്തെ ശരിയായി മനസ്സിലാക്കണം; അവഗാഢമായി പഠിക്കണം. കത്തോലിക്കാ തത്വങ്ങളിൽ അടിയുറച്ചുനില്ക്കുന്നതിനുള്ള ധൈര്യം അവർക്കുണ്ടാകണം. എല്ലാത്തരത്തിലുമുള്ള നശീകരപ്രചാരണങ്ങളേയും ചെറുക്കുന്നതിനുള്ള സന്നദ്ധത എല്ലാ കത്തോലിക്കാ മാതാക്കൾക്കും ഉണ്ടാകത്തക്കവണ്ണം അവർ പ്രബുദ്ധരായിരിക്കണം. ഇപ്രകാരം ഏതേതുവിധത്തിലുള്ള പ്രലോഭനങ്ങളോ സമ്മർദ്ദങ്ങളോ നിയന്ത്രണങ്ങളോ ഉണ്ടായിരുന്നാലും വീറോടുകൂടി അവയെല്ലാം ചെറുത്തു മതബോധത്തിനും ധാർമ്മികനിയമങ്ങൾക്കും തന്മൂലം സമുദായക്ഷേമത്തിനുംവേണ്ടി പടപൊരുതുന്നതിനു

വാരാന്ത്യവീക്ഷണം

# ഭാഷാപ്രവിശ്യാകമ്മീഷൻ വിഭാവനചെയ്യുന്ന പുതിയ ഇൻഡ്യ

[ശ്രീ ഐ. ജോൺ, തലയോലപ്പറമ്പ്]

ഒറീസാഗവർണ്ണരായിരുന്ന ശ്രീ സെയ്യദ് ഫസൽ ആലി ചെയർമാനായും ലോകസഭ മെമ്പറായ ശ്രീ ഹൃദയനാഥ കുൻസ്രു, സർദാർ കെ. എം. പണിക്കർ എന്നിവർ അംഗങ്ങളായും 1953 ഡിസംബർ 29-ാംനു ഇൻഡ്യാഗവർമ്മെണ്ടു നിയോഗിച്ച ഭാഷാപ്രവിശ്യകമ്മീഷൻ ഇൻഡ്യയിൽ കട്ടാകെ സഞ്ചരിച്ച് ഭാഷാപരമായും സാംസ്കാരികമായും ഭൂമിശാസ്ത്രപരമായും സ്റ്റേറ്റുകളുടെ കിടപ്പുകൾ മനസ്സിലാക്കി അവയെ വിഭജനംചെയ്തുകൊണ്ടു് ഗവർമ്മെണ്ടിലേക്ക് സമർപ്പിച്ച റിപ്പോർട്ട് ഈ ഒക്ടോബർ 10-ാംനു ഇൻഡ്യാഗവർമ്മെണ്ടു പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

ഭാഷാപ്രവിശ്യാവാദത്തെ സകല ശക്തിയും ഉപയോഗിച്ച് എതിർത്തവരും അതു് ഒരു ജീവൽപ്രശ്നമായി കരുതി വാദിച്ചവരും പുനർവിഭജനത്തിനു് കുറച്ചുകാലം താമസിക്കേണ്ടതായുണ്ടെന്നു് അഭിപ്രായമുണ്ടായിരുന്നവരും, ഇൻഡ്യയിൽ അങ്ങോളമിങ്ങോളം ഉണ്ടായിരുന്നു. എന്നാൽ സെൻട്രൽ ഗവർമ്മെണ്ടിനു് ചെയ്തുതീർക്കേണ്ടതായി ഉണ്ടായിരുന്ന ഒരു കടമ കഴിയുന്നതുംവേഗം ചെയ്തുതീർക്കത്തക്ക തരത്തിലാണു് പ്രസ്തുത കമ്മീഷനെ നിയമിച്ചതെന്നും അതിൻെറ റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയതെന്നും പ്രവിശ്യാകമ്മീഷൻെറ നിയമനം മുതൽ ഇന്നുവരെയുള്ള അതിൻെറ ചരിത്രം വസ്തുനിഷ്ഠമായി പഠിച്ചിട്ടുള്ളവർക്കറിയാം. ഭാഷ, വേഷം, എന്നിവയെല്ലാം ഉപരിയായി ഒരു വിശാലവീക്ഷണഗതി മനുഷ്യനാവശ്യമാണു്. അവിടെ നിറത്തിനോ വർഗ്ഗത്തിനോ സംസ്കാരങ്ങൾ തമ്മിലുള്ള ഉരസലുകൾക്കോ സ്ഥാനമില്ല. ഒരു മനുഷ്യനെ മറ്റൊരുവനിൽനിന്നും അകററിനിറുത്തത്തക്ക യാതൊരു അതിരുവരമ്പുകളും നല്ലതല്ല. അതു് ലോകസാഹോദര്യത്തിനു് യോജിച്ചതുമല്ല. ലോകത്തിലെ അതാതു ഭൂവിഭാഗങ്ങൾ അതാതുകൾക്കുവേണ്ടി നിലകൊള്ളാതെ എല്ലാ ഭൂഖണ്ഡങ്ങളിലും നിവസിക്കുന്നവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ച് വിശാലമായ മനുഷ്യസ്നേഹത്തെ മുൻനിറുത്തി മുന്നോട്ടുപോയി ഒരു ഏകലോകവ്യവസ്ഥിതിയിൽ ചെന്നുനില്ക്കുക എന്നതാണു് എല്ലാ മനുഷ്യസ്നേഹികളുടെയും ആഗ്രഹം. അതിനുവേണ്ടിയാണു് മനുഷ്യൻ ഇന്നു പ്രവർത്തിക്കേണ്ടതും. എന്നാൽ മനുഷ്യൻ ഇന്നു് അത്രമാത്രം പുരോഗമിച്ചിട്ടുണ്ടോ? തീർച്ചയായും ഇല്ലെന്നു വേണം പറയുവാൻ. സർവ്വരാജ്യസംഘടനയായ യു. എൻ. ഒ. യിൽപോലും കക്ഷിവഴക്കുകളും കുത്തിത്തിരിപ്പുകളും നടമാടുകയാണു്. പ്രശ്നങ്ങളെ സമീപിക്കേണ്ട രീതികളിൽപോലും കടിപിടിയാണു്. അഭിപ്രായത്തിൻെറയോ പ്രമേയത്തിൻെറയോ ഉള്ളുകള്ളികളെ നോക്കാതെ അതവതരിപ്പിക്കുന്ന ചേരിയെപ്പററി നോക്കിയാണു് ഇന്നു കസർത്തുചെയ്യുന്നതു്. കാരണം രാഷ്ട്രങ്ങൾതമ്മിൽ പരസ്പരം വിശ്വാസവും സ്നേഹവുമില്ലാതെയാണു് വർത്തിക്കുന്നതു്. ഒരു കൂട്ടർ ഭൗതികമാത്രപ്രസക്തങ്ങളായ കാര്യങ്ങൾക്കു് മുൻഗണന കൊടുത്തുകൊണ്ടു് മനുഷ്യൻെറ ആന്തരികചൈതന്യത്തെ അറിയാതെയും ആദരിക്കാതെയും കടന്നുപോകുന്നു. മനുഷ്യൻെറ മഹിമയെ മനസ്സിലാക്കി നിഷ്കളങ്കമായ മനുഷ്യസ്നേഹം വളർത്തണമെങ്കിൽ നിശ്ചയമായും അവൻെറ ആന്തരികചൈതന്യത്തെ അറിയണം. ബാഹ്യമായ അവൻെറ കഴിവിനെക്കാളേറെ വിലമതിക്കത്തക്ക ഒരു ആദ്ധ്യാത്മികപ്രഭാവം അവനിലുണ്ടെന്നു മനസ്സിലാക്കണം. ഇവയെപ്പററി ബോധമില്ലാത്തവനു് മനുഷ്യനെ സ്നേഹിക്കുവാൻ സാദ്ധ്യമല്ല. അതു് ഇന്നു തെളിഞ്ഞു കാണുന്ന ഒരു വസ്തുതയാണു്. യു. എൻ. ഒ. മുതൽ ഇങ്ങോട്ടു നോക്കിയാൽ എല്ലാ രാഷ്ട്രീയമണ്ഡലത്തിലും എല്ലാ പ്രാദേശികജീവിതഗതിയിലും ഇവകൾ നമുക്കു ദർശിക്കുവാൻ സാധിക്കും. ഇങ്ങനെയുള്ള ഒരു കാലയളവിൽ മഹത്തായ ലക്ഷ്യങ്ങളെ മുൻനിറുത്തിയുള്ള നല്ല മനുഷ്യരുടെ പ്രയത്നം ശരിയായ വിജയത്തിലെത്തുക അത്ര എളുപ്പമുള്ള കാര്യമല്ല.

ഇന്നു് നമ്മുടെ ഇടയിൽ പ്രാദേശികചിന്താഗതികളും, വർഗ്ഗീയതയും, അതുപോലെയുള്ള മററു പല ശിഥിലീകരണപ്രവണതകളും പ്രബലപ്പെട്ടുകൊണ്ടിരിക്കുകയാണു്. ഭാരതത്തെ സംബന്ധിച്ചുപറഞ്ഞാൽ ഓരോ ഭാരതീയനും അവനവനു് പ്രാധാന്യമുള്ള സ്ഥലമായി രാജ്യം തീരണമെന്നു് മോഹമുള്ളതുപോലെ തോന്നുന്നു. പുരാണേതിഹാസങ്ങളേയും, ചരിത്രവുമായി യാതൊരു ബന്ധവുമില്ലാത്ത കടംകഥകളേയും ആസ്പദമാക്കി ദിവാസ്വപ്നങ്ങളിൽ മുഴുകി ഒരു 600 കൊല്ലങ്ങൾക്കു പിന്നോട്ടു് തങ്ങളുടെ ചിന്താശക്തിയെ തള്ളിത്താഴ്ത്തി രാജ്യത്തിൻെറ കുത്തകാവകാശങ്ങൾക്കു വേണ്ടി ശബ്ദമുയർത്തുന്നവരും ഇവിടെ വിരളമല്ല. ജീവകാരുണ്യപരമായ പ്രവർത്തനങ്ങളുടെ മുൻപിൽ നിരോധനബോർഡു് കെട്ടിത്തൂക്കുവാൻ ചില സങ്കുചിതമനസ്ഥിതിയുടെ പേരിൽ മുന്നോട്ടുവരുന്നവരും കുറവല്ല. അങ്ങനെ വിദ്വേഷംകൊണ്ടു് സ്നേഹത്തിൻെറ നിറംമങ്ങിയ ഒരന്തരീക്ഷത്തിലാണു് നാം ജീവിക്കുന്നതു്. ഇൻഡ്യയെ വിഭാഗീയമായി നോക്കരുതെന്നു് ഉന്നതന്മാരായ പല ആളുകളും അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ ഭരണപരമായും മററുമുള്ള സൗകര്യത്തെ ഉദ്ദേശിച്ചു മാത്രമാണു് ഈ വിഭജനം നടന്നിട്ടുള്ളതു്. അല്ലാതെ മലയാളിയും, തമിഴനുമായും, ബെങ്കാളിയും തെലുങ്കനുമായും കൂടികഴിയുന്നതിനെ പ്രതിബന്ധപ്പെടുത്തുവാനല്ല. അവരവരുടെ സ്റ്റേറ്റു് അവരവർക്കു് എന്നുള്ള പരിഗണന വച്ചുപുലർത്തുവാനുമല്ല. മാത്രമല്ല ഈ പുനർവിഭജനംകൊണ്ടു് 27 ഘടകങ്ങളായിരുന്ന ഭാരതത്തെ 16 ആക്കി കുറയ്ക്കുവാൻ ഇടയാക്കി എന്നുള്ളതു് പൊതുവിൽ ഒരു നേട്ടംതന്നെയാണു്. പാർട്ട് സി ഇല്ലാതാക്കുവാനും കഴിഞ്ഞിട്ടുണ്ടു്. എന്നാൽ വിഭജനം ഒരു പരിപൂർണ്ണവിജയമാണെന്നു് സമ്മതിക്കുവാൻ നിവൃത്തിയില്ല. മുപ്പത്തിയാറുകോടിയിൽപരം ജനങ്ങളെ ബാധിക്കുന്നതും മൂന്നു പേർ മാത്രം പ്രധാനമായി കൈകാര്യം ചെയ്തതുമായ ഒരു പ്രശ്നം എന്ന നിലയ്ക്കു് സ്വാഭാവികമായിത്തന്നെ അതിൽ പോരായ്മകൾ വരാവുന്നതാണു്! വന്നിട്ടുമുണ്ടു്. പല സ്റ്റേറ്റുകളിലെ ജനങ്ങൾക്കും പരാതികൾ വരുകയുണ്ടു്. പരാതി ഉണ്ടാകുകയും ചെയ്യും. കൂടുതൽ ഉത്തരവാദിത്വമുള്ള ചില ആളുകളുടെകൂടെ മറവിളികൂട്ടിയെന്നാണു് പത്രറിപ്പോർട്ടുകളിൽനിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്.

കത്തോലിക്കർ ഒററക്കെട്ടായി നിലകൊള്ളേണ്ടതും ദൈവവിശ്വാസവും സന്മാർഗ്ഗബോധവുമുള്ള നമ്മുടെ സഹോദരസമുദായങ്ങളേയും നീതിനിഷ്ഠമായ നേതൃത്വം നൽകി സദാചാരമാർഗ്ഗത്തിൽ നയിക്കേണ്ടതും അപകടകരമായ ഈ ഘട്ടത്തിൽ അവശ്യാവശ്യമാകുന്നു.

## സ്വർഗ്ഗരാജ്ഞി

ദേവമാതാവിൻെറ സ്ഥാനങ്ങളും വരങ്ങളും, അവയുടെ വിശദീകരണവും, സംശയനിവാരണവും, സംബന്ധിച്ച് വെ. റവ. മോൺ. ജേക്കബ്ബ് നടുപറമ്പിൽ അവർകൾ സത്യദീപത്തിൽ തുടർച്ചയായി എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമായി, ക്രൗൺ എട്ടിലൊന്നു സൈസിൽ, നൂറു പേജിൽ കമനീയമായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ ഗ്രന്ഥത്തിനു് വില 6 ണ മാത്രം.

കച്ചവടക്കാർക്കു് പത്തിനു രണ്ടു കമ്മീഷൻ.

ആവശ്യപ്പെടുക:

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്, എറണാകുളം-1

കമ്മീഷൻെറ റിപ്പോർട്ടിൽ കൊടുത്തിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ചില സ്റ്റേറ്റുകളെ സംബന്ധിച്ചുള്ള കമ്മീഷൻെറ റിപ്പോർട്ടു് പുനഃപരിശോധന ചെയ്യേണ്ടതായി വന്നുചേരാനിടയുണ്ടെന്നു തോന്നുന്നു. ഭരണപരമായും, സാമ്പത്തികമായും, ഭാഷാപരമായുമുള്ള സൗകര്യത്തെ മുൻനിറുത്തി സ്റ്റേറ്റുകളെ വിഭജിക്കുമ്പോൾ അതിൽ വന്നുപോയിട്ടുള്ള തെററുകൾ ചരിത്രപരമായും ഭൂമിശാസ്ത്രപരമായും പൊറുക്കാനാവാത്തതാണെങ്കിൽ അതിനുള്ള നിവൃത്തിമാർഗ്ഗങ്ങളെ തേടുന്നതു് ശിഥിലീകരണവാസനകളെ വളർത്തുകയായിരിക്കയില്ല പിന്നെയോ സ്റ്റേറ്റിൻെറ നിലനില്പിനു് ആവശ്യംകൂടിയായിരിക്കും. എന്നാൽ വെറും പ്രക്ഷോഭണത്തിനുവേണ്ടി മാത്രമാണെങ്കിൽ അതിനെ ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതുമാണു്. ഏതു വാദഗതിക്കും ചില ന്യായങ്ങളെല്ലാം എടുത്തുകാണിക്കുവാൻ കഴിയുമെങ്കിലും അവ നിർജ്ജീവങ്ങളായിരുന്നാൽ പ്രയോജനമില്ലല്ലോ?

ഈ വിധം പുതിയ സ്റ്റേറ്റുകൾ ഉടലെടുത്താൽ തന്നെയും മുൻപിലത്തേക്കാൾ കൂടുതൽ മററു സ്റ്റേറ്റുകളിലെ ജനങ്ങളുമായി എല്ലാ രംഗങ്ങളിലും ബന്ധം പുലർത്തേണ്ടതാണു്. ഇൻഡ്യയുടെ ഐക്യത്തിനും നിലനില്പിനും അതു ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്. നാനാത്വത്തിൽ ഏകത്വത്തെ ദർശിക്കുവാനുള്ള നമ്മുടെ കഴിവു് യാതൊരു കാരണവശാലും ഉപേക്ഷിക്കരുതു്.

### കേരളത്തെപ്പററി

കേരളാസ്റ്റേറ്റു രൂപീകരണ കാര്യത്തിലും കമ്മീഷൻ കുറെയെല്ലാം ഔചിത്യപൂർവ്വം പെരുമാറിയിട്ടുണ്ടു്. ഐക്യകേരളത്തെപ്പററിതന്നെ ഒന്നിലധികം അഭിപ്രായങ്ങൾ ഇവിടെ നിലനിന്നിരുന്നതാണു്. എല്ലാവരുടെയും അഭിരുചിക്കൊത്തു് യാതൊരു കാര്യവും മുന്നോട്ടു കൊണ്ടുപോകുക സാദ്ധ്യമല്ലല്ലോ? മദ്രാസ് ഗവർമ്മേണ്ടു് ആഗ്രഹിച്ചതുപോലെ ദേവികുളവും പീരുമേട്ടും നെയ്യാററിൻകരയും അവർക്കു കിട്ടാതിരുന്നതിൽ ചിലർക്കെല്ലാം അമർഷമുണ്ടു്. അതിനു് ശ്രീ കെ. എം. പണിക്കരെതന്നെ വ്യക്തിപരമായി അധിക്ഷേപിച്ചിട്ടുള്ളവരും ഇല്ലാതില്ല. തെക്കൻതിരുവിതാംകൂറിലെ അഞ്ചുതാലൂക്കുകൾ കേരളത്തോടു ചേരാതിരിക്കുവാൻ കാരണം കാണുന്നില്ല. ഭൂമിശാസ്ത്രപരമായി നോക്കിയാൽ ഈ താലൂക്കുകൾക്കു് മദ്രാസുമായുള്ള ബന്ധം മനസ്സിലാക്കുവാൻ പ്രയാസമാണു്. തിരുവനന്തപുരത്തുനിന്നു് തെക്കോട്ടു കന്യാകുമാരിവരെ ഒരിക്കൽ പോയിട്ടുള്ളവർക്കും ഇതിനോടു യോജിക്കുവാൻ നിവൃത്തിയുണ്ടെന്നു തോന്നുന്നില്ല. ഭരണപരമായി നോക്കിയാലും പ്രസ്തുതതാലൂക്കുകൾ കേരളത്തോടു ചേരുന്നതാണു് വളരെ ഏറെ നല്ലതു്. ചരിത്രപരമായി കേരളത്തിൻെറ അവിഭാജ്യഘടകങ്ങളാണു് ഈ താലൂക്കുകൾ. ഭാഷാപരമായി കമ്മീഷൻ പറയുന്ന കാരണങ്ങൾ ദുർബലങ്ങളാണു്, കാരണം അവിടെ ഭാഷയ്ക്കു് ഒരു ശതമാനം നിശ്ചയിക്കുകയേ സാദ്ധ്യമല്ല. മലയാളവും തമിഴും ഒരുപോലെ അറിയാവുന്നവരാണു അവിടത്തെ ജനങ്ങൾ. ഉദ്യോഗികാംഗീകാരം ഈ രണ്ടു ഭാഷകൾക്കും അവിടെയുണ്ടു്. മുഴുവൻ തെക്കൻ കർണ്ണാടകത്തേയും, കൂർഗിനേയും ഇവയിൽനിന്നു് ഒഴിച്ചിരിക്കുകയാണു്.

## പുസ്തകാഭിപ്രായം

### ആദർശകുടുംബം

(ഗ്രന്ഥകർത്താ: തോമസ് കളം, എസ്. ജെ. മെലൂർ, മധുര. പേജ് 80 + VIII. വില 8 ണ)

ഒരു സുപ്രസിദ്ധ ഗ്രന്ഥകാരനായ മാർട്ടിൻ ജെ. സ്കോട്ട് എസ്. ജെ അവർകളുടെ "You & Yours" എന്ന വിശിഷ്ടഗ്രന്ഥത്തെ പശ്ചാത്തലമാക്കി സരളവും സരസവുമായി വിരചിതമായിട്ടുള്ള ഒരു ഗ്രന്ഥമാണു് "ആദർശകുടുംബം". ഭവനം, ഭർത്താവു്, ഭാര്യ, മാതാവു്, പിതാവു്, പുത്രൻ, യുവാക്കന്മാർക്കു നേരിടാവുന്ന അപകടങ്ങൾ, യുവാക്കന്മാരും ഉന്നതജീവിതവും, പുത്രി, യുവതികളും ഉന്നതജീവിതവും എന്നിങ്ങനെ പത്തു അദ്ധ്യായങ്ങളിലായി കുടുംബജീവിതസാഹചര്യങ്ങളുടെ ഒരു ചർച്ച അതിവിദഗ്ദ്ധമായി നിർവ്വഹിച്ചിരിക്കുകയാണു് ഗ്രന്ഥകാരൻ. വൈദികജീവിതത്തിൽ വിവിധതരത്തിലുള്ള കുടുംബങ്ങളുമായി ഇടപഴകുന്നതിനും അവയെ നേരിടുന്ന വിവിധപ്രശ്നങ്ങളെ അദ്ധ്യാപകനെപ്പോലെയും, വിധിയാളനെപ്പോലെയും, പിതാവിനെപ്പോലെയും, വൈദ്യനെപ്പോലേയും കൈകാര്യം ചെയ്യുന്നതിനും നിർബന്ധിതനാകുന്ന ഒരു പുരോഹിതനു കുടുംബാന്തരീക്ഷത്തിലെ എല്ലാ സ്ഥിതിഗതികളും ഏറെക്കുറെ സുപരിചിതങ്ങളാണു്. ഈ പരിചയസമ്പത്തിനെ സനാതനതത്വങ്ങളിൽ പ്രതിഫലിപ്പിച്ചും ശാസ്ത്രവെളിച്ചത്തിൽ പ്രകാശിപ്പിച്ചും അനുവാചകരുടെ മുമ്പിൽ സജീവമായി സമർപ്പിച്ചിരിക്കുന്നുവെന്നതാണു് ഈ ചെറുഗ്രന്ഥത്തിൻെറ അനുപമമായ ഒരു വൈശിഷ്ട്യം. ധാരാളം നല്ല ഗ്രന്ഥങ്ങൾ എഴുതിത്തയ്യാറാക്കിച്ച ഫാദർ കളം അവർകളുടെ രചനാചാതുരിയും ഭാഷാശൈലിയും കേരളീയഭാഷാഭിജ്ഞന്മാർക്കു സുപരിചിതമാണല്ലോ. കുടുംബാംഗങ്ങളെയെല്ലാം ഈ ചെറുഗ്രന്ഥത്തിൽ അണിനിരത്തുന്നതിനും അവർക്കോരോരുത്തർക്കും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ താത്വികമായും പ്രായോഗികമായും നൽകുന്നതിനും സാധിച്ചിട്ടുള്ളതുകൊണ്ടു് ഗ്രന്ഥകാരൻെറ ഉദ്ദിഷ്ടം സഫലമായി എന്നഭിമാനിക്കാം. എന്നാൽ മിക്ക കുടുംബങ്ങളുടേയും ഒരവശ്യഘടകമായി നിലകൊള്ളുന്നതും സങ്കീർണ്ണങ്ങളായ പല പ്രശ്നങ്ങളേയും ഉൾക്കൊള്ളുന്നതുമായ "കുടുംബവും വേലക്കാരും" എന്നുള്ള ഒരു ഭാഗംകൂടി ഈ പ്രതിപാദനത്തിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ വേണ്ടില്ലായിരുന്നു എന്നൊരഭിപ്രായമുണ്ടു്, ഗ്രന്ഥത്തിൻെറ അടുത്തൊരു പതിപ്പു തയ്യാറാക്കുമ്പോൾ ഗ്രന്ഥകാരൻെറ ശ്രദ്ധയ്ക്കു നിവേദിപ്പിക്കുവാൻ. കുടുംബസംവിധാനത്തിൻെറ പേരിലും മററും കുടുംബജീവിതത്തെ മലീമസവും വിഷപങ്കിലവുമാക്കുന്നതിനുള്ള നാരകീയശ്രമങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ഔദ്യോഗികമായും അനൗദ്യോഗികമായും നാടിൻെറ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഇക്കാലയളവിൽ "ആദർശകുടുംബം" ഓരോ പ്രതി ഓരോ കുടുംബവും വാങ്ങി സൂക്ഷിക്കുകയും അനുദിനം കൂട്ടമായിത്തന്നെ അതു പാരായണം ചെയ്തു അതിലടങ്ങിയിട്ടുള്ള രക്ഷാകരനിർദ്ദേശങ്ങൾ ഹൃദിസ്ഥമാക്കുകയും ചെയ്യേണ്ടതു് ഈ വിപൽസന്ധിയിൽ കുടുംബസുസ്ഥിതിക്കു ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ഒരാവശ്യമാണെന്നു പ്രസ്താവിക്കുവാൻ ഒട്ടും മടിക്കുന്നില്ല. ഗ്രന്ഥകാരനെ കാലോചിതവും വിലപ്പെട്ടതുമായ ഈ സേവനത്തിൽ അനുമോദിക്കുന്നു; ഗ്രന്ഥത്തിനു പ്രചുരപ്രചാരം നേർന്നുകൊള്ളുന്നു.

(J. P. V.)

N. B. ഈ പുസ്തകം 8 ണ വിലയ്ക്കു മൂക്കന്നൂർ എസ്. എച്ച്. ഓർഫനേജ് ഡിപ്പോ, എറണാകുളം—1 ലും എസ്. എച്ച്. ലീഗ് ആല്വവാ നോത്തിലും കിട്ടുന്നതാണു്.

—o—

### ഓസ്ത്രിയായുടെ അപ്പസ്തോലൻ

സെവെരീനൂസ് എന്ന വിശുദ്ധ സന്യാസശ്രേഷ്ഠനാണു് ഓസ്ത്രിയാക്കാരെ സത്യവേദത്തിൽ ചേർക്കുന്നതിനു് ഒന്നാമതായി അവിടെയെത്തിയതു്. എന്നാൽ ജനങ്ങൾ അദ്ദേഹത്തെ നിരസിച്ചു പറഞ്ഞയച്ചതേയുള്ളു. അപ്പോൾ അവരുടെ പാപംനിമിത്തം അവർക്കു ആസന്നമായിരുന്ന ദൈവശിക്ഷയെപ്പററി അറിയിച്ചുകൊണ്ടു് വിശുദ്ധൻ സ്ഥലം വിട്ടു. മ്ലേഛരായ ഹൺജാതിക്കാർ അടുത്തുതന്നെ ആ രാജ്യം ആക്രമിച്ച് അനേകായിരങ്ങളെ കൊന്നൊടുക്കി. ഉടൻ ജനങ്ങൾ അനുതപിക്കയും, വി. സെവെരീനൂസിനെ അന്വേഷിച്ചു കണ്ടെത്തി അദ്ദേഹത്തിൽനിന്നു ജ്ഞാനസ്നാനം സ്വീകരിക്കയും ചെയ്തു. ഇങ്ങനെ നാശത്തിൽനിന്നും അവർക്കു രക്ഷ സംജാതമായി.

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

20 വ്യാ: വി. യോഹന്നാൻ കൂാന്തീസ്
21 വെ: വി. ഇല്ലാരിയോൻ
22 ശ: വി. മറിയം ശാലോം
23 ഞാ: പന്തക്കുസ്ത 21-ാംഞാ. വേദപ്രചാരഞായർ
24 തി: വി. റപ്പായേൽ
25 ചൊ: വി. ക്രിസാന്തോസും ദാരിയായും
26 ബു: വി. എവരിസ്തോസ്

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ 8—12—0

## ഇടവകവാർത്തകൾ

**തിടനാട്:** സ്ഥലം ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഇക്കഴിഞ്ഞ ഒക്ടോ. 9-ാംനു- വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ആഘോഷിച്ചു. ഇതുപ്രമാണിച്ച് ഒൻപതുദിവസത്തെ നൊവേനയും വി. കുർബാനയുടെ വാഴ്വും ഉണ്ടായിരുന്നു. തിരുനാൾദിവസം മിഷൻ കാർഷികവിളവശേഖരണവും നടത്തപ്പെട്ടു.

**കണ്ണൂർ:** ഒക്ടോ. 1-ാംനു- ശനിയാഴ്ച വെളുപ്പിനു 4 മണിക്കു തുടങ്ങി 2-ാംനു- ഞായറാഴ്ച വൈകുന്നേരം 4 മണിവരെ 36 മണിക്കൂർനേരം സ്ഥലത്തെ സത്യാരാധന, മിഷൻലീഗ്, സൊഡാലിററി എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ഒരു ജപമാലപ്രാർത്ഥനായജ്ഞം നടന്നിരിക്കുന്നു ഞായറാഴ്ച നാലുമണിക്കു പരി. ദേവമാതാവിന്റെയും വി. കൊച്ചുത്രേസ്യായുടേയും തിരുസ്വരൂപങ്ങൾ വഹിച്ചുകൊണ്ടുള്ള ജപമാലപ്രദക്ഷിണം, പരിശുദ്ധ കുർബാനയുടെ വാഴ്വ് എന്നിവയോടുകൂടി ചടങ്ങുകൾ അവസാനിച്ചു

**എളംകുളം:** സ്ഥലം ഫാത്തിമാപള്ളിയിൽ ആണ്ടുതോറും നടത്തിവരാറുള്ള ഫാത്തിമാനാഥയുടെ തിരുനാൾ ഇക്കൊല്ലം ഒക്ടോ. 13-ാംനു- വ്യാഴാഴ്ച അത്യാഡംബരപൂർവ്വം നടന്നിരിക്കുന്നു. വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് തിരുനാൾദിവസം പൊന്തിഫിക്കൽ ദിവ്യപൂജ അർപ്പിച്ചു. പ്രാരംഭദിനമായ ഒക്ടോ. 10-ാം തീയതി മുതൽ ഓരോ ദിവസവും റവ. ഫാദേഴ്സ് ഫെലിക്സ് സി. ഡി. എം., മാത്യു കോതകത്തു്, തോമസ് നെടുമ്പറമ്പിൽ, മോൺ: ജോർജ് നെടുമ്പറമ്പിൽ (കൊച്ചി) എന്നിവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. മെത്രാപ്പോലീത്താ തിരുമേനിക്ക് ഇടവകക്കാരും മററും ചേർന്ന് ആഘോഷമായ സ്വീകരണം നൽകുകയുണ്ടായി. ഇക്കൊല്ലത്തെ പ്രസുദേന്തി വള്ളവശ്ശേരി ശ്രീ ജോർജ് പാപ്പു അവർകളായിരുന്നു.

**കുമ്പനാട്:** സ്ഥലത്തെ ലീജിയന്റെ സംയുക്തസമ്മേളനം ഒക്ടോ. 2-ാംനു- ഞായറാഴ്ച പകൽ 10 മണിക്ക് റവ. ഫാ. മുക്കാട്ടുകുന്നേൽ അവർകളുടെ അദ്ധ്യക്ഷതയിൽ സ്കൂൾഹാളിൽ സമ്മേളിക്കുകയുണ്ടായി. യോഗത്തിൽ Br. ലോറൻസ് പി. പ്ലാമ്മൂട്ടിൽ, Br. ദേവസ്യാ ജെ. പടനിലം എന്നിവർ പ്രസംഗിച്ചു. ബാലികമാരുടെ വിവിധ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.

**കോന്നി:** കൊന്നപ്പാറ ഓർത്തഡോക്സു പള്ളിയിൽനിന്നും കൊല്ലേത്തു് മി. കെ. സി. ജോൺ തന്റെ കുടുംബാംഗങ്ങളായ ആറു പേരോടുകൂടി ചെങ്ങറ കത്തോലിക്കാപള്ളിയിൽ ചേർന്നിരിക്കുന്നു.

**ചെങ്ങറ:** റവ. ഫാദർ ശമുവേൽ ശങ്കരത്തിലിന്റെ പ്രധാന കാർമ്മികത്വത്തിൽ, ലത്തീൻപള്ളി വികാരി റവ. ഫാദർ ഡേവിഡ് അവർകളുടെ സഹകരണത്തോടുകൂടി ചെങ്ങറപള്ളിയിൽ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെട്ടിരിക്കുന്നു.

**ചങ്ങനാശ്ശേരി:** സ്ഥലം ലീജിയൻ ഓഫ് മേരി, സി. എ. സി. എന്നീ സംഘടനകളുടെ സിൽവർജൂബിലി ആഘോഷങ്ങളെപ്പററി ആലോചിക്കുവാൻ ചേർന്ന അസാധാരണയോഗം വെരി റവ. ഫാദർ തോമസ് പോരൂക്കര പ്രസിഡന്റായും റവ. ഫാദേഴ്സ് ജോസഫ് കുഴ്ത്തടം എം. എ., പി. സി. മാത്യു എം. എ., ജോൺ മാറാം എം. എ, സിറിയക്ക് തുരുത്തുമാലിൽ, ജോസഫ് പരിയാരം എന്നിവരും ശ്രീ ഡി. വർഗ്ഗീസ് എം. എ., ഒ. ജെ. കുരുവിള എം. എസ് സി., എം. ജെ. മാത്യു എം. എസ് സി. മുതലായി 20 പേർ അംഗങ്ങളായും ഉള്ള ഒരു സ്വീകരണകമ്മററിയേയും, ശ്രീ ററി. എസ്. ചാക്കോ തോട്ടാശ്ശേരി കൺവീനരായിരിക്കുന്ന ഒരു ജനാൽകമ്മററിയേയും ശ്രീ കെ. വി. തോമസ് കൺവീനരായിരിക്കുന്ന ഒരു പബ്ളിസിററികമ്മററിയേയും, വിവിധകാര്യങ്ങൾക്കായി മറേറതാനും കമ്മററികളേയും തെരഞ്ഞെടുക്കുകയുണ്ടായി.

കൂടാതെ, ശ്രീ മുട്ടത്തുവർക്കി B. A. ചീഫ് എഡിററരായും ശ്രീ ഡി. വറുഗീസ് എം. എ. കൺവീനരായും 5 പേരടങ്ങിയ ഒരു സോവനീർക്കമ്മററിയേയും തെരഞ്ഞെടുത്തു

**വ. പറവൂർ:** കോട്ടയ്ക്കാവു ഫൊ. പള്ളിയിലെ ചെറുപുഷ്പ സൊഡാലിററിയുടെയും അൾത്താരസംഘത്തിന്റെയും 21-ാമതു സംയുക്തവാർഷികസമ്മേളനം ഒക്ടോബർ 9-ാംനു- ഞായറാഴ്ച 3 മണിക്കു വെരി റവ. ഫാ. ഫ്രാൻസിസ് സാലസ് M. A. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മിസ് സാറാ പോത്തൻ B. A. B. L. മി. മാത്യു ഉലകംതറ B. A. എന്നിവരായിരുന്നു പ്രസംഗകർ. സമ്മേളനമദ്ധ്യേ വിവിധവിനോദപ്രകടനങ്ങളും ഏകാങ്കങ്ങളും ഫാൻസിഡ്രസ് കോമ്പററിഷനും സമ്മാനദാനവും ഉണ്ടായിരുന്നു. സമ്മേളനാനന്തരം സഖ്യാംഗങ്ങൾ "തകർന്നഹൃദയം" എന്ന സംഗീതനാടകം അഭിനയിച്ചു.

**കാഞ്ഞിരക്കോട്:** വിശുദ്ധ അസീസ്സിയുടെ തിരുനാൾ സ്ഥലം ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ ആഭിമുഖ്യത്തിൽ ഭക്തിപൂർവ്വം ഒക്ടോ. 19-ാംനു- ആഘോഷിച്ചിരിക്കുന്നു. ഇടവക ദേവാലയത്തിൽ വെരി റവ. ഫാദർ നെററായുടെ പ്രധാന കാർമ്മികത്വത്തിൽ സുപ്പസ്സുപൂജയും, അതിനുശേഷം വെരി റവ. ഫാദർ റിച്ചാർഡ് ഒ. എഫ്. എം. ന്റെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനവും നടത്തപ്പെട്ടു. റവ. ഫാദർ കമ്മോൺസ്, സി. സ്റ്റർ അന്നാമ്മ മാമ്മൻ എന്നിവരുടെ പ്രസംഗങ്ങൾ ഉണ്ടായിരുന്നു.

## ഒരു തിരുത്തു്

1955 ആഗസ്റ്റ് 10-ാം തീയതിയിലെ പത്രത്തിൽ തൃശ്ശൂർ വാർത്തയിൽ "ചേറൂക്കാരൻ മാത്തുണ്ണിയും ഭാര്യയും കത്തോലിക്കാസഭയിൽ ചേർന്നിരിക്കുന്നു" എന്നു ഒരു റിപ്പോർട്ടു ചേർത്തിരുന്നു. ചേറൂക്കാരൻ മാത്തുണ്ണി ഭാര്യ റോസ അപ്രകാരം കത്തോലിക്കാസഭയിൽ ചേർന്നിട്ടില്ലെന്നു ഇവിടെ അറിയിച്ചിരിക്കുന്നു. റിപ്പോർട്ടിൽ വന്നിട്ടുള്ള ഈ തെററിനെപ്പററി ഖേദിക്കുകയും അതു തിരുത്തി മനസ്സിലാക്കണമെന്നു മാന്യവായനക്കാരെ അറിയിക്കുകയും ചെയ്തുകൊള്ളുന്നു.

N. B. സത്യദീപത്തിലേക്കു വാർത്തകൾ എഴുതി അയക്കുമ്പോൾ അവ തീകച്ചും വസ്തുനിഷ്ഠവും സത്യവുമായിരിക്കുവാൻ ലേഖകന്മാർ പ്രത്യേകം നിഷ്കർഷിക്കണമെന്നു ഓർമ്മിപ്പിച്ചുകൊള്ളുന്നു.

പത്രാധിപർ



പ്രസിദ്ധ എല്ലായിനം വാച്ചുകൾക്കും ഞങ്ങളെ സമീപിക്കുക.

**കണിയാമ്പുറം ബ്രദേഴ്സ്, ബ്രോഡ്വെ**

ഫോൺ 501 എറണാകുളം

## ചരമവാർത്തകൾ

**കുര്യനാട്:** കുറവിലങ്ങാട് ഇടവക പ്ലാത്തോട്ടത്തിൽ ഔസേപ്പ് (കൈതമററം) അവർകൾ വാർദ്ധക്യസഹജമായ രോഗംനിമിത്തം അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചു്, ഒക്ടോബർ 8-ാംനു- ശനിയാഴ്ച തന്റെ 92-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. പരേതൻ, റവ. ഫാ. സ്കനിസ്ലാവോസ് ടി. ഒ. സി. ഡി. അവർകളുടെ പിതൃസഹോദരനും റവ. സിസ്റ്റർ കൊൺസലേത്താ ടി. ഒ. സി. ഡി. യുടെ പിതാവുമാണ്.

**പള്ളിപ്പുറം:** തിരുനല്ലൂർ കുരിശുപള്ളിയിടവക വെള്ളനേഴത്തായ കണിച്ചേരിൽ ശ്രീമതി വർക്കി മറിയം 85-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു.

R. I. P.

## വിശുദ്ധ യൂദായോടു ജപം

(തിരുനാൾ ഒക്ടോബർ 28)



ഈശോയുടേയും മറിയത്തിന്റെയും യഥാർത്ഥസംബന്ധിയും മഹത്വപ്പെട്ട ശ്ലീഹായുമായ വിശുദ്ധ യൂദാ തദേവൂസ്, അങ്ങേ മഹത്തായ സ്ഥാനത്തിനും പ്രാബല്യത്തിനും അങ്ങ് ഈശോയുടെ ഏററവും പരിശുദ്ധ ഹൃദയത്തോടു കടപ്പെട്ടിരിക്കുന്നുവല്ലൊ. അവിടുന്നു അങ്ങേക്കു നൽകിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കുമായി തിരുഹൃദയംവഴി ഞാൻ ദൈവത്തെ സ്തുതിക്കുകയും അവിടുത്തോടു നന്ദിപറയുകയും ചെയ്തുകൊള്ളുന്നു.

എളിമയോടെ അങ്ങേ പ്രണമിച്ചുകൊണ്ടു് ഏററവും മുട്ടിപ്പായി ഞാനപേക്ഷിക്കുന്നു; കരുണാപൂർവ്വം എന്നെ കടാക്ഷിക്കേണമെ. എന്റെ എളിയ അപേക്ഷയെ തള്ളിക്കളയരുതേ. അങ്ങിലുള്ള എന്റെ ആശ്രയം വ്യർത്ഥമാക്കരുതേ. എത്ര അസാദ്ധ്യമായ കാര്യങ്ങളിലും മനുഷ്യവർഗ്ഗത്തെ സഹായിക്കുന്നതിനുള്ള പ്രത്യേകവരം ദൈവം അങ്ങേക്കു ദാനം ചെയ്തിരിക്കുന്നുവല്ലൊ. അങ്ങു എന്നെ സഹായിക്കേണമെ. തന്മൂലം ദൈവാനുഗ്രഹങ്ങളെ കീർത്തിക്കുന്നതിനു എനിക്കിടയാകുക. എന്റെ ജീവിതകാലം മുഴുവനും ഞാനങ്ങയോടു കൃതജ്ഞതയുള്ളവനായിരുന്നുകൊള്ളാം. സ്വർഗ്ഗത്തിൽവന്നു് അങ്ങയോടു നന്ദി പ്രദർശിപ്പിക്കത്തക്കവണ്ണം എന്നും ഞാനങ്ങേ വിശ്വസ്തദാസനായി ജീവിച്ചുകൊള്ളാം. ആമ്മേൻ.

വിശുദ്ധ യൂദാ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!

Ernakulam, 16—10—55

Imprimatur
+ Joseph Parecattil V. G.

ഇതു പ്രസിദ്ധീകരിക്കുന്ന ആളുടെ ഒരു പ്രത്യേകനിയോഗാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണമെന്നപേക്ഷ.

(10-ാംപേജ് തുടർച്ച)

ങ്ങുന്ന നയനങ്ങളോടുകൂടി അദ്ദേഹത്തെ ഒന്നുനോക്കി. എന്നിട്ടു പ. പിതാവു് ഇപ്രകാരം മന്ത്രിച്ചു: "എനിക്കു അത്ഭുതമാണു്; അന്നു ബ്രാസ്സമെഴുകുതിരിക്കാലുകൊണ്ടു് അങ്ങു് എന്നെ അടിച്ചതും എന്റെ തല മുഴച്ചുപൊങ്ങിയതുംമററും അങ്ങു ഇപ്പോൾ ഓർമ്മിക്കുന്നുണ്ടോ?"

ഇപ്പോൾ മനസ്സിലായില്ലേ, പ. പിതാവു് ലെയോ പന്ത്രണ്ടാമൻ ആരായിരുന്നുവെന്നു്. 1829 ൽ പന്ത്രണ്ടാം ലെയോ മാർപ്പാപ്പായുടെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടതാരാണെന്നറിയാമോ? പിയൂസ് എട്ടാമൻ എന്ന നാമം സ്വീകരിച്ച കർദ്ദിനാൾ കസ്റ്റിഗ്ലിയോൺ—1775-ൽ ഡള്ളാജൻഗായുടെ തലമുഴപ്പിച്ച ആ വഴക്കാളിച്ചെറുക്കൻ—ആ അൾത്താരക്കുട്ടി!

വഴക്കാളിപ്പിള്ളേരുടെ ശല്യം കൊണ്ടു മനംമടുത്ത പല മാതാപിതാക്കളുണ്ടു്. അവരുടെ ഹൃദയത്തിൽ ആശ്വാസകിരണങ്ങൾ വീശുവാൻ, കോരിത്തരിപ്പിക്കുന്ന ഈ സംഭവം പര്യാപ്തമായേക്കാം. പക്ഷേ അവർ ഒന്നു മനസ്സിലാക്കണം. ഡള്ളാജൻഗായും കാസ്റ്റിഗ്ലിയോനും അൾത്താരക്കുട്ടികളായിരുന്നുവെന്നു്. കളങ്കമററ കുരുന്നുപ്രായത്തിൽത്തന്നെ അവർ അൾത്താരയോടടുത്തു്—സക്രാരിയിലെ ദിവ്യനാഥനോടടുത്തു്—ജീവിച്ചുവന്നു. ആ കുസൃതിക്കുട്ടുകളെ, പത്രോസിന്റെ സിംഹാസനംവരെ കയറിച്ചെല്ലുവാൻ യോഗ്യരാക്കിത്തീർത്ത ആദ്യകാരണം അൾത്താരയോടുള്ള ഈ സമീപനമല്ലെന്നാരറിഞ്ഞു? അതിനാൽ നമുക്കും കുട്ടികളെ ചെറുപ്പംമുതൽതന്നെ അൾത്താരയോടടുപ്പിക്കാം. പരിശുദ്ധമായ ആ അന്തരീക്ഷത്തിൽ അവർ വളരട്ടെ. അപ്പോൾ ഒരുത്തരും അറിയാതെതന്നെ അവരുടെ ഹൃദയത്തിൽ അനുഗ്രഹത്തിന്റെ പൊൽക്കതിരുകൾ നുഴഞ്ഞുകയറും. അങ്ങനെ വഴക്കാളികളും ദൈവത്തിന്റെ വത്സലതനയരായിത്തീരും.

## 'ഡോക്ടർ ഓഫ് ലോസ്'

ബോംബെ ആർച്ചുബിഷപ്പ് അത്യുന്നത കർദ്ദിനാൾ ഗ്രേഷ്യസ് തിരുമേനിക്ക് ന്യൂയോർക്കിലെ സെന്റ് ജോസഫ്സ് യൂണിവേഴ്സിററി "ഡോക്ടർ ഓഫ് ലോസ്" എന്ന ഓണററി ബിരുദം നൽകിയിരിക്കുന്നു.



ആത്മകഥാകഥനം

# വെളിച്ചത്തിലേക്കു്

[വി. തോമസ്, തിരുവല്ലാ]

ഇന്നു് ഞാൻ ഒരു കത്തോലിക്കനാണു്. തിരുസ്സഭയുമായി ഞാൻ പുനരൈക്യപ്പെട്ടിട്ടു് പത്തു വർഷമായി. എന്റെ പുനരൈക്യഹേതു ആരായുന്ന ആളോടും അഭിമാനപുരസ്സരം എനിക്കു് ചിലതെല്ലാം പറയാനുണ്ടു്. മാർത്തോമ്മാസഭയിൽ ജനിച്ചു് 18 വയസ്സുവരെ അതിന്റെ വിശ്വാസാചാരങ്ങളെ പുൽകി ഞാൻ വളർന്നുവന്നു. മതകാര്യങ്ങളിൽ ഞാൻ അത്യുൽസുകനായിരുന്നു. ഞായറാഴ്ചകളിൽ പള്ളിശുശ്രൂഷകളിൽ സംബന്ധിക്കുന്നതിൽ ഞാൻ മുടക്കം വരുത്തിയിട്ടില്ല. സണ്ടേസ്കൂളിൽ ഹാജരാകുന്നതിലും വേദപുസ്തകം പഠിക്കുന്നതിലും ഞാൻ അത്യധികം താല്പര്യം പ്രകടിപ്പിച്ചുപോന്നു.

അന്നൊന്നും കത്തോലിക്കാസഭയെക്കുറിച്ചു് എനിക്കു കാര്യമായ യാതൊരറിവുമില്ലായിരുന്നു. കത്തോലിക്കർ വിഗ്രഹാരാധകരും മദ്യപാനികളും ക്രിസ്തുവിനെ ക്രൂശിച്ചവരും മററുമാണെന്നു് ഉപദേശിമാർ പൊതുയോഗങ്ങളിൽ പ്രസംഗിക്കുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. എന്നാൽ, ഒരു കത്തോലിക്കാ ദൈവാലയം സന്ദർശിക്കുന്നതിനോ, കത്തോലിക്കരുമായി സമ്പർക്കം പുലർത്തുന്നതിനോ എനിക്കു സാധിച്ചിരുന്നില്ല.

ഞാൻ ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ അടുത്തുള്ള കത്തോലിക്കാപള്ളിയിൽ ഒരു പുതിയ വികാരിയച്ചൻ ആഗതനായി. യാത്രയിൽവച്ചും മററും കാണുമ്പോൾ അദ്ദേഹം വാത്സല്യപൂർവ്വം എന്നോടു സംസാരിക്കാറുണ്ടായിരുന്നു. എന്റെ കാര്യത്തിൽ അദ്ദേഹം അതീവതല്പരനാണെന്നു് എനിക്കു ക്രമേണ മനസ്സിലായി. അദ്ദേഹം സമ്മാനിച്ച ഏതാനും മാസികകളും ലഘുപത്രികകളും സോത്സാഹം ഞാൻ വായിച്ചുകൊണ്ടിരുന്നു. ആ വന്ദ്യവൈദികനുമായുള്ള സമ്പർക്കം കത്തോലിക്കാസഭയെക്കുറിച്ചു എനിക്കുണ്ടായിരുന്ന പല തെററിദ്ധാരണകളും ദൂരീകരിക്കയും കത്തോലിക്കാ സഭയെക്കുറിച്ചു് കൂടുതൽ പഠിക്കുന്നതിനു് പ്രേരണ നൽകുകയും ചെയ്തു.

വസ്തുനിഷ്ഠമായി കാര്യങ്ങൾ ഗ്രഹിക്കുവാനുള്ള അഭിവാഞ്ഛ എന്നിൽ വർദ്ധിച്ചുവന്നു. രണ്ടു സഭകളെക്കുറിച്ചു് അഗാധമായ താരതമ്യപഠനം നടത്തുവാൻ അന്നെനിക്കു പ്രാപ്തിയില്ലായിരുന്നു. എങ്കിലും, ക്രിസ്തുസഭയുടെ അടിസ്ഥാനതത്വങ്ങൾ മനസ്സിലാക്കുന്നതിനു് ഞാൻ ഒരുമ്പെട്ടു.

മനുഷ്യരക്ഷാർത്ഥം ക്രിസ്തുനാഥൻ ഒരു സഭ മാത്രമേ സ്ഥാപിച്ചിട്ടുള്ളു. അതു് ഏകവും വിശുദ്ധവും അപ്പസ്തോലികവും കാതോലികവുമായിരിക്കണം. എന്നാൽ, ഇന്നു പരസ്പരവിരുദ്ധങ്ങളായ തത്വങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വിഭിന്നസഭകൾ എങ്ങനെ ഉത്ഭവിച്ചു എന്നു് ഞാൻ ചിന്തിക്കുവാൻ തുടങ്ങി. അതെ, മനുഷ്യന്റെ സ്വാർത്ഥതയും അഹങ്കാരവുമാണു് ഓരോരോ പുതിയ സഭകളുടെ ആവിർഭാവത്തിനു് കാരണമായതെന്നു് അചിരേണ ഞാൻ ഗ്രഹിച്ചു. ഇങ്ങനെ ഉണ്ടായതല്ലേ യാക്കോബായ പ്രോട്ടസ്റ്റൻറു സഭകളും അവയുടെ എണ്ണമില്ലാത്ത വിഭിന്നവിഭാഗങ്ങളും!

ഞാൻ പഠനം തുടർന്നുകൊണ്ടിരുന്നു. അധികം കഴിഞ്ഞില്ല, ക്രിസ്തുവിന്റെ യഥാർത്ഥ സഭയെ അറിയുവാൻ എല്ലാവർക്കും ചുമതലയുണ്ടെന്നും അതിന്റെ അംഗത്വം ആത്മരക്ഷയ്ക്കു അവശ്യാവശ്യകമാണെന്നും ഞാൻ ഗ്രഹിച്ചു. ക്രിസ്തുവിന്റെ വി. കുർബ്ബാനയിലെ സാന്നിദ്ധ്യം, മരണാനന്തരജീവിതം, പത്രോസിന്റെ പരമാധികാരം, ഏകസഭ ആദിയായ വിശ്വാസവിഷയങ്ങൾ മനുഷ്യരക്ഷയ്ക്കു അത്യന്താപേക്ഷിതമാണെന്നു് ഈ പഠനങ്ങളുടെ വെളിച്ചത്തിൽ എനിക്കു മനസ്സിലായി.

ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞു്, എന്റെ മാതാപിതാക്കന്മാരോടു് കത്തോലിക്കാസഭയുടെ വൈശിഷ്ട്യത്തെക്കുറിച്ചു സംസാരിക്കാനിടയായി. എന്റെ ഈ മനോഭാവത്തിൽ അവർ അമർഷംകൊണ്ടു. വികാരിയച്ചനും ഇക്കാര്യം അറിഞ്ഞു. എന്നെ കണ്ടു സംസാരിക്കുവാൻ അദ്ദേഹം ഒരു ദിവസം വീട്ടിൽ ആഗതനായി. "നമ്മുടെ മാർത്തോമ്മാസഭ മാത്രമാണു് വേദപുസ്തകത്തിനനുസരണമായി പഠിപ്പിക്കുന്നതു്. പിന്നെ അന്ധവിശ്വാസത്തെ പുലർത്തുന്ന ഈ കത്തോലിക്കാസഭയിൽ എന്തിന ചേരണം?" അദ്ദേഹം ചോദ്യം ആരംഭിച്ചു. "പ്രിയ അച്ചാ, മനുഷ്യരക്ഷാർത്ഥം ക്രിസ്തുനാഥൻ ലോകത്തിൽ ഒരു സഭമാത്രമേ സ്ഥാപിച്ചിട്ടുള്ളു. (വി. മത്തായി 16:18) ചരിത്രം പഠിക്കുന്ന ഏവർക്കും മനസ്സിലാക്കാം വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയായ റോമ്മാമാർപ്പാപ്പാ ഭരിക്കുന്ന കത്തോലിക്കാസഭ മാത്രമാണതെന്നു്. മാർത്തോമ്മാസഭ മാത്രമാണു് വേദപുസ്തകാനുസരണം പഠിപ്പിക്കുന്നതെന്നു് ബ. അച്ചൻ പറയുകയുണ്ടായല്ലോ. ക്രിസ്തുസഭയുടെ അടിസ്ഥാനപരമായ ഒരു വിശ്വാസസത്യമാണു് ക്രിസ്തുവിന്റെ വി. കുർബ്ബാനയിലെ സാന്നിദ്ധ്യം. ഈ വിശ്വാസസത്തെപ്പററി മാർത്തോമ്മാസഭ ഒരന്ത്യതീരുമാനത്തിൽ ഇതുവരെയും എത്തിയിട്ടില്ല; തോന്നുന്നതുപോലെ വിശ്വസിക്കുവാനുള്ള സർവ്വസ്വാതന്ത്ര്യവും അനുവദിച്ചുകൊടുത്തിരിക്കുകയാണു്. വേദപുസ്തകത്തിൽ സ്പഷ്ടമായി കാണുന്നു: "ഈശോ അപ്പമെടുത്തു് ആശീർവ്വദിച്ചു് മുറിച്ചു് ശിഷ്യർക്കു കൊടുത്തുകൊണ്ടു് അരുളിച്ചെയ്തു: "നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ, ഇതെന്റെ ശരീരമാകുന്നു." (മത്തായി 26:26, 27) "സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു, ഈ അപ്പം ആരെങ്കിലും ഭക്ഷിച്ചാൽ അവൻ എന്നന്നേക്കും ജീവിക്കും; ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിന്റെ ജീവനുവേണ്ടി കൊടുക്കുന്ന എന്റെ ശരീരമാകുന്നു." (യോഹ. 6:51, 52) ഇങ്ങനെ വി. വേദപുസ്തകത്തിൽ സ്പഷ്ടമായി പറഞ്ഞിരിക്കുന്ന എത്രയെത്ര കാര്യങ്ങളെ മാർത്തോമ്മാസഭ അവഗണിച്ചുകളയുന്നു?"

ഈദൃശമായ എന്റെ സംസാരരീതിയിൽ ബ. വികാരിയച്ചൻ രോഷാകുലനായി. മേലിൽ യാതൊരു കത്തോലിക്കാ മതഗ്രന്ഥവും വായിച്ചുകൂടെന്നും കത്തോലിക്കരുമായുള്ള സമ്പർക്കം പാടേ ഉപേക്ഷിക്കണമെന്നും എനിക്കു താക്കീതു നൽകി. കൂടാതെ, ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനു് മാതാപിതാക്കന്മാരെ "ശട്ടം"കെട്ടിയതിനുശേഷമേ അദ്ദേഹം സ്ഥലം വിട്ടുള്ളു.

എന്റെ സത്യാന്വേഷണപരിശ്രമങ്ങൾക്കു് മാതാപിതാക്കന്മാർ വലിയ പ്രതിബന്ധമായിത്തീർന്നു. കത്തോലിക്കരുമായി യാതൊരു വേഴ്ചയും പാടില്ലെന്നു് അവർ വിലക്കി. എന്നാൽ, ദിവസങ്ങൾ കഴിയുന്തോറും അസ്വസ്ഥതയും അസംതൃപ്തിയും എന്നെ ഗ്രസിക്കുവാൻ തുടങ്ങി. മാർത്തോമ്മാസഭയുടെ അംഗത്വത്തിൽ ഞാൻ നിരാശപൂണ്ടു. കത്തോലിക്കാസഭയിൽ ചേരേണ്ടതു് എന്റെ ആത്മരക്ഷയ്ക്കു് അത്യന്താപേക്ഷിതമാണെന്നു് എനിക്കു പരിപൂർണ്ണമായി ബോദ്ധ്യപ്പെട്ടു. സകല പ്രതിബന്ധങ്ങളേയും തട്ടിമാററി സുധീരം മുമ്പോട്ടുപോകുവാൻതന്നെ ഞാൻ തീരുമാനിച്ചു. സർവ്വോപരി, ഹൃദയംഗമമായി പ്രാർത്ഥിച്ചു: "നാഥാ! അവിടുത്തെ സത്യസഭയിലേക്കു എന്നെ ആനയിക്കണമെ" എന്നു്.

1946 ഡിസമ്പർ 18-ാംനു. ആ സുദിനത്തിലെ സുപ്രഭാതത്തിൽ ഞാൻ തിരുവല്ലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ സെവേരിയോസ് തിരുമനസ്സിലെ സമക്ഷം കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. നിരന്തരമായ പ്രാർത്ഥനയുടേയും ഉത്സാഹപൂർവ്വമായ പഠനത്തിന്റെയും ഫലം ഞാൻ അനുഭവിച്ചു. അങ്ങനെ ബാല്യദശയിൽനിന്നു് യുവത്വത്തിലേക്കു് കാലൂന്നിയപ്പോൾ, എന്റെ ആദ്ധ്യാത്മികജീവിതത്തിനു് ഒരുണർവും ചൈതന്യവും ലഭിച്ചു. മാർത്തോമ്മാസഭയാകുന്ന മരുഭൂമിയിൽനിന്നു് കത്തോലിക്കാസഭയാകുന്ന വിളഭൂമിയിൽ ചെന്നെത്തിയതിൽ ഞാൻ ദൈവത്തെ സ്തുതിച്ചു.

വിളംബംവിനാ എന്റെ പുനരൈക്യവാർത്ത വീട്ടുകാർ അറിഞ്ഞു; അവർ കോപാക്രാന്തരായി. അവരുടെ ഭീഷണികളും പ്രഹരങ്ങളും എന്റെ പുതിയ വിശ്വാസവെളിച്ചത്തിൽ നിസ്സാരങ്ങളായിത്തോന്നി. ഞാൻ ദൈവപരിപാലനയിൽ ആശ്രയിച്ചു. എന്റെ കുടുംബാംഗങ്ങൾ എല്ലാവരും മാർത്തോമ്മാ ദൈവാലയത്തിലേക്കു പോകുമ്പോൾ ഞാൻ ഏകനായി കത്തോലിക്കാപള്ളിയിലേക്കും!!!

എനിക്കു ലബ്ധമായ സൗഭാഗ്യത്തിലേക്കു് അവരേയും കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിച്ചു. അതു എന്റെ കർത്തവ്യമായി ഞാൻ കരുതി. അതിനുവേണ്ടി ഞാൻ നിരന്തരം പ്രാർത്ഥിച്ചു; എന്റെ ക്ലേശങ്ങളും കരിശ്രമങ്ങളും അവരുടെ മാനസാന്തരത്തിനായി കാഴ്ചവച്ചു. ദൈവത്തിന്റെ പരിപാലന എത്ര വിസ്മയാവഹം! എന്റെ സഭാപ്രവേശം കഴിഞ്ഞു് അഞ്ചു വർഷത്തിനുശേഷം എന്റെ മാതാപിതാക്കന്മാരും സഹോദരീസഹോദരന്മാരും ക. സഭയെ ആശ്ലേഷിച്ചു.

നേരത്തെതന്നെ മാർത്തോമ്മാസഭയെ ഉപേക്ഷിച്ചു് കത്തോലിക്കാസഭയെ ആശ്ലേഷിച്ചതിൽ ഇപ്പോൾ ഞാൻ ആനന്ദം അനുഭവിക്കുന്നു. ഇന്നു് മാർത്തോമ്മാസഭ ദൈനംദിനം അധഃപതിക്കുകയാണു്. അതിലെ കലഹങ്ങൾ ആന്തരികമാണു്. പണ്ടു് എബ്രാഹം മല്പാൻ ഏതാനും പ്രോട്ടസ്റ്റൻറു് മിഷനറിമാരുടെ പ്രേരണയാൽ യാക്കോബായസഭയെ നവീകരിച്ചപ്പോൾ, കടുവായുടെ മാളത്തിൽനിന്നു് ഓടി സിംഹത്തിന്റെ ഗുഹയിൽ നിപതിക്കുകയാണു് ചെയ്തതു്. അതെ, ശീശ്മയിൽനിന്നു് പാഷണ്ഡതയിലേക്കു് നിപതിച്ചാൽ സമാധാനവും ഐക്യവും അസാദ്ധ്യമെന്നു് ഇനിയെങ്കിലും എന്റെ പ്രിയപ്പെട്ട മാർത്തോമ്മാസഹോദരന്മാർ ഗ്രഹിച്ചിരുന്നെങ്കിൽ!


## തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി

(തിരു-കൊച്ചി ഗവമ്മെണ്ടിൽനിന്നും സിദ്ധിച്ച D. Dis 3290/55-ാം നമ്പ്ര് കല്പനപ്രകാരം തുടങ്ങുന്ന)

## പുതിയ മാസക്കുറി

നറുക്കു് 1ക്കു് 100ക. 111 തവണ. 11100ക. സല.

മാസംതോറും 6-ാംനു-കളിൽ കുറിതവണകൾ

ഒന്നാമത്തെ നറുക്കെടുപ്പു്:— 1955 ഡിസംബർ 6-ാംനു-

കുറിയിൽ കുറഞ്ഞതു് 32-ൽ ഒരാൾ (3ക. ഭീണ. യുടെ വീതം) വരെ ചേരാം.

അപേക്ഷാഫാറത്തിനും, കൂടുതൽ വിവരങ്ങൾക്കും എഴുതുക:—

TRICHUR, 21-9-1955 ) VICAR & TRUSTEE ) THE LOURDES CHURCH KURI OFFICE


ചോദ്യോത്തരപംക്തി

III

# സഭയുടെ വിശുദ്ധി

[കെ. ഇ. ജോബ് എം. എ. എൽ. ററി.]

അയോഗ്യരും അധർമ്മികളുമായ പട്ടക്കാരും മേല്പട്ടക്കാരും പ്രഭുക്കളും രാജാക്കന്മാരും കത്തോലിക്കാസഭയിൽ ജീവിച്ചിരുന്നുവെന്നു കത്തോലിക്കാ ചരിത്രകാരന്മാർപോലും ഘോഷിക്കുന്നുണ്ടു്. മദ്യപാനികളും വ്യഭിചാരികളും അഴിമതിക്കാരും അന്നും ഇന്നും കത്തോലിക്കാസഭയിലെ അംഗങ്ങളുടെ ഗണത്തിലുണ്ടെന്നുള്ളതു പരസ്യവുമാണു്. ഇങ്ങനെയുള്ള റോമൻകത്തോലിക്കാ സഭയ്ക്കു വിശുദ്ധിയെന്ന ഗുണമുണ്ടെന്നു് ആർക്കു എങ്ങനെ വിശ്വസിക്കുവാൻ സാധിക്കും?

അയോഗ്യരും അധർമ്മികളുമായ പുരോഹിതന്മാരും ജനങ്ങളും ഏതു മതത്തിലും കാണും. അങ്ങനെയുള്ളവരില്ലാത്ത ഏതെങ്കിലും ഒരു മതത്തേയോ, ക്രൈസ്തവസഭാവിഭാഗത്തേയോ ചൂണ്ടിക്കാണിക്കുവാൻ ധൈര്യമുള്ള വിമർശകന്മാരുണ്ടെങ്കിൽ അങ്ങനെയുള്ളവർ തെളിവുസഹിതം മുന്നോട്ടുവരുവാൻ വെല്ലുവിളിച്ചുകൊള്ളുന്നു. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ പാപരഹിതർ കല്ലെറിയട്ടെയെന്നു ക്രിസ്തുനാഥൻ വെല്ലുവിളിച്ചതുപോലെ മാത്രം ഈ വെല്ലുവിളിയേയും സ്വീകരിച്ചാൽ മതിയാകുന്നതാണു്. ഇന്നത്തെ പരിഷ്കൃതയുഗത്തിൽപോലും ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിൽ വഞ്ചകന്മാരും ചതിയന്മാരും വ്യഭിചാരികളും മദ്യപാനികളുമുള്ളതു് ആർക്കാണറിഞ്ഞുകൂടാത്തതു്? എങ്കിലും രാഷ്ട്രാധികാരികൾ അങ്ങനെയുള്ളവരുടെ പൗരത്വം സാധാരണഗതിയിൽ എടുത്തുകളയാറില്ല. രാജ്യദ്രോഹത്തിനോ കൊലപാതകത്തിനോ, ഗുരുതരമായ മററു കുററങ്ങൾക്കോ ശിക്ഷിക്കപ്പെടുന്നവരുടെ പൗരാവകാശത്തെ മാത്രമേ രാഷ്ട്രാധികാരികൾ എടുത്തുകളയാറുള്ളു. അതുപോലെതന്നെ ഗൗരവാവഹവും ധർമ്മാത്മകാപരവുമായ ചില പ്രത്യേക പാപങ്ങൾ ചെയ്യുന്നവർക്കു മാത്രമാണു്, കത്തോലിക്കാസഭ "മഹറോൻ" എന്ന പേരിൽ അറിയപ്പെടുന്ന സഭാഭ്രഷ്ട് നൽകാറുള്ളതു്. എന്നു പറഞ്ഞതുകൊണ്ടു് വ്യഭിചാരം, മദ്യപാനം, കൈക്കൂലി മുതലായവ സത്യവിശ്വാസികളായ കത്തോലിക്കർക്കു് സാധാരണയായി അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നർത്ഥമില്ല. അങ്ങനെയുള്ളവർ മനസ്താപപൂർവ്വം പാപനിവേദനം ചെയ്യാത്തപക്ഷം സത്യവിശ്വാസികളുടെ ആദ്ധ്യാത്മികഭോജനമായ വിശുദ്ധ കുർബാന അനുഭവിക്കുവാൻ അനുവദിക്കപ്പെടുന്നതല്ല. ആണ്ടിലൊരിക്കലെങ്കിലും അങ്ങനെ ചെയ്യണമെന്നു തിരുസഭ കർശനമായി കല്പിക്കുകയും, കൂടെക്കൂടെയുള്ള ദിവ്യകാരുണ്യസ്വീകരണത്തെ വളരെയധികം പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നുണ്ടു്. പാപികളെ രക്ഷിക്കുക എന്നുള്ളതാണല്ലോ മിശിഹാ സ്ഥാപിച്ച സഭയുടെ പരമോദ്ദേശ്യം; അല്ലാതെ പാപികളെ ശിക്ഷിക്കുക എന്നുള്ളതല്ലല്ലോ.

ക്രിസ്തുതന്നേയും തന്റെ സഭയെപ്പററി പറയുന്നതു്, നല്ല ആളുകളും ചീത്ത ആളുകളുംകൂടി കലർന്നുള്ള ഒരു ജനസമൂഹം ആണെന്നാകുന്നു. നല്ല ഗോതമ്പുചെടികളും കളകളും ഒരുമിച്ചുവളരുന്ന ഒരു വയലിനോടും (മത്തായി XIII 24—30) നല്ല മത്സ്യങ്ങളും ചീത്തമത്സ്യങ്ങളും ഒരുമിച്ചു കയറിയിട്ടുള്ള ഒരു വലയോടും (മത്തായി XIII 47) ഗോതമ്പും പതിരും കൂടിക്കലന്ന ഒരു കളപ്പുരയോടും (മത്തായി III 12); ബുദ്ധിയുള്ളവരും ബുദ്ധിശൂന്യരുമായ കന്യകകളോടും(മത്തായി XXV 1—12) ആണല്ലോ മിശിഹാ തന്റെ സഭയെ സാമ്യപ്പെടുത്തിയിട്ടുള്ളതു്. വിശുദ്ധ യോഹന്നാൻശ്ലീഹാ പറയുന്നതുപോലെ, നാമെല്ലാവരും പാപികളാണു്. "നമ്മിൽ പാപമില്ലെന്നു നാം പറയുന്നപക്ഷം, നാം നമ്മെത്തന്നെ വഞ്ചിക്കുകയാണു ചെയ്യുന്നതു്. സത്യം നമ്മിൽ ഇല്ലാതിരിക്കുകയും ചെയ്യും" (I യോഹന്നാൻ 1—8). ഈ സ്ഥിതിക്കു് കത്തോലിക്കാസഭയിൽ ഒരിക്കൽ ഏതാനും പാപികളുണ്ടായിരുന്നു, ഇപ്പോഴുമുണ്ടു്, എന്നുള്ള ന്യായത്താൽ ആ സഭയ്ക്കു വിശുദ്ധിയെന്ന ഗുണമില്ലെന്നു പറയുന്നതു് വേദപുസ്തകത്തിനോ യുക്തിക്കോ അനുഗുണമായിരിക്കുന്നില്ല.

സഭയുടെ ഭരണാധികാരികളായ മാർപ്പാപ്പാമാർ, മെത്രാന്മാർ, പട്ടക്കാർ മുതലായവർ സാധാരണ വിശ്വാസികളെക്കാൾ കൂടുതൽ സുകൃതജീവിതം നയിക്കുവാൻ കടപ്പെട്ടവരാണു്. "കൂടുതൽ കൊടുക്കപ്പെട്ടിട്ടുള്ളവരിൽനിന്നും കൂടുതൽ ആവശ്യപ്പെടുന്നതാണു്" എന്നുള്ള തിരുവാക്യമൊഴിയെ ആസ്പദമാക്കി പറയുന്നപക്ഷം, അധർമ്മികളായ പട്ടക്കാരും മേല്പട്ടക്കാരും സർവ്വശക്തനായ ദൈവത്തിന്റെ തിരുസന്നിധിയിൽ, തങ്ങളുടെ അധികാരവിനിയോഗത്തിന്റെ കർശനമായ കണക്കു പറഞ്ഞേൽപ്പിക്കേണ്ടതായിവരുമെന്നുള്ളതിനു സംശയമില്ല. എന്നാൽ അധർമ്മികളായ ചുരുക്കം ചില പട്ടക്കാരും മേല്പട്ടക്കാരും പാപ്പാമാരും സഭാചരിത്രത്തെ കളങ്കപ്പെടുത്തുന്നുണ്ടെന്നുള്ളതുമൂലം, കത്തോലിക്കാസഭയ്ക്കു മൊത്തത്തിൽ വിശുദ്ധിയില്ലെന്നു പറയുന്നതു് യുക്തിയുക്തമായിരിക്കുന്നതല്ല. ഒരു തോട്ടത്തിൽ നല്ല മധുരമുള്ള മാങ്ങ കായിച്ചു്, വിളഞ്ഞു്, പഴുക്കുക സാധാരണമായിരിക്കെ, ഒരുദിവസം തോട്ടമുടമസ്ഥൻ ആ

# ചെറുകഥ

## ഒരു പുതിയ മനുഷ്യൻ ജനിക്കുന്നു

[മാത്യു മുത്തുമല]

വക്കച്ചൻമുതലാളിയുടെ പാമ്പിൽ താമസക്കാരിലൊരാളാണു തൊമ്മി. ഒരു പ്രാരബ്ധക്കാരനായ അയാൾക്കു നാലാൺകുട്ടികളും മൂന്നു പെൺമക്കളുമാണുള്ളതു്. മൂത്തമകൾ റോസക്കു് കെട്ടുപ്രായം കഴിഞ്ഞെങ്കിലും, തൊമ്മി അതറിഞ്ഞമട്ടേയില്ല.

പ്രഭാതസൂര്യൻെറ കനകരശ്മികൾ അവരുടെ കുടിലിനെ ചുംബിച്ചുണത്തുന്നതിനു മുമ്പുതന്നെ അന്നച്ചേട്ടത്തി കെട്ടിയവനെ വിളിച്ചുണർത്തിക്കഴിയും. അവർ തിളപ്പിച്ച കട്ടൻകാപ്പിയും മോന്തി അയാൾ പണിക്കുപോകും. പണിയായുധമായ മഴുവങ്ങനെ തോളിൽ തൂക്കിയിട്ടിരിക്കും, മുതലാളിയുടെ "മുതലാളിക്കട"പോലെ തന്നെ.

വെയിലും മഴയുമൊന്നും കൂട്ടാക്കാതെ അയാൾ വന്മരങ്ങളെ വെട്ടിത്താഴെയിടും. ആർക്കുവേണ്ടിയാണെന്നോ? അന്തോനിച്ചേട്ടനു വേണ്ടി. അയാളവിടത്തെ ഒരു പേരുകേട്ട തടിക്കച്ചവടക്കാരനാണു്. ഈയിടെയെങ്ങും തുടങ്ങിയ ഏർപ്പാടല്ല അതു്. തുടങ്ങിയിട്ടു വർഷങ്ങളെട്ടുപത്തായി. തൊമ്മിയാണു് അയാളുടെ സ്ഥിരം തടിവെട്ടുകാരൻ. വേറെ വെട്ടുകാരില്ലാഞ്ഞിട്ടല്ല, അവരുടെ ഇരുപ്പങ്ങനെയാണു ചെറുപ്പംമുതലേ. ആദ്യം ഒന്നോ രണ്ടോ രൂപയേ കിട്ടിയിരുന്നുള്ളു തൊമ്മിക്കു്. പക്ഷെ ഇന്നു കൂലികൂടി. മൂന്നു രൂപയാണിന്നു തൻെറ ദിവസക്കൂലി. കാര്യമെന്തൊക്കെയായാലും അതിയാനൊരു നിർബന്ധമുണ്ടു്; സ്വല്പം മരവെള്ളം മോന്തണം. അയാൾ പറയാറുണ്ടു്, അതാണു തൻെറ തടിയെ താങ്ങിക്കൊണ്ടു നടക്കുന്നതെന്നു്. അതിലല്പം വാസ്തവവുമുണ്ടു്. അതാണു കിട്ടുന്ന പണവുമായി ഷാപ്പിലേക്കു നടക്കാൻ കാരണം. പക്ഷേ കുടിക്കാൻ തുടങ്ങിയാൽ ബഹുരസം! കൈയിലെ കാശു തീരുന്നതിഷ്ടനറിയുകയില്ല. ചിലപ്പോൾ കുടിച്ചുകുടിച്ചു കാശു തീരുമ്പോൾ കടംപറഞ്ഞു കുടിക്കും. മനസ്സായിട്ടല്ല, അതങ്ങനെയൊക്കെയങ്ങു വന്നുപോകും. കറിയും തൊട്ടുകൂട്ടിയിരിക്കുമ്പോളൊരു രസം! സമയം കിട്ടുമ്പോഴൊക്കെ വരാലു വെള്ളമെടുക്കുന്നതുപോലെ പുള്ളിക്കു മോന്തിക്കൊണ്ടിരിക്കണം.

കുടി മൂത്താലല്പം പ്രസംഗിക്കണമെന്നു തോന്നും. പിന്നെ സ്വല്പം പാട്ടും. എന്നിട്ടാണു വീട്ടിലേക്കു തിരിക്കുക. തെറിയും തെറിച്ചും ആടിയും പാടിയുമയാൾ വന്നുകയറുമ്പോഴാണാ വീടിനു ജീവൻ വീഴുക.

ഒരു ദിവസം കുഞ്ഞാക്കുഞ്ഞിരുട്ടത്തു് തൊമ്മിയിതാ വന്നു കയറിയിരിക്കുന്നു. ചൂട്ടുമില്ല വെട്ടവുമില്ല. അന്നച്ചേട്ടത്തി തിണ്ണയിൽ ഭർത്താവിനെ പ്രതീക്ഷിച്ചിരുപ്പുണ്ടായിരുന്നു. ഏറെക്കാലമായി ആ പതിഭക്തയുടെ പതിവാണതു്. അവക്കതൊരു ബുദ്ധിമുട്ടായി തോന്നിയിരുന്നില്ല.

"എൻെറ ചോറുവിളമ്പെടീ" അന്നച്ചേട്ടത്തിയെ കണ്ടപ്പോഴെ തൊമ്മി ആജ്ഞാപിച്ചു. അവക്കതിനുത്തരമില്ലായിരുന്നു മൗനമല്ലാതെ. നാഴിയരികൊണ്ടുണ്ടാക്കിയ പൊടിയരിക്കഞ്ഞി ഏഴെണ്ണത്തിനു പങ്കിട്ടുകൊടുത്തശേഷമാണു് അവരാ തിണ്ണയിൽ കുത്തിയിരിക്കുന്നതു്, രൂപായും കൊണ്ടുവരുന്ന വീട്ടുകാരനെ നോക്കി. വയറൊട്ടി, ചങ്കുന്തി, വിശപ്പു സഹിയാതെ തളർന്നുറങ്ങുന്ന ആ മക്കളുടെ ചിത്രമവർ മുമ്പിൽ കണ്ടു. എങ്കിലുമവർ മൗനമായിരുന്നു.

"നീ കേട്ടില്ലേടീ?" പിന്നെയുമാ ചോദ്യം.

അവക്കറിയാം അടുത്ത പ്രോഗ്രാമെന്താണെന്നു്. എങ്കിലുമവർ പറഞ്ഞു: "കഞ്ഞിവെക്കാനരിയില്ലാർന്നു!"

"അരിയുണ്ടോന്നല്ലെടീ ചോദിച്ചെ; ചോറു വിളമ്പാനാ." അന്നച്ചേട്ടത്തി ഒന്നും മിണ്ടിയില്ല.

"നിൻെറ വായിലെന്താടീ പറക്കുളി! ഹ! നിൻെറയൊരന്തസ്സു്!" അയാളവരെ പ്രഹരിക്കാൻ തുടങ്ങി. അന്നച്ചേട്ടത്തി ഏങ്ങലടിച്ചു കരഞ്ഞു. ഉറക്കമുണന്ന കുട്ടികൾ പൊട്ടിക്കരഞ്ഞു. തൊമ്മി അവക്കുംകൊടുത്തു സമ്മാനം. നെഞ്ചത്തടിയും കൂട്ടനിലവിളിയുമായിരുന്നു പിന്നീടു നടന്നതു്.

അയല്ക്കാർ പലരുമിതറിഞ്ഞു. ശബ്ദം കേട്ടാലവർക്കറിയാം തൊമ്മി വന്നിട്ടുണ്ടെന്നു്. അവരതിലൊരു പുതുമയും കണ്ടില്ല. അതുകൊണ്ടാരും തിരിഞ്ഞു കയറുകയേയില്ല!

ഒരു ബഹളം കഴിഞ്ഞപ്പോഴെല്ലാം ശാന്തമായി. അന്നച്ചേട്ടത്തിക്കിതൊരു പതിവായതുപോലെ തോന്നി. അവരുടെ ഹൃദയം വെണ്ണനെയ്പോലായിരുന്നു. അവക്കു തൊമ്മിയെന്ന തൻെറ ഭർത്താവിനെ വലിയ കാര്യവുമാണു്! അയല്ക്കാർ ശബ്ദം കേട്ടു കാര്യമന്വേഷിച്ചാൽ "ആ, അതിയാൻ വന്നതാ. ഇച്ചിരി വെള്ളംവല്ലോം കഴിച്ചിട്ടുണ്ടെങ്കിൽ വല്ലതും പറഞ്ഞെന്നുവരും!" എന്നാണു പറയുക. ആ പതിഭക്ത അതെല്ലാം മൂടിവയ്ക്കാൻ ശ്രമിക്കും.

* * *

അങ്ങനെയിരിക്കുമ്പോഴാണാ ധ്യാനം വന്നതു്. ഭക്തസംഘടനകളെല്ലാംകൂടി അതിനു മുമ്പോട്ടു വന്നു. സത്യാരാധനസംഘക്കാരും വിൻസെൻറു് ഡി പോളുകാരുമായിരുന്നു ഏറ്റം വലിയ പ്രവർത്തകർ. മുതലാളി മാത്തച്ചനും ചാണ്ടിച്ചനുമൊക്കെയുണ്ട തിൽ. തൊഴിലാളികളുടെ ഏകാന്തധ്യാനത്തിനാണവരുടെ ശ്രമം. അതിനവർ പാവപ്പെട്ടവരുടെ തെരുവുകളിലേക്കിറങ്ങിയിരിക്കയാണാളുപിടിക്കാൻ.

അവർ തൊമ്മിയുടെ വീട്ടിലേക്കു ചെന്നു. രാത്രിയായിരുന്നു; പൂനിലാവൊഴുകിക്കൊണ്ടിരുന്നു. മേഘങ്ങൾ ധ്യാനത്തിലാണ്ടവരെപ്പോലെ അനക്കമില്ലാതെ നിന്നു. രാത്രി മയങ്ങിക്കഴിഞ്ഞിരുന്നു. തൊഴിലാളികളെ കാണാൻ രാത്രിയിലാണു സൗകര്യമെന്നുറച്ചിറങ്ങിയതാണവർ.

"തൊമ്മീ..." അവർ വിളിച്ചു. തൊമ്മി കൂർക്കംവലിച്ചുറങ്ങുകയായിരുന്നു. നീരേയുടെ മടിയിൽ ആ പരവശൻ തലചായ്ച്ചു വിശ്രമിക്കുകയായിരുന്നു. പുളിച്ച മദ്യത്തിൻെറ ദുർഗ്ഗന്ധമവിടെ തങ്ങിനിന്നിരുന്നു.

"തൊമ്മീ" മാത്തച്ചൻ വീണ്ടും വിളിച്ചു.

"ആരാടാ അതീ രാത്രീൽ."

"ഞങ്ങളാ."

"നിങ്ങളെന്നു വച്ചാൽ...? പേരില്ലേടാ നിങ്ങൾക്കു്...?" അന്നച്ചേട്ടത്തി ചെവിയിലെന്തോ മന്ത്രിച്ചു.

"ആ നിങ്ങളാണോ? എന്നാ ഈ രാത്രീല്?" കണ്ണു തിരുമ്മിക്കൊണ്ടയാൾ ചോദിച്ചു.

"ഏകാന്തധ്യാനം നടത്തുന്ന വിവരമറിഞ്ഞില്ലേ തൊമ്മി. ചൊവ്വാഴ്ചയാണു തുടങ്ങുന്നതു്; നീ അതിനു വരണം."

"ഞാൻ ചെലപ്പം ധ്യാനിക്കാറുണ്ടു്. മിക്കവാറുമേകാന്തമായിട്ടുമാ. ഇതൊക്കെ നിങ്ങൾക്കൊള്ളുതല്ലേ, മുതലാളിമാർക്കു്? നാളെ തടിവെട്ടാൻ പോണം. അല്ലേ വീടു പഞ്ഞമാ."

അന്നച്ചേട്ടത്തിക്കു ചിരിക്കാൻ തോന്നി. അല്ല വീടു പഞ്ഞമാണെന്നു്! "വീട്ടുചിലവും, ധ്യാനച്ചിലവും ഞങ്ങളേററിരിക്കുന്നു. നീ അങ്ങു വന്നാമതി." മാത്തച്ചൻ പറഞ്ഞു.

അതൊരു നല്ല കാര്യമാണു്. മൂന്നുദിവസത്തെ ചിലവു നടക്കും. പിന്നെ പോയാലെന്നാ? അയാളോർക്കുകയായിരുന്നു. "എന്നാലങ്ങനെയാട്ടെ" അയാൾ സമ്മതിച്ചു.

തൊമ്മി ധ്യാനത്തിൽ സംബന്ധിക്കുന്നുണ്ടായിരുന്നു. അയാൾക്കാ അച്ചനെ നന്നായിഷ്ടപ്പെട്ടു. മുതലാളിമാരെപ്പോലുമങ്ങേർ ശരിപ്പെടുത്തുന്നു! "എന്തു രസമാണു് ആ വയ്പന. ഇടയ്ക്കോരോ കഥയും!"

മദ്യപാനത്തെപ്പററി പറഞ്ഞതു് തൊമ്മിക്കു പിടിച്ചില്ലായിരുന്നു. പക്ഷേ അതും രസിക്കാൻ തുടങ്ങി. തന്നോടുതന്നെയാണു പറയുന്നതെന്നു തോന്നി. വീട്ടുകലഹങ്ങളും, കത്തിക്കുത്തുകളും, കൊലപാതകവുമദ്ദേഹം വിവരിച്ചപ്പോൾ തൊമ്മി കരഞ്ഞുപോയി. അയാൾ മുഖം കുനിച്ചിരുന്നു. പശ്ചാത്താപത്തിൻെറ ലോകത്തിലായിപ്പോയിരുന്നു തൊമ്മി.

ഒരു ദൃഢനിശ്ചയത്തോടെയവൻ വീട്ടിലേക്കോടി. അയാളുടെ ഹൃദയം കുതിച്ചുചാടിക്കൊണ്ടിരുന്നു. ഒരു പുതിയ മനുഷ്യൻ ജനിക്കുകയായിരുന്നു. പഴയ തൊമ്മിയുടെ പ്രേതത്തിൽനിന്നു് ഒരു പുതിയ തലമുറ വളർന്നുകഴിഞ്ഞിരുന്നു.

ഭർത്താവിനൊരു അഴകുവന്നതുപോലെ അന്നച്ചേട്ടത്തിക്കു തോന്നി. ആ പാവത്തിനു ചോരയും നീരുമുണ്ടായി. അവക്കൊരു പുതിയ ജീവൻ വീണു. മക്കളുടെ മുഖത്തു രക്തപ്രസാദമുണ്ടായി. അവരാഹ്ലാദിച്ചു.

തൊമ്മിയുടെ ഹൃദയാന്തർഭാഗത്തു വാടിക്കിടന്ന കുടുംബസ്നേഹത്തിൻെറ തൈയു് ഒരാൽവൃക്ഷം പോലെ വളർന്നുകഴിഞ്ഞു. തൊമ്മി കള്ളുഷാപ്പിൻെറ അടുത്തുകൂടി പോകാറുണ്ടു്. പക്ഷേ അങ്ങോട്ടെത്തി നോക്കാറുപോലുമില്ല. അതു കാണുമ്പോളയാൾ ഞെട്ടും. അയാൾ കാലുകളെ നീട്ടി നീട്ടി കുത്തിക്കൊണ്ടിരിക്കും.

—o—

തോട്ടത്തിൽക്കൂടി നടക്കുമ്പോൾ കേട്ടുപിടിച്ചു വാടിപ്പഴുത്ത ഒന്നോ രണ്ടോ മാങ്ങ ഒരു മാവിൻചുവട്ടിൽക്കിടന്നു കിട്ടിയാൽ, അതു് ആ മാവിൻെറ കുറവമാണെന്നു വല്ലവരും വിചാരിച്ചെന്നു വരുമോ? മാർപ്പാപ്പാമാരുടെ ആകത്തുക 264 ആണു്. അവരിൽ 76 പേർ പുണ്യവാന്മാരെന്നു പേരുവിളിക്കപ്പെട്ടിട്ടുള്ളവരാണു്. ബാക്കിയുള്ളവരിൽ, ജോൺ പന്ത്രണ്ടാമൻ (955—964) ബെനഡിക്ട് ഒൻപതാമൻ (1024—1032), അലക്സാണ്ടർ ആറാമൻ (1492—1503) എന്നിങ്ങനെ ചുരുക്കം ചില പാപ്പാമാർ മാത്രമേ അയോഗ്യന്മാരായിട്ടറിയപ്പെട്ടിട്ടുള്ളു. ബാക്കിയുള്ള അനേകം മാർപ്പാപ്പാമാരെപ്പററി യാതൊരുത്തരും സാരമായ ദോഷാരോപണങ്ങൾ നടത്തിയിട്ടില്ല. മിശിഹായുടെ അപ്പസ്തോലന്മാരിൽപോലും ഒരാൾ അധമ്മിയും നീചനുമായിരുന്ന സ്ഥിതിക്കു്, മേല്പറഞ്ഞ ചുരുക്കം ചില മേല്പട്ടക്കാരുടെ ജീവിതപരിശുദ്ധിവിഹീനത, കത്തോലിക്കാസഭയുടെ മൊത്തം വിശുദ്ധിയെ മലിനപ്പെടുത്തുകയില്ലെന്നുള്ളതു് സ്പഷ്ടമാണല്ലോ. മെയിററ്ലണ്ടു് എന്ന അകത്തോലിക്കാ ചരിത്രകാരൻ ഏതത്സംബന്ധമായി പറഞ്ഞിട്ടുള്ള ഒരു വാക്യം ഈ ഘട്ടത്തിൽ പ്രത്യേകം സ്മരണാർഹമാണു്: "It appears to be the testimony of history that the monks and clergy were at all times and places better than the people." അതായതു് "സന്യാസികളും പട്ടക്കാരും എല്ലാ കാലത്തും എല്ലാ സ്ഥലങ്ങളിലും ജനങ്ങളെക്കാൾ നല്ലവരായിരുന്നുവെന്നാണു് ചരിത്രത്തിൻെറ സാക്ഷ്യം."

(തുടരും)




സംഭവകഥ

## രണ്ടു കുസൃതിക്കുട്ടകൾ

[ടി. പള്ളിപ്പുറത്തുശേരി]

1775. അതൊരു ജൂബിലിവത്സരമായിരുന്നു. അതീതകാലങ്ങളിലെപ്പോലെ തീർത്ഥയാത്രക്കാർ റോമിൽ തടിച്ചുകൂടിത്തുടങ്ങിയിട്ടുണ്ടു്. പള്ളികളിലെല്ലാം പ്രത്യേകപ്രാർത്ഥനകളും പ്രദക്ഷിണങ്ങളും നടത്തുക പതിവാണു് ആ വർഷത്തിൽ. ഓസിമാ എന്ന ഇററാലിയൻ ഗ്രാമത്തിലും ഇതുപോലെ ഒരു പ്രദക്ഷിണം നടത്തുന്നുണ്ടു്. നമ്മുടെ കുസൃതിക്കുട്ടകൾ രംഗപ്രവേശം ചെയ്യുന്നതിവിടെയാണു്.

ഭക്തിസംവർദ്ധകമായ ആ പ്രദക്ഷിണം അങ്ങനെ നടന്നുകൊണ്ടിരിക്കുന്നു വലിയ ഒരു ജനക്കൂട്ടവും അതിൽ പങ്കെടുക്കുവാനുണ്ടു്. ഏററവും മുൻപിൽ പോകുന്നതു് കുരിശു വഹിക്കുന്ന ആൾ. അയാളുടെ ഇരുവശങ്ങളിലുമായി ബ്രാസ്സുകൊണ്ടുള്ള ഓരോ മെഴുകുതിരിക്കാലുകൾ വഹിക്കുന്ന രണ്ടു അൾത്താരക്കുട്ടികളും— കാസ്റ്റിഗ്ലിയോനും ഡല്ലാ ജൻഗായും— ഉണ്ടു്. ഇങ്ങനെ പ്രദക്ഷിണത്തിൻെറ തലയ്ക്കൽ നടക്കുന്ന ഈ കുട്ടികൾതന്നെ പരിപാവനമായ ആ ചടങ്ങിനു കളങ്കം തേച്ചു. അവർ തമ്മിൽ ഏതോ പിശകുണ്ടായി അതു മററുള്ളവരുടെ ശ്രദ്ധയിൽ പെടുന്നതിനു മൻപേ കാസ്റ്റിഗ്ലിയോൺ മെഴുകുതിരിക്കാലുകൊണ്ടു് കൂട്ടുകാരൻെറ തലയ്ക്കിട്ടു് നല്ല ഒരു "താങ്ങു"വച്ചുകൊടുത്തു. കോഴിമുട്ടയുടെ വലിപ്പത്തിൽ ഒരു മുഴ ഡല്ലാജൻഗായുടെ തലയിൽ അങ്ങനെ ഉരുണ്ടുകൂടിക്കിടന്നു.

ചുററും നിന്നിരുന്നവർ ഈ കാഴ്ചകണ്ടു് അമ്പരന്നുപോയി.

"ഈ കൊച്ചു "തെമ്മാടി"കൾ മേലോട്ടുവരുമ്പോൾ എന്തായിരിക്കും അവസ്ഥ?"

"ഒരു ഭക്തകൃത്യം നടന്നുകൊണ്ടിരിക്കുന്ന ഈ സമയത്തു് ഇങ്ങനെ വഴക്കടിക്കുന്ന ഈ കുട്ടികളുടെ ഭാവി എത്ര ഭയാനകമായിരിക്കും!"

"എന്തുചെയ്യാം! എല്ലാം കാലവിശേഷം എന്നല്ലാതെ എന്തുപറയാനാണു്?" സമീപസ്ഥർ ഓരോരുത്തരും അവരവരുടെ ആശങ്കകളും അഭിപ്രായങ്ങളും പ്രകടിപ്പിച്ചു.

എന്നാൽ കാലചക്രത്തിൻെറ തിരിച്ചിലിൽപെട്ടു് ഉരഞ്ഞുക്രമേണ ഈ സംഭവം പലരുടേയും സ്മരണയിൽനിന്നു മാഞ്ഞുപോയി.

നീണ്ട അൻപതു വർഷങ്ങൾ പിന്നെയും മുന്നോട്ടു നീങ്ങി. 1825-ാമാണ്ടു പുഞ്ചിരിയോടുകൂടി പുറത്തുവന്നു. വേറൊരു വിശുദ്ധവത്സരം. ഇപ്പോൾ ഡല്ലാജൻഗായുടെ തലയിലുണ്ടായ മുഴയെപ്പററി ഒരുത്തക്കും ഒരോമ്മയുമില്ല.

ഈ വിശുദ്ധവത്സരത്തിലെ ക്രിസ്തുമസ്സിൻെറ തലേദിവസം സെൻറു് പീറേറഴ്സിൻെറ വാതിൽ ആഘോഷപൂർവ്വം തുറക്കപ്പെട്ടു. ഒരു കർദ്ദിനാൾ പ. പിതാവിൻെറ പക്കൽ ചെന്നു് ആചാരപൂർവ്വം തലകുനിച്ചുശേഷം വെള്ളികൊണ്ടുള്ള ഒരു ചുററിക അദ്ദേഹത്തിൻെറ കൈയിൽ കൊടുത്തു. പ്രാചീനാചാരപ്രകാരം പ. പിതാവു് ആ ദിവസം ചുററിക കൊണ്ടു് കതകിൽ മുട്ടണമെന്നുണ്ടു്. പോപ്പുതിരുമേനി ലെയോ പന്ത്രണ്ടാമൻ ആ ചുററിക കർദ്ദിനാൾ കാസ്റ്റിഗ്ലിയോൻെറ പക്കൽനിന്നു വാങ്ങിക്കൊണ്ടു് തിള

(ശേഷം 8-ാംപേജിൽ)

ആഖ്യായിക

## ബറാബാസ്



### അദ്ധ്യായം 10

## "എന്നാൽ ജീവിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവൻ ആരോ അവൻ മരിക്കുകയില്ല"

[വി. സി. ജോർജ് ബി. എ. എൽ. ററി]

ശീതകാലത്തെ ഇരുൾ അടഞ്ഞ ദിവസങ്ങൾ സന്തോഷരഹിതം, സാവധാനം, കടന്നുപോകുകയാണു്. മരവിക്കുന്ന തണുപ്പും, കടൽക്കാററിൻെറ ജലസിക്തമായ ചൂടും മാറിമാറി അനുഭവപ്പെട്ടു. തലസ്ഥാനനഗരത്തിലും പരിസരങ്ങളിലും പോലും പെരുവഴികൾ കാരമാരി മൂലം സഞ്ചാരയോഗ്യമല്ലാതായിതീർന്നു. ഈ സാഹചര്യങ്ങളിലാണു് സിറിയൻ അതിർത്തിക്കു സമീപം ഒരു റോമൻ ഭടസംഘം തോല്പിക്കപ്പെട്ടുവെന്നും ഇററലിയിൽനിന്നു കൂടുതൽ സൈന്യങ്ങളും ആയുധസാമഗ്രികളും അയച്ചിട്ടുണ്ടെന്നും ബഥാനിയായിലെ ലാസറസിൻെറ ഭവനത്തിൽ അറിവു് കിട്ടിയതു്.

ആഴ്ചയിൽ ഒരിക്കലെങ്കിലും ആ ഭവനം സന്ദർശിക്കാറുണ്ടായിരുന്ന അരിമത്ത്യൻ ജോസഫിനു് സമരം സംബന്ധിച്ച വിവരങ്ങൾ ധാരാളം ലഭിച്ചു. ബഥാനിയാ യെറുസലേമിൽനിന്നു് പതിനഞ്ചു മൈലിലധികം ദൂരെയല്ലായിരുന്നു എങ്കിലും വഴികൾ മോശമായി, സഞ്ചാരസൗകര്യം വളരെ കുറഞ്ഞിരുന്നതുകൊണ്ടു കൂടെക്കൂടെ ജോസഫ് നടത്തുന്ന സന്ദർശനങ്ങൾ ലാസറസിൻെറ അത്യധികമായ കൃതജ്ഞതയ്ക്കു് ഹേതുവായി. പ്രൊക്കുറേറററ് ഒട്ടുവളരെ ക്രുദ്ധനായിത്തീർന്നിരിക്കുകയാണെന്നും, ജെറുസലേമിൽ തന്നെ മർദ്ദനത്തിൻെറ കടിഞ്ഞാൺ മുറുക്കിത്തുടങ്ങിയിട്ടുണ്ടെന്നും ജോസഫ് ഒരിക്കൽ ലാസറസിനെ അറിയിച്ചു. ഏതെങ്കിലും കുററം ആരോപിച്ചു് ഏതാനും പേരെ ബന്ധനത്തിലാക്കി നിർബന്ധിതവേലയ്ക്കു ശിക്ഷിക്കാതെ ഒററ ദിവസം പോലും കടന്നുപോകുവാൻ പീലാത്തോസ് സമ്മതിച്ചിരുന്നില്ല. തൊഴിൽശാലകളിൽനിന്നും, കാരാഗൃഹങ്ങളിൽനിന്നും, അടിയേററു തൊലി പൊളിഞ്ഞവരുടെയും മററു വിധത്തിൽ മർദ്ദിതരുടെയും മുറവിളികൾ സദാ മുഴങ്ങിക്കൊണ്ടിരുന്നു. കാലിക്കൂട്ടങ്ങളെപ്പോലെ തങ്ങളെ അടിച്ചോടിച്ചു് ബന്ധനത്തിലാക്കുമെന്നുള്ള ഭീതികൊണ്ടു അധികമാളുകളും തെരുവുകളിലും പൊതുനിരത്തുകളിലും കൂടി യാത്ര ചെയ്തിരുന്നില്ല. ചെറുസംഘം റോമൻഭടന്മാരെ ആക്രമിക്കുകയും നിശ്ശേഷം കൊന്നൊടുക്കുകയും ചെയ്തുവന്നതിനാലും ഈ വക ആക്രമണങ്ങൾ നഗരവാതിൽക്കൽവരെയെത്തിയിരുന്നതുനിമിത്തവും നൂറാളുകളിൽ കുറഞ്ഞ റോമൻസൈന്യസംഘം സമാധാനപരിപാലനത്തിൽ ഏർപ്പെട്ടില്ല. ആക്രമണങ്ങളും കൊലപാതകങ്ങളും നടത്തിവന്നതാരായിരുന്നുവെന്നു് റോമൻ അധികാരികൾക്കു് നല്ലവണ്ണം അറിയാമായിരുന്നു. എങ്കിലും പ്രതിദിനം ജദിയായിൽ പോലും സംഖ്യയിലും ക്രൗര്യത്തിലും വർദ്ധിച്ചുവന്ന ബറാബാസിൻെറ അനുയായികളിൽ ഒരുവനെപ്പോലും ബന്ധനത്തിലാക്കുവാൻ അവർക്കു സാധിച്ചില്ല. ബറാബാസ് സംഘം സാധാരണയായി ഒരു പ്രത്യേകസമരപദ്ധതിയാണു് തുടർന്നതു്. സൗകര്യം നോക്കി ഒളിവിൽ പതുങ്ങിയിരുന്നു്, അപ്രതീക്ഷിതമായി റോമൻഭടന്മാരെ അതിദ്രുതം ആക്രമിച്ചു് കൊന്നൊടുക്കി അനന്തരം ഓടി രക്ഷപെടുകയായിരുന്നു അവരുടെ നയം. സാമാന്യജനങ്ങൾ ബറാബാസിൻെറ ആളുകൾക്കു് ആവശ്യംപോലെ അഭയം നൽകിയിരുന്നുവെന്നും പലായനവിഷയത്തിൽ അവരെ സഹായിച്ചിരുന്നുവെന്നും ഏറെക്കുറെ അധികാരികൾക്കു ബോദ്ധ്യമായിരുന്നു.


For favours receive



Mrs. Mary Sebastian
Trichur


ഇരുട്ടടഞ്ഞ ഒരു രാത്രി, ധാരമുറിയാതെ മഴ പെയ്തുകൊണ്ടിരുന്നപ്പോൾ, ബഥാനിയായിലെ ലാസറസ് ഭവനത്തിൻെറ പിൻവശത്തുള്ള ഒരു വാതിലിൽ ശക്തിയായ ഒരു മുട്ടുകേട്ടു ലാസറസ് വാതിൽ തുറക്കുകയിൽ ബറാബാസിനെയാണഭിമുഖീകരിച്ചതു്. "നിങ്ങൾക്കു സമാധാനം" എന്നു ലാസറസ് ആശംസിച്ചു.

ബറാബാസ് പ്രത്യുപചാരം കൂടാതെ, "ഞാൻ എസ്രായെ കൊണ്ടുപോകാൻ വന്നിരിക്കുകയാണു്" എന്നു ധൃതിയിൽ പൊറുപൊറുത്തു.

"എസ്രായുടെ സ്ഥിതി അത്രയ്ക്കു ഭേദമായില്ലല്ലോ. അയാളെ ഇപ്പോൾ കൊണ്ടുപോകുന്നതു് അപകടകരമായിരിക്കുകയില്ലേ?" ലാസറസ് ചോദിച്ചു.

"ഇവിടെ താമസിക്കുന്നപക്ഷം മരണം അയാൾക്കു കൂടുതൽ അസന്നിദ്ധമാണു്, ലാസറസ്. ഉടൻതന്നെ അയാളെ കൊണ്ടുപോകണം. റോമന്മാർക്കു അയാളെ ആരോ ഒററിക്കൊടുത്തുവെന്നാണെൻെറ അറിവു്. ഈ വീട്ടിൽ താമസിക്കുന്നതായി അവരെ അറിയിച്ചിട്ടുണ്ടത്രെ. ഒരുപക്ഷെ അയാളെ ബന്ധനത്തിലാക്കാൻ പ്രൊക്കുറേറററുടെ ആൾക്കാർ ഇങ്ങോട്ടിപ്പോൾ വരുന്നുണ്ടായിരിക്കണം. അയാളെ ഇവിടെ കാണാതിരിക്കുക നിങ്ങൾക്കും കൂടുതൽ ഗുണകരമാണല്ലോ. ആകയാൽ അയാൾ വരട്ടെ. താമസം വേണ്ടാ."

ലാസറസ് കെട്ടിടത്തിൻെറ മുകളിലത്തെ നിലയിലേക്കു് ചാടിക്കയറുവാനൊരുങ്ങുകയായിരുന്നു. അപ്പോഴേക്കും എസ്രാ ഗോവണിയിറങ്ങിവരുന്നതു കണ്ടു. ലാസറസും ബറാബാസും തമ്മിൽ നടന്ന സംഭാഷണം അയാൾ കേട്ടിരിക്കണം. അയാളുടെ മുഖം വിളറിയിരുന്നു. കൈവരിയിൽ ആശ്രയിച്ചു ഇറങ്ങിവരവെ അയാളുടെ കരങ്ങൾ വിറയ്ക്കുന്നുമുണ്ടായിരുന്നു.

ബറാബാസ് ധൃതിയിൽ സംസാരിച്ചു: "എസ്രാ, അപകടമായി. തനിക്കു കുതിരപ്പുറത്തു പിടിച്ചിരുന്നോളാമോ?"

"ആവശ്യം വന്നാൽ ചെയ്യണമല്ലോ. പുറപ്പെടുക തന്നെ." എസ്രാ പറഞ്ഞു.

"എന്നാൽ എസ്രാ, തണുപ്പടിക്കാതെ സൂക്ഷിക്കേണ്ടതുണ്ടു്." ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഒരു കമ്പിളിയുടുപ്പെടുക്കുവാൻ ലാസറസ് പോയി. ഉടുപ്പുമായി അദ്ദേഹം എത്തിയപ്പോൾ അശാന്തരമോൻ ബറാബാസ് എസ്രായെ സഹായിച്ചുകൊണ്ടിരുന്നു. ഉടുപ്പുവാങ്ങി അയാൾ എസ്രായുടെ തോളിലിട്ടു അനന്തരം യാത്രോൽസുകനായി ബറാബാസ് പറഞ്ഞു: "ലാസറസ്, നിങ്ങളോടു നന്ദിപറയുവാൻ ഇപ്പോൾ എനിക്കു സമയമില്ല എസ്രായ്ക്കും അപ്രകാരംതന്നെ. അടുത്ത ഭാവിയിൽ ഒരുപക്ഷെ നിങ്ങളോടും നിങ്ങളുടെ ഇഷ്ടജനങ്ങളോടും വെറും വാക്കുകൾകൊണ്ടല്ലാതെ നന്ദികാണിക്കുവാൻ ഞങ്ങൾക്കു അവസരം കിട്ടിയേക്കും."

ഉത്തരക്ഷണം അവരിരുവരും കൂരിരുട്ടിൽ മറഞ്ഞു. ലാസറസ് വാതിലടച്ചു് ശയനമുറിയിലേക്കു പോയി. അവിടെയെത്തിയപ്പോൾ കാര്യത്തിൻെറ ഗൗരവം ലാസറസിനു മുമ്പിലത്തേതിലുമധികം മനസ്സിലായി. എസ്രാ മാത്രമല്ല, താനും തൻെറ സഹോദരിമാരുംകൂടെ അപകടത്തിലാകുമായിരുന്നുവെന്നുള്ള വിചാരം ലാസറസിനെ അസ്വസ്ഥചിത്തനാക്കി. "റോമന്മാർക്കു് അയാളെ ആരോ ഒററിക്കൊടുത്തു.....പ്രൊക്കുറേറററുടെ ആൾക്കാർ ഇങ്ങോട്ടിപ്പോൾ വരുന്നുണ്ടായിരിക്കണം" എന്നിപ്രകാരമുള്ള ബറാബാസിൻെറ വാക്യങ്ങൾ ലാസറസിൻെറ കർണ്ണങ്ങളിൽ പ്രതിധ്വനിച്ചു ഏതാനും സ്വേദകണങ്ങൾ അദ്ദേഹത്തിൻെറ നെററിത്തടത്തിൽ പൊന്തി.

ഒരു വിളക്കുമായി മർത്താ ആ മുറിയിൽ പ്രവേശിച്ചു്, സംഗതിയെന്തെന്നന്വേഷിച്ചു.

"എസ്രാ പോയല്ലോ" ലാസറസ് പറഞ്ഞു.

"ഒളിച്ചോടുകയാണോ ചെയ്തതു്?"

"ആണെന്നും അല്ലെന്നും പറയാം. അയാളെ കൊണ്ടുപോകുവാൻ ബറാബാസ് വന്നിരുന്നു. ഇവിടെ ഒരാൾ ഒളിവിൽ താമസിക്കുന്നുണ്ടെന്നു് ആരോ റോമന്മാർക്കറിവുകൊടുത്തിട്ടുണ്ടെന്നാണയാൾ പറഞ്ഞതു്."

മർത്താ വിഷണ്ണയായി വിളക്കു് ഒരു ബെഞ്ചിന്മേൽവച്ചു് സ്വല്പനേരം ആലോചിച്ചശേഷം പറഞ്ഞു: "നമുക്കുമുപദ്രവമായി."

"നിവൃത്തിയില്ലല്ലോ മർത്താ."

"ഇല്ലയോ? ഒരുപക്ഷെ ഉണ്ടായേക്കും" സഹോദരി പറഞ്ഞു.

ആ സ്ത്രീയാകട്ടെ വിളക്കെടുത്തുകൊണ്ടു് മുകളിലത്തെ മുറിയിൽ ചെന്നു. അവിടെ ഏതൊക്കെ മാററുകയും മറിക്കുകയും ചെയ്യുന്ന ശബ്ദം ലാസറസിനു് കേൾക്കാമായിരുന്നു. എസ്രായുടെ അധിവാസം സംബന്ധിച്ച അടയാളങ്ങളെല്ലാം ഇല്ലാതായി.

(തുടരും)


തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ച ചികിത്സ നിശ്ചയിക്കുന്നതുമാണു്.


(12-ാംപേജ് തുടർച്ച)

യും ചിങ്ങമാസവും? എല്ലാം വിധി!

സഹോദരസ്നേഹം തൊട്ടുതീണ്ടാത്ത ഈ നിർദ്ദയലോകത്തെ കാണേണ്ടെന്നു കരുതി സന്ധ്യ അവളുടെ കറുത്ത മുഖാവരണം വലിച്ചിട്ടു. പാതയിലെ പൈപ്പിൽനിന്നും കുറെ പച്ചവെള്ളം മോന്തിക്കുടിച്ചു്, കേറിക്കിടക്കാൻ ഒരു സ്ഥലമന്വേഷിച്ചുകൊണ്ടു് ആ പിച്ചക്കാരൻ നടകൊണ്ടു. വയസ്സനും രോഗിയുമായ ആ യാചകനു് ആരും സ്ഥലമനുവദിച്ചില്ല. അങ്ങകലെ തീ എരിയുന്നതുകണ്ടു് അങ്ങോട്ടുനടന്നു ആ വൃദ്ധൻ.

ഒരു വൃക്ഷച്ചുവട്ടിൽ ഒരു തള്ളയും മൂന്നു കുട്ടികളും അവരുടെ അന്നു ഇരന്നുകിട്ടിയ മുഴുവൻ സമ്പാദ്യവും ഒരു പൊട്ടച്ചട്ടിയിലിട്ടു് ചൂടുപിടിപ്പിക്കുകയാണു്. അടുപ്പിനു ചുററും അമ്മയും മക്കളുമിരുന്നു എന്തൊക്കെയോ പിറുപിറുക്കുന്നുണ്ടു്.

"അമ്മ.... ഒരപ്പൂപ്പൻ." തള്ളയുടെ ഇളയ "ചിന്നൻ" വൃദ്ധൻെറ വരവറിയിച്ചു. "സജാതീയനായ" ഒരപ്പൂപ്പനെ കണ്ടതു ആ മാതാവിനു സമാശ്വാസമായി. കഷ്ടപ്പാടിൻെറയും, കണ്ണുനീരിൻെറയും കരളലിയിക്കുന്ന അനേകം കഥകൾ അവർ അന്യോന്യം കൈമാറി. അത്താഴംകഴിഞ്ഞു് വൃക്ഷച്ചുവട്ടിൽ, സ്റ്റോക്കുണ്ടായിരുന്ന പഴംതുണികൾ വിരിച്ചു് ആ തള്ളയും മക്കളും കിടന്നു. ഒട്ടകലെയായി വൃദ്ധനും കിടപ്പുറപ്പിച്ചു.

x x x

കാർമേഘങ്ങളാൽ അന്തരീക്ഷം കറുത്തിരുണ്ടു. അർദ്ധരാത്രിയുടെ ഘോരാന്ധകാരത്തെ ഭേദിച്ചുകൊണ്ടു് കിടുകിടെ വിറപ്പിക്കുന്ന ഇടിമിന്നലുകൾ തുടരെ പ്രത്യക്ഷപ്പെട്ടു. മരക്കൊമ്പുകളെ ആഞ്ഞുലച്ചും, പിഴുതെറിഞ്ഞുംകൊണ്ടു് ശക്തിയായ കൊടുങ്കാററു വീശി. "തുമ്പിക്കൈ"വണ്ണത്തിലുള്ള ശക്തിയായ മഴ! ഘോരാന്ധകാരത്തിൽ ഇടിവെട്ടുന്ന കർണ്ണകഠോര ശബ്ദം രാത്രിയുടെ ഭയാനകതയെ വർദ്ധിപ്പിച്ചു.

x x x

പിറേറദിവസം പുലർന്നു. കമ്പനികളുടെ ചൂളംവിളികൾ ഉയർന്നു. ഒരു തോട്ടിൽനിന്നും കുറച്ചു തൊഴിലാളികൾകൂടി ഒരു പടുവൃദ്ധൻെറ ശവശരീരം കയററി കരയിൽക്കിടത്തി. മാറിൽ അമർത്തിപ്പിടിച്ചിരുന്ന കൈ വിടർത്തിയപ്പോൾ ഒരു വെന്തിങ്ങാ പ്രത്യക്ഷമായി. മരിച്ചയാൾ ഒരു ക്രിസ്ത്യാനിയാണെന്നു മനസ്സിലാക്കി വിവരം പള്ളിയിൽ അറിയിച്ചു. നിരാധാരനായ അയാളുടെ ശവസംസ്കാരം നടത്തണമല്ലോ. അവിടത്തെ വിൻസെൻറു് ഡി പോൾ സഖ്യാംഗങ്ങൾ വന്നു വൃദ്ധൻെറ ശവം അടുത്തുള്ള പള്ളിസിമിത്തേരിയിൽ സംസ്കരിച്ചു. ആ കുഴിമാടത്തിൽ പുതുതായി കൂട്ടിയ മൺകൂനയുടെ ചുററിൽനിന്നും ഒരു തള്ളയുടേയും മൂന്നു കുട്ടികളുടേയും ദീനരോദനങ്ങൾ അന്തരീക്ഷത്തിൽ ഉയർന്നുകൊണ്ടിരുന്നു.


# ചുമയുടെ ഉത്ഭവം

ചുമക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ചു് നിരാശരായിത്തീർന്നിട്ടുള്ളവർ, ചുമയുടെ ഉത്ഭവം എപ്രകാരമാണെന്നു് മനസ്സിലാക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ളതുകൊണ്ടു് "ചുമ"യെപ്പററിയുള്ള ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

വളരെ വരണ്ടോ, രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായോ, നാടപോലെ കനംകുറഞ്ഞോ, അല്ലാത്തമായോ, ശബ്ദത്തോടുകൂടിയോ, കൊഴുപ്പോടും രക്തത്തോടുംകൂടിയോ മലം പോയിതുടങ്ങുന്നതുമുതൽ (മലബന്ധമോ അർശസ്സോ ഉത്ഭവിക്കുന്നതുമുതൽ), പക്വാശയത്തിൽനിന്നു് കടലുകളിൽകൂടി മന്ദം മന്ദം കീഴ്പോട്ടിറങ്ങി മലമാർഗ്ഗം വഴി സ്വാഭാവികമായി ബഹിർഗമിച്ചുകൊണ്ടിരിക്കുന്നതായ വായുവിൻെറ കീഴ്പോട്ടുള്ള ഗതി നിമിഷംപ്രതി കുറഞ്ഞുപോകുന്നതാണു്. ദേഹമാസകലം സഞ്ചരിക്കമൂലം ദുഷിക്കയും, അമിതമായി ചൂടുപിടിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന വായു, ഇങ്ങനെ ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്നതിനെ "വായുസ്തംഭനം" എന്നും, "വയറുവീർക്കൽ" എന്നും, "ഗ്യാസ്ട്രബിൾ" എന്നും മററും പറയുന്നു. പ്രകൃത്യാതന്നെ ലഘുവും, ഇളകുന്ന സ്വഭാവത്തോടുകൂടിയതുമായ വായു ചൂടുപിടിക്കപ്പെടുംതോറും പൂർവ്വാധികം വേഗത്തിൽ സഞ്ചരിക്കാറുള്ളതുപോലെ, ഉദരത്തിനുള്ളിൽ കെട്ടിനില്ക്കുമൂലം പിന്നെയും പിന്നെയും ദുഷിക്കുകയും, ചൂടുപിടിക്കപ്പെടുകയും, ഘനംകുറയുകയും ചെയ്തുകൊണ്ടിരിക്കുന്ന വായുവിൻെറ, ഉദരത്തിങ്കൽനിന്നു് അതിവേഗത്തിലുള്ള ഒരുതരം ഊർദ്ധ്വഗമനത്തെയാണു് "വരട്ടുചുമ" എന്നും, "വായുകത്തിച്ചുമ" എന്നും, "കഫമില്ലാത്തതരം ചുമ" എന്നും "എക്കിൾ" എന്നും മററും പറയുന്നതു്. ഇങ്ങനെ "വായുസ്തംഭനം"കൊണ്ടു് ഉണ്ടാവുന്നതുപോലെതന്നെ ഉഷ്ണാധിക്യത്താലോ, നീർവീഴ്ച, ഇന്ദ്രിയസ്ഖലനം, അസ്ഥിസ്രാവം, മൂത്രാധിക്യം മുതലായ രോഗങ്ങൾകൊണ്ടോ മററാ കഫത്തിനും ധാതുക്കൾക്കും ക്ഷയം സംഭവിക്കുന്നതിന്നിടവരുമ്പോഴും (ദേഹം മെലിയുമ്പോഴും) വാത-വായു-കോപത്താലുണ്ടാവുന്നതരം (കഫമില്ലാത്തതരം) ചുമ പിടിപെടുന്നതാണു്.

## പ്രതിവിധികൾ

വായുവിനേയും ചൂടിനേയും വർദ്ധിപ്പിക്കുന്നവകളായ എരിവു്, കയ്പു്, ചവർപ്പു്, പുളി എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, കടല, പയറു്, മോരു് മുതലായ രൂക്ഷദ്രവ്യങ്ങളേയും, യഥാസമയങ്ങളിൽ ഭക്ഷണം കഴിയ്ക്കാതിരിക്കുക, ഉറക്കമൊഴിക്കുക, അമിതമായി സംസാരിക്കുക, കോപിക്കുക (ദേഷ്യപ്പെടുക) വഴിനടക്കുക, മുറുക്കുക, പുകവലിക്കുക മുതലായ കർമ്മങ്ങളേയും നിവൃത്തിയുള്ളേടത്തോളം ഒഴിവാക്കുകയും,
കുടലിലുള്ള കുരുക്കളേയും (അർശസ്സിനേയും), ആമാശയ പക്വാശയങ്ങളുടെ ബലക്ഷയത്തേയും നശിപ്പിച്ചു് ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടുനില്ക്കുന്ന വായു, മലം, മൂത്രം മുതലായവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും (ഓജസ്സിനെ) വർദ്ധിപ്പിക്കുന്നതിനും, വർദ്ധിച്ചിരിക്കുന്ന വാതപിത്തങ്ങളെ (വായുവിനേയും ചൂടിനേയും) ക്ഷയിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന ദ്രാക്ഷാഘൃതം യുക്തമെന്നു് തോന്നുന്നമാത്രയിൽ സേവിക്കുകയും, ശാരിബാദിതൈലം രണ്ടോ, രണ്ടരയോ ഔൺസ് വീതം ആദ്യത്തെ നാലഞ്ചുദിവസംവരെ കഴുത്തിനു് കീഴ്പ്പോട്ടുമാത്രവും, പിന്നീടു് തലയിലും (ദേഹമാസകലവും) തേച്ചു് ഒന്നോ ഒന്നരയോ മണിക്കൂർ കഴിഞ്ഞശേഷം ദേഹത്തിൽനിന്നു് മെഴുക്കമയം അധികമായി നഷ്ടപ്പെടാത്തവിധത്തിൽ കുളിക്കുകയും ചെയ്യുന്നതായാൽ "കഫമില്ലാത്തതരം ചുമ"ക്കു മാത്രമല്ല, ചുമയോടനുബന്ധിച്ചുണ്ടാവുന്നവകളായ ചെസ്റ്റടപ്പു്, നെഞ്ചുവേദന, പള്ളവേദന, പനി, മൂത്രാധിക്യം, തൊണ്ടവരൾച്ച, അഗ്നിമാന്ദ്യം, അരുചി, ഉറക്കക്കുറവു് മുതലായ നാനാവിധ രോഗങ്ങൾക്കുംകൂടി ശമനം സിദ്ധിക്കുമെന്നുള്ളതിനു് പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 120-ൽപരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷദൃഷ്ടാന്തമാണു്. "കഫംവരുന്നതരം ചുമ" എന്ന പ്രസിദ്ധീകരണത്തിൽനിന്നു് "കഫമുള്ളതരം ചുമ"യെപ്പററിയുള്ള വിവരങ്ങൾ അറിയാവുന്നതാണു്.

ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ കുപ്പി 1ക്കു് 4–0–0
ശാരിബാദിതൈലം 19 ഔൺസ് കുപ്പി 1ക്കു് 3–0–0

3–6–0 ൽകൂടുതൽ വാങ്ങുന്നവർക്കു് ഉപയോഗക്രമങ്ങളടക്കം ടി ഔഷധങ്ങൾ രജിസ്റ്റേർഡു പാർസലായി (പോസ്റ്റുമാർഗ്ഗം) അയച്ചു് കൊടുക്കുന്നതാണു്.

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, പാലക്കാടു്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ്സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

# കാളൻ, നെല്ലായി.

Reg. No. M. 2293

# Sathya Deepam

Vol. 29 | Ernakulam October 19, 1955 | No. 11

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം




1. മാനീലാ ഉൾക്കടൽത്തീരത്തു ഫിലിപ്പൈനിൽ ലൂസീറായുടെ ഭവനം.
2. എട്ടു വയസ്സുമാത്രം പ്രായമുള്ള ലൂസീറാ.
3. ലൂസീറായുടെ ക്ലാസ്സുമുറി. വേദപാഠക്ലാസിൽ സിസ്റ്റർ ജപമാലയെപ്പററി സംസാരിക്കുന്നു.
4. മതകാര്യങ്ങളിൽ അശ്രദ്ധരും ഭക്തകൃത്യങ്ങളെ വെറുത്തിരുന്നവരുമായ മാതാപിതാക്കളെപ്പററി ഓർത്തപ്പോൾ ലൂസീറാ സങ്കടപ്പെട്ടു കരഞ്ഞു.
5. മാതാപിതാക്കളുടെ മാനസാന്തരത്തിനായി കപ്പേളയിലെ മാതൃസ്വരൂപത്തിനു മുമ്പിൽ ലൂസീറാ ഹൃദയം നൊന്തു പ്രാർത്ഥിച്ചു.
6. ഉദ്ദേശ്യസാദ്ധ്യത്തിനുവേണ്ടി ലൂസീറാ അനേകം ത്യാഗപ്രവൃത്തികൾ അനുഷ്ഠിച്ചു. ഊട്ടുമേശയിൽ നല്ല ആപ്പിൾ പഴങ്ങൾ ഉപേക്ഷിച്ചു പുഴുക്കുത്തുള്ളവയെ തിരഞ്ഞെടുത്തു.
7. വികൃതിക്കുട്ടനായ കുഞ്ഞാങ്ങള ലൂസീറായുടെ പുസ്തകത്തിലെ കടലാസു വലിച്ചുകീറി പടം വരച്ചു. അവൾ ക്ഷമിച്ചു മാതാപിതാക്കന്മാരുടെ മാനസാന്തരത്തിനു കാഴ്ചവച്ചു.
8. കുടുംബാംഗങ്ങൾ അത്താഴം കഴിഞ്ഞു വിശ്രമമുറിയിൽ സമ്മേളിച്ചു.
9. നല്ല ലൂസീറാ അമ്മയ്ക്കുപകരം പാത്രങ്ങൾ കഴുകി വൃത്തിയാക്കിയിരുന്നപ്പോൾ പ്രാർത്ഥിച്ചിരുന്നു
10. ദൈവാനുഗ്രഹം ആ കുടുംബനാഥനെ സ്പർശിച്ചുകഴിഞ്ഞിരുന്നു. ലൂസീറായുടെ പിതാവ് അവളുടെ ആഗ്രഹം മനസ്സിലാക്കി അതു നിറവേററുന്നതിനു തീർച്ചയാക്കികഴിഞ്ഞിരുന്നു.
11. പിതാവു പറഞ്ഞതനുസരിച്ചു ലൂസീറാ പാഴ്സൽ എടുത്തുകൊണ്ടുവന്നു അപ്പനെ ഏല്പിച്ചു.
12. അതു തുറന്നു പിതാവു ഒരു മനോഹരമായ മാതൃസ്വരൂപം പുറത്തെടുത്തു. "ലൂസീറാ, റിനാറോ, ഇന്നു മാതാവിന്റെ ജപമാലഭക്തിക്കുള്ള ഒക്ടോബർമാസം ആരംഭിക്കുകയാണു്. അതുകൊണ്ടു നിങ്ങൾ പോയി നല്ല പൂക്കൾ പറിച്ചുകൊണ്ടുവന്നു ഈ തിരുസ്വരൂപം അലങ്കരിച്ചു പ്രതിഷ്ഠിക്കുക. നമുക്കു കൂട്ടമായി എന്നും ജപമാല ചൊല്ലണം" പിതാവു പറഞ്ഞു.
13. ലൂസീറായും റിനാറോയും തോട്ടത്തിൽപോയി പൂക്കൾ പറിച്ചുകൊണ്ടുവന്നു പീഠമലങ്കരിച്ചു.
14. ആ കുടുംബത്തിൽ അന്നുമുതൽ ജപമാല ഭക്തിപൂർവ്വം എന്നും ജപിച്ചുപോന്നു. ലൂസീറായുടെ പ്രാർത്ഥനയും ത്യാഗങ്ങളുംകൊണ്ടു് ഉത്തമ കുടുംബത്തെ സംജാതമാക്കി.

"ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു ജീവിക്കും" എന്നുള്ള മുദ്രാവാക്യം ഓരോ കുടുംബത്തിലും സഫലമാകുന്നതിനു കൊച്ചുലൂസീറാമാരെ എല്ലാം കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും അനുകരിക്കുമോ? കൊന്തയുടെ ഈ മാസം അതിനു പററിയ ഒരവസരമാണു്.

"ഡോമിനിക്കു് സാവിയോ"

കൊച്ചുപുണ്യവാന്റെ

പ്രെയർ ബുക്കു് സൈസ്—ത്രിവർണ്ണചിത്രങ്ങൾ

100ക്കു് വില 4 ക. മാത്രം

ആവശ്യപ്പെടേണ്ടും മേൽവിലാസം:-

Bro. John J. Mailady S. D. B.
S. H. Seminary Poonam allee P. O.
Chingleput Dist.

## "ബാലരംഗം"

### സംഘടനയിൽ അംഗങ്ങളായി ചേർന്നവർ

Reg. No. (തുടർച്ച)

6. ജോണി എൻ. ഒ. മമ്മിയൂർ, ഗുരുവായൂർ P. O., S. മലബാർ
7. അലക്സാണ്ടർ സി. ടി. ചെമ്പിത്താനം, തോട്ടയ്ക്കാട്ടു് P. O.
8. മാണി ടി. വി. വെട്ടിക്കൽ, തിടനാട്ടു് P. O.
9. ജോസ് എം. എം. മൂഞ്ഞേലി ചക്കരക്കടവു, ചെറായി P. O.
10. ജോസഫ് ജെ. മണിയാങ്കരി, അതിരമ്പുഴ P. O.

### 43-ാം നമ്പ്ര പ്രശ്നത്തിന്റെ ഉത്തരം

അദ്ദേഹത്തിന്റെപേർ = ആത്മപിതാവു്

### പ്രശ്നം നമ്പ്ര് 44

(ജോർജ്ജ് ജോസഫ് ചക്കുങ്കൽ എറണാകുളം)

ഞാൻ മലയിലെ തീററിസ്ഥലത്തുനിന്നു എന്റെ കന്നുകളെ ഇറക്കി സമാസമം മൂന്നുവഴിക്കു തിരിച്ചു്, 5 കുളങ്ങളിൽ നനച്ചു്, 7 കുററികളിന്മേൽ കെട്ടി. ആകെ കന്നെത്ര? ഓരോ വഴിക്കും എത്രവീതം തിരിഞ്ഞു? ഓരോ കുളത്തിലും എത്രവീതം കുളിച്ചു? ഓരോ കുററിയിലും എത്രവീതം കെട്ടി?

(ഉത്തരം അടുത്തതിൽ)

### കടംകഥകൾ

(തോമസ് ടി. മണ്ടപത്തിൽ, ഇടമററം)

1. എല്ലാം കുളത്തിലും ജീവിയുണ്ടു; കല്ലൂർകുളത്തിലൊന്നുമില്ല.
2. വാനത്തുനിന്നൊരമ്പഴങ്ങാ വീണു; കുട്ടിപിടിക്കാൻ തെട്ടിയില്ല.
3. ഒരു മരത്തിനു പന്ത്രണ്ടു കൊമ്പും മുന്നൂറററുപത്തഞ്ചിലയും

1. കള്ളൻ. 2. മഴ. 3. വർഷം

ഉത്തരം

ചെറുകഥ

## പിച്ചക്കാരൻ

(തോമസ് സെബാസ്റ്റ്യൻ, അരിമ്പൂർ)

"ഫോ! ഇരപ്പാളി! എണീച്ചു പോടാ."

കട തുറക്കാൻവന്ന കച്ചവടക്കാരന്റെ ഈ "ആട്ടു"കേട്ടാണു് പരീതിന്റെ പീടികത്തിണ്ണയിൽ കേശാദിപാദം മൂടിപ്പുതച്ചു് ഉറങ്ങിക്കിടന്നിരുന്ന ആ പിച്ചക്കാരൻ അന്നുണർന്നതു്. ദുർഗ്ഗന്ധം വമിക്കുന്ന കീറപ്പഴന്തുണിയാൽ അരമറച്ചു്, ഒരു മാറാപ്പു തോളിലേററി, പഴകി ദ്രവിച്ചു മുളംകുററി ഊന്നിപ്പിടിച്ചു് ആ വയോവൃദ്ധൻ നടകൊണ്ടു. നിർമ്മലമായ നീലാകാശത്തേക്കു ദൃഷ്ടിതിരിച്ചു് കൈകൾകൂപ്പി രണ്ടുമൂന്നുമിനിട്ടുനേരം നിശ്ചലനായി നിന്നതിനുശേഷം പാതിവക്കത്തുള്ള ഒരു പുത്തൻമാളികയുടെ പടിവാതില്ക്കലേക്കു പതുക്കെപതുക്കെ നടന്നടുത്തു. ചുക്കിച്ചുളിഞ്ഞ ആ ശരീരത്തിൽനിന്നും ഒരു ഹൃദയവിണ്ണ ഏങ്ങലിടയങ്ങി മീട്ടുവാൻ തുടങ്ങി: "മുതലാ....ളീ വല്ലതും തര...ണേ. അമ്മാ ... വല്ലതും തര....ണേ."

കിഴവന്റെ ദീനരോദനങ്ങൾക്കു്, ഇറച്ചിയും ചോറും തിന്നു് വീർത്തുകൊഴുത്ത ഒരു "കൂററൻ നായ്" യജമാനന്റെ ക്രൂരമനസ്ഥിതിയെ വിളിച്ചറിയിച്ചുകൊണ്ടു് കുരത്തുടങ്ങി. "കുരയ്ക്കും നായ് കടിക്കയില്ല" വൃദ്ധൻ സമാധാനിച്ചു. വയറിന്റെ വിളിക്കു വശംവദനായി അയാൾ പണിപ്പെട്ടു് തന്റെ യാചനാവീണ പിന്നേയും മീട്ടിത്തുടങ്ങി: "മുതലാ...ളീ വല്ലതും...തര...ണേ."

"നേരം വെളുത്തില്ല; വന്നുതുടങ്ങി തെണ്ടികൾ—നശിച്ച ശവങ്ങൾ." പ്രാതൽ കഴിഞ്ഞു മുഖം കഴുകിക്കൊണ്ടിരുന്ന ആ പേരെടുത്ത നേതാവു്—സാധുസംരക്ഷകൻ—പ്രതിവചിച്ചു.

"മുതലാ...ളീ വല്ലതും തരണേ."

"തന്റെ അപ്പൻ ഇവിടെ വല്ല നിധിയും തന്നിട്ടുണ്ടോ വല്ലതും തരാൻ." ഊണും കഴിഞ്ഞു് തൂണും ചാരിനിന്നുകൊണ്ടു് ആ യജമാനൻ ആക്രോശിച്ചു.

അപലപനങ്ങൾ നിത്യവും കേട്ടുകേട്ടു കാതു തഴമ്പിച്ചിരുന്ന ആ പടുവയോധികനു ഇതൊന്നും പുത്തരിയായിരുന്നില്ല. ഒട്ടിയ വയറിനെ പട്ടിണിയാൽ ശോഷിച്ച കരങ്ങളാൽ തടവിക്കൊണ്ടു് ആ അസ്ഥിപഞ്ജരം നടന്നകലാൻ തുടങ്ങി.

പല പടിപ്പുരയിലും മുട്ടി നിരാശനായ ആ യാചകൻ ഒരു പീടികയുടെ മുമ്പിൽ വന്നുനിന്നു: "മുതലാ....ളീ ഒരു ...പിച്ചകാശ്."

ആരും ഒന്നും മിണ്ടിയില്ല. ആ വൃദ്ധൻ മറെറാരു കടയുടെ മുമ്പിലേക്കു നീങ്ങി: "മുതലാളീ...ഒരു പിച്ചക്കാ....ശ്."

"ശനിയാഴ്ച വാ" പെട്ടെന്നൊരു സമാധാനം. വിശന്നുപൊരിയുന്ന വയറിനുണ്ടോ ശനിയാഴ്ച

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1